# ടൈംസ് ഓഫ് അമേരിക്കൻമലയാളി

സാംസ്കാരികം

**TIMES OF AMERICAN MALAYALI**

2019 ഫെബ്രുവരി





Cheif Editor: **George Thazhakara**

Tel: + 944 73 55710, 8921587848

e-mail:**georgethazhakara@gmail.com**

**www.timesofamericanmalayali.com**



മലയാള മനോരമയുടെ ജന്മശതാബ്ദി പതിപ്പിലേക്ക് കേരളത്തിലെ നൂറ് മഹദ്വ്യക്തികളെ തെരഞ്ഞെടുത്തപ്പോൾ വിദഗ്ദ്ധസമിതി ഒന്നാമതായി കണ്ടെത്തിയത് ശ്രീനാരായണഗുരുവിനെ ആയിരുന്നു. എന്തുകൊണ്ട് എന്നു ചോദിച്ച പത്രാധിപർ കെ.എം. മാത്യുവിനു കിട്ടിയ ഉത്തരം 'ജനങ്ങളുടെ അംഗീകാരം ഇത്രത്തോളം കിട്ടിയ മറ്റൊരു വ്യക്തി കേരളത്തിലില്ല' എന്നായിരുന്നു.

**2** പ്രഭാഷണം
**ഗുരുദേവ ദർശനവും ലോകസമാധാനവും**
മാത്യൂസ് വർഗീസ്



**3** കഥ
**കടൽ പറഞ്ഞതും പറയാതിരുന്നതും**
രവിവർമ തമ്പുരാൻ

പല സംഘങ്ങളായി പിരിഞ്ഞ ഡെലിഗേറ്റുകൾ ഇഷ്ടവിഷയങ്ങൾ കേൾക്കാൻ മാത്രമാണു സമയം കണ്ടെത്തിയത്. വർഷത്തിലൊരിക്കൽ നടത്തപ്പെടാറുള്ള അഖിലേന്ത്യാ സമ്മേളനങ്ങളിൽ പലരും പങ്കെടുക്കുന്നതു കുടുംബസമേതമാണ്. പ്രഭാഷണങ്ങൾ കേൾക്കുന്നതിനേക്കാൾ കൂടുതൽ ഔത്സുക്യം കാഴ്ചകൾ കാണുന്നതിനാണ്.

**4** നോവൽ
**ഗൈനക്കോളജിസ്റ്റ്**
ഡോ. കെ.എം. ജോസഫ്



**9** നാടകം
**അയൽക്കൂട്ടം**
ഫ്രാൻസിസ് ടി. മാവേലിക്കര



**10** ലേഖനം
**കല വ്യവസായമാകുമ്പോൾ**
വി.പി. ജയചന്ദ്രൻ

**11** ഫീച്ചർ
**രാജ്യം കായിക മികവിന്റെ ഉയരങ്ങളിൽ**
പ്രസ് ഇൻഫറമേഷൻ ബ്യൂറോ

**16**
**ഭഗവദ്ഗീത**
സി. പ്രസാദ്



അനേകം സംസ്കൃതവ്യാഖ്യാനങ്ങളും പഠനങ്ങളും പരിശോധിച്ച് പ്രതിഭാവിലാസം കൊണ്ട് നടത്തിയ മൊഴിമാറ്റവും വ്യാഖ്യാനവും



**19** കവിത
**ഉറക്കം**
രാജീവ് ആലുങ്കൽ

**ഫീച്ചർ**
**കാർട്ടൂൺ**
**ഫേസ്ബുക്ക് പോസ്റ്റ്**
**വെള്ളിത്തിര**

**20** ആരോഗ്യം
**അർബുദത്തിന്റെ ആദ്യലിഖിതം**
സുരേന്ദ്രൻ ചുനക്കര



നേരിയ നിറ വ്യത്യാസം കണ്ടപ്പോൾ ഒരു ഡോക്ടറെ കണ്ടിരുന്നെങ്കിൽ അത് ചുരണ്ടിക്കളയുന്ന കാര്യമേയുള്ളായിരുന്നു എന്ന് രാഘവൻപിള്ള ഇപ്പോൾ പറയുന്നു. പക്ഷേ..


# സുഗതകുമാരി എന്ന അശാന്തിപർവ്വം

*'ടീച്ചർക്കിങ്ങനെ ശല്യമുണ്ടാക്കി നടക്കാതെ വീട്ടിലിരുന്ന് കവിതയെഴുതിക്കൂടേ...'*
– മുഖ്യമന്ത്രി ഇ.കെ.നായനാർ

*'മരമില്ലാതെ മഴ പെയ്യേലെങ്കിൽ കടലിൽ മഴ പെയ്യോ'*
– മന്ത്രി സി.ജി. ഹാജി

*'സുഗതകുമാരി ആർ.എസ്.എസിന്റെ ഒളിപ്പോരാളിയാണ്'*
– സക്കറിയ

**ജോർജ് തഴക്കര**



പ്രതിഷേധത്തിന്റെയും പരിഹാസത്തിന്റെയും കനൽ വഴികളിലൂടെയുള്ള സഞ്ചാരമായിരുന്നു സുഗതകുമാരിയുടേത്.

ഓർമിച്ചെടുക്കാൻ കഴിയുന്ന കാലം മുതൽ ദുഃഖം ഇഷ്ടപ്പെട്ട സുഹൃത്തായി ഒപ്പമുണ്ടായിരുന്നു.

സ്വകാര്യജീവിതാനുഭവങ്ങളുടെ ദുഃഖമായിരുന്നില്ല; പ്രയാസങ്ങളുടെ സാഹചര്യങ്ങളിലൂടെ സഞ്ചരിക്കേണ്ടിവരുമ്പോൾ കാന്തം ഇരുമ്പിനെ ആകർഷിക്കുന്നതുപോലെ ദുഃഖം സ്വയം ഏറ്റെടുക്കുകയായിരുന്നു.

മലയാള മണ്ണിനും മനസ്സിനും സുഗതകുമാരി എത്രത്തോളം സ്വീകാര്യയാണ്?

ചരിത്രവും സാഹിത്യവുമാണ് അത് വിലയിരുത്തേണ്ടത്. മഴയുടെ, വെയിലിന്റെ, കാറ്റിന്റെ ഭാവപ്പകർച്ചയുള്ള ജീവിതം!

കവി എന്ന നിലയിൽ സുഗതകുമാരി ഏറെ അംഗീകാരത്തിനുടമയാണ്. 1955ൽ ശ്രീകുമാർ എന്ന അപരനാമത്തിൽ മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ച 'വിശ്വവേദിയിൽ' തുടങ്ങി 2018 (ജനുവരി 28) പ്രസിദ്ധീകരിച്ച 'മരമാമരം' വരെ നാനൂറ്റിയമ്പതോളം കവിതകൾ. അഞ്ചുപതിറ്റാണ്ടിന്റെ കാവ്യസമ്പത്ത്.

വരദ ഒരു സരസ്വതിക്ഷേത്രമാണ്. ശ്രീകോവിൽ പോലെ അവിടം മറ്റുള്ളവക്ക് പ്രകാശമാനമായി നിലകൊള്ളുന്നു.

രാപ്പകൽ ഭേദമെന്യേ സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവർ അവിടേക്കു കടന്നു ചെല്ലുന്നു– ഒത്തിരി സന്തോഷത്തിനായി, ഒരു വരി കുറിപ്പിക്കുവാനായി, ഒരു വാക്ക് കേൾക്കുവാനായി. ആദിവാസിയും അമ്പലവാസിയും പൗരോഹിത്യപ്രഭിതികളും മന്ത്രിമുഖ്യരും സാംസ്കാരിക പ്രവർത്തകരും മാധ്യമങ്ങളും ആ സാന്നിധ്യം ഇഷ്ടപ്പെടുന്നു.

അമ്മയിൽ നിന്നും സാഹിത്യത്തിൽ അവഗാഹവും രാജ്യത്തിനുവേണ്ടി ജീവിതം പരിപൂർണ്ണമായി സമർപ്പിച്ച അച്ഛനിൽനിന്നും ദേശിയബോധവും ആർജിച്ചു. അവരിൽ നിന്നും കൈമാറിക്കിട്ടിയ രണ്ടു രൂപങ്ങൾ ആ ജീവിതത്തെ രൂപപ്പെടുത്തി. സ്വാമി വിവേകാനന്ദനും മഹാത്മജിയും. ഇരുവരും പ്രവർത്തനോർജ്ജമായി. രണ്ടു വലിയ സ്വാധീനങ്ങൾ രണ്ടു വഴിക്കുള്ള പ്രവർത്തനങ്ങളിലേക്കാണ് സുഗതകുമാരിയെ നയിച്ചത്.

ആദർശം കവിതയിലും ജീവിതത്തിലും അന്തർധാരയായത് ഗാന്ധിയൻ ചിന്തയിൽ നിന്നുമായിരുന്നു. നിർഭയരായിരിക്കുവാനുള്ള ആഹ്വാനമാണ് സ്വാമി വിവേകാനന്ദനിൽനിന്നും ആർജ്ജിച്ചത്.

1984ൽ സുന്ദർ എന്ന സുഹൃത്ത് തിരുവനന്തപുരം മനോരോഗാശുപത്രിയിൽ നടക്കുന്ന, നടുക്കുന്ന വാർത്തകളുമായെത്തി. ചെറുപ്പക്കാരികളായ മനോരോഗിണികളെ തൊട്ടടുത്തുള്ള പോലീസ് ക്യാമ്പിലെത്തിച്ച് ദുരുപയോഗം ചെയ്യുന്നുവെന്നത് അവയിൽ ഒന്നുമാത്രം. സുഗതകുമാരിയിലെ അശാന്തിപർവ്വത്തിന്റെ ഒരദ്ധ്യായം അവിടെ ആരംഭിക്കുകയായി. അവിടെ കണ്ട കാഴ്ച ഞെട്ടിക്കുന്നതായിരുന്നു. അഞ്ഞൂറുപേരെ പാർപ്പിക്കേണ്ടുന്നിടത്ത് ആയിരത്തിയഞ്ഞൂറിലേറെപ്പേർ! മലമൂത്രങ്ങളും മാലിന്യങ്ങളും നിറഞ്ഞ ദുരിതപൂർണ്ണമായ ജീവിതം. 'വിശക്കുന്നേ ചോറുതായോ...' എന്ന നിലവിളിയാണ് കവയത്രിയെ എതിരേറ്റത്. മനോരാഗാശുപത്രിയുടെ പടികളിറങ്ങിയ സുഗതകുമാരി മറ്റൊരു തുടക്കത്തിന്റെ തുടർച്ചയാകുകയായി. അഭയ എന്ന പ്രസ്ഥാനത്തിനു തുടക്കം അങ്ങനെയായിരുന്നു. കെ.വി.സുരേന്ദ്രനാഥ് പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷനായി. സുഗതകുമാരി സെക്രട്ടറിയും.

➲പേജ് 4

പ്രഭാഷണം



# ഗുരുദേവ ദർശനവും ലോകസമാധാനവും

**മാത്യൂസ് വർഗീസ്**
(എഡിറ്റോറിയൽ ഡയറക്ടർ, മലയാള മനോരമ)

(2017 ഒക്ടോബർ 1ന് ശിവഗിരിയിൽ നടത്തിയ പ്രഭാഷണം).
പ്രശസ്തരുടെ പ്രഭാഷണങ്ങൾ എന്ന കൃതിക്കുവേണ്ടി- **ജോർജ് തഴക്കര**



**മ**ലയാള മനോരമയുടെ ജന്മശതാബ്ദി പതിപ്പിലേക്ക് കേരളത്തിലെ നൂറ് മഹദ്‌വ്യക്തികളെ തെരഞ്ഞെടുത്തപ്പോൾ വിദഗ്ദ്ധസമിതി ഒന്നാമതായി കണ്ടെത്തിയത് ശ്രീനാരായണഗുരുവിനെ ആയിരുന്നു. എന്തുകൊണ്ട് എന്നു ചോദിച്ച പത്രാധിപർ കെ.എം.മാത്യുവിനു കിട്ടിയ ഉത്തരം 'ജനങ്ങളുടെ അംഗീകാരം ഇത്രത്തോളം കിട്ടിയ മറ്റൊരു വ്യക്തി കേരളത്തിലില്ല' എന്നായിരുന്നു. മറ്റ് ആത്മീയഗുരുക്കന്മാരിൽ നിന്നും ഗുരുവിനുള്ള വ്യത്യസ്തത ആധ്യാത്മികതയും ഭൗതികതയും സമന്വയിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചു എന്നുള്ളതാണ്. സിദ്ധാന്തത്തിലും പ്രയോഗത്തിലും മനുഷ്യസമൂഹത്തെ മുഴുവൻ അഭിസംബോധന ചെയ്യാനും അതിൽ വിജയിക്കാനും ശ്രീനാരായണഗുരുവിനു കഴിഞ്ഞു എന്നത് അതിർത്തികളില്ലാത്ത ഗുരുദർശനത്തിന്റെ ആഴം വെളിപ്പെടുത്തുന്നു. ഏറ്റവും ലളിതമായ തത്ത്വങ്ങളിലൂടെയും ഏറ്റവും ലളിതമായ പ്രവൃത്തികളിലൂടെയും ലോകജീവിതത്തിന്റെ രഹസ്യം ഗുരു മനുഷ്യരാശിക്ക് ബോധ്യപ്പെടുത്തി. അദ്വൈതവേദാന്തമാണ് ഭാരതീയദർശനത്തിന്റെ അടിത്തറ. ലോകത്ത് നിരവധി മതദർശനങ്ങളുണ്ടെങ്കിലും എല്ലാംതന്നെ ഏകസത്യത്തിലേക്കു വിരൽ ചൂണ്ടുന്നു എന്ന തിരിച്ചറിവാണ് അദ്വൈതദർശനം പങ്കുവെയ്ക്കുന്നത്. ദാർശനികതലത്തിൽ നിലകൊണ്ട മഹത്തായ അദ്വൈതദർശനത്തെ പ്രായോഗികതലത്തിൽ ലോകനന്മയ്ക്കായി രൂപപ്പെടുത്തിയെടുത്തു എന്നതാണ് ശ്രീനാരായണഗുരുവിന്റെ ചിന്താധാരകളെ എക്കാലത്തും പ്രസക്തിയുള്ളതാക്കുന്നത്.

ലോകമാനവികത നേരിടുന്ന പ്രശ്നങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്യാനും പരിഹാരം നിർദ്ദേശിക്കാനും ഗുരുവിനു കഴിഞ്ഞിട്ടുണ്ട്. അറിവ്, ഐക്യം, അഭിപ്രായം എന്നീ മൂല്യങ്ങളെ കാലത്തിനനുസരിച്ച് നവീകരിക്കേണ്ടതുണ്ടെന്ന് ഗുരു മനസ്സിലാക്കി. ഓരോ കാലഘട്ടത്തിലും മനുഷ്യർ രൂപീകരിക്കുന്ന ജീവിതാഭിപ്രായങ്ങൾ അഥവാ മതങ്ങൾ കാലത്തിനു യോജിച്ചതല്ലെങ്കിൽ അനാചാരവും അസമത്വവും സമൂഹത്തിൽ വേരുപിടിക്കുമെന്ന് ഗുരു തിരിച്ചറിഞ്ഞു. മനുഷ്യനെ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യമാണ് എല്ലാ മതങ്ങളിലുമുള്ളത്. ഗുരു ഊന്നൽ നൽകിയത് ആ ലക്ഷ്യത്തിനാണ് എന്നതിന് ഉദാഹരണമാണ് സർവ്വമതസമ്മേളനം. 1924 മാർച്ച് 3,4 തീയതികളിൽ ആലുവ അദ്വൈതാശ്രമത്തിൽ വെച്ചു നടന്ന സർവമതസമ്മേളനത്തിന്റെ ശില്പി ശ്രീനാരായണഗുരുവായിരുന്നു. 'എല്ലാ മതങ്ങളേയുംപറ്റിയുള്ള ശരിയായ ജ്ഞാനം പരത്തി അവരുടെ ഇടയിൽനിന്ന് മതവിരോധം ഇല്ലാതാക്കണമെന്നുള്ളതാണ് സമ്മേളനത്തിന്റെ മുഖ്യോപദ്ദേശ്യ'മെന്ന് സർവമതസമ്മേളനത്തെക്കുറിച്ച് ഗുരു പുറപ്പെടുവിച്ച അറിയിപ്പിൽ കാണുന്നു. 'വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമുള്ളതാണ്' എന്നതായിരുന്നു സമ്മേളനത്തിന്റെ നയം. സർവമതമൈത്രിക്കും സർവസാഹോദര്യത്തിനും വേണ്ട സ്ഥിരമായ ഒരേർപ്പാട് സമ്മേളനത്തിൽ വച്ചു ചെയ്യണമെന്ന് ഗുരു ഉദ്ദേശിക്കുന്നതായും സ്വാമി സത്യവ്രതൻ എഴുതിയ അറിയിപ്പിൽ കാണുന്നുണ്ട്. 'സർവമതസാരവും ഏകം' എന്ന ഗുരുദേവദർശനം ലോകസമാധാനത്തിനുള്ള വഴികാട്ടിയാണെന്ന് 1924ലെ സർവമതസമ്മേളനം നമ്മെ ബോധ്യപ്പെടുത്തി. ഏഷ്യയിലെ ഒന്നാമത്തെ സർവമതസമ്മേളനമാണ് ആലുവയിൽവച്ചു നടന്നത് എന്ന ചരിത്രബോധത്തിൽ നിന്നുകൊണ്ടുവേണം, ഗുരുവിന്റെ ലോകവിചാരങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കേണ്ടത്. എല്ലാ മതങ്ങളും പഠിപ്പിക്കുന്ന ഒരു പാഠശാല ഗുരുവിന്റെ ലക്ഷ്യമായിരുന്നു. അതിനു മുന്നോടിയായിട്ടാണ് സർവമതസമ്മേളനം സംഘടിപ്പിച്ചത്. അക്കാലഘട്ടത്തിൽ തന്നെ സി.വി. കുഞ്ഞുരാമൻ, ഗുരുവുമായി നടത്തിയ ഒരു സംഭാഷണത്തിൽ ഗുരു പറഞ്ഞത് നാം ശ്രദ്ധിക്കണം: 'ഈ മതപ്പോരിന് അവസാനമുണ്ടാകണമെങ്കിൽ സമബുദ്ധിയോടുകൂടി എല്ലാ മതങ്ങളും എല്ലാവരും പഠിക്കണം. അപ്പോൾ പ്രധാന തത്ത്വങ്ങളിൽ അവയ്ക്കു തമ്മിൽ സാരമായ വ്യത്യാസമില്ലെന്നു വെളിപ്പെടുന്നതാണ്. അങ്ങനെ വെളിപ്പെട്ടു കിട്ടുന്ന മതമാണ് നാം ഉപദേശിക്കുന്ന ഏകമതം.' എല്ലാ മതതത്ത്വങ്ങളും വിശകലനം ചെയ്തു മനസ്സിലാക്കി രൂപപ്പെടുത്തുന്ന നിലപാടാണ് ഏകമതം എന്നാണ് ഗുരു ഇവിടെ വ്യക്തമാക്കുന്നത്. ഗുരു തന്റെ നിലപാടിനെ സാധൂകരിക്കുന്നതു നോക്കുക- 'ഒരു മതാചാര്യന്റെ പേരിൽ പല ആചാര്യന്മാരുടെ ഉപദേശങ്ങളടക്കി അതിനെ ഒരു മതമെന്ന പേർ വിളിക്കാമെങ്കിൽ, പലപല ആചാര്യന്മാരാൽ സ്ഥാപിതങ്ങളായ എല്ലാ മതങ്ങളേയും ചേർത്ത് അതിനെ ഒരു മതമെന്നോ, ഏകമതമെന്നോ, മനുഷ്യമതമെന്നോ മാനവധർമമെന്നോ എന്തുകൊണ്ട് ഒരു പൊതുപേരിട്ടുകൂടാ?'

ഈ ചോദ്യം തന്നെയാണ് ലോകമാനവികതയിലേക്കുള്ള വഴി തുറക്കുന്നത് ലോകസമാധാനത്തിനുവേണ്ടിയുള്ള ഗുരുവിന്റെ ചിന്തകളെ പിന്നീട് പല രീതിയിൽ ശിഷ്യരിലൂടെ ലോകം കണ്ടു. മഹാകവി കുമാരനാശാന്റെ വീണപൂവിൽ

*'ഒന്നല്ലി നാമയി സഹോദരരല്ലി? പൂവേ!*
*ഒന്നല്ലി കൈയിഹ രചിച്ചതു നമ്മെയെല്ലാം'*

എന്നു നാം വായിക്കുന്നുണ്ട്. 'ഒരു ജാതിയിൽ നിന്നല്ലോ പിറന്നീടുന്നു സന്തതി നരജാതിയിതോർക്കുമ്പോളൊരു ജാതിയിലുള്ളതാം' എന്നീ വരികളിലും ഗുരുദേവദർശനത്തിന്റെ മുഴക്കമാണ് നാം കേൾക്കുന്നത്. നാം പല വേഷങ്ങളിലാണെങ്കിലും മനുഷ്യജാതിയിലുള്ളവരാണ് എന്ന് ഗുരുവിന്റെ പ്രബോധനങ്ങൾ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്. സ്വാമി ഏണസ്റ്റ് ക്ളാർക്ക് എന്ന വിദേശയിയെ ശിഷ്യനായി സ്വീകരിച്ചപ്പോൾ ഗുരു നൽകിയ ദീക്ഷാവസ്ത്രം ഒരു ജോഡി പാന്റും കോട്ടുമായിരുന്നു. 'ഇവിടെ സന്ന്യാസത്തിനു വേണ്ടത് കാഷായമല്ല, ത്യാഗമാണെന്ന്' ഗുരു വെളിപ്പെടുത്തുകയും ചെയ്തു. ലോകസമാധാനത്തിനുവേണ്ടി പ്രവർത്തിച്ച എല്ലാ ആചാര്യന്മാരുടെയും ശബ്ദമാണ്, ശ്രീനാരായണഗുരുവിലൂടെ പ്രതിധ്വനിച്ചത്. ലോകപൗരൻ, ലോകപാർലമെന്റ് തുടങ്ങിയ ആശയങ്ങൾ യുക്തിപൂർവ്വം അവതരിപ്പിച്ച നടരാജഗുരു, ഗുരുവിന്റെ ദർശനങ്ങളെ സാർവകാലികമാക്കുകയാണ് ചെയ്തത്. ഗുരുവിന്റെ ദർശനങ്ങളെപ്പറ്റി 1929 മുതൽ ജനീവയിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'സൂഫി ക്വാർ ട്ടർലി'യിൽ തുടർച്ചയായി എഴുതിയ ലേഖനങ്ങൾ ലോകശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. 'രാഷ്ട്രങ്ങളുടെ ഏകതയല്ല, ജനങ്ങളുടെ ഏകതയാണ്' വേണ്ടതെന്ന നിലപാടാണ് ഏകലോകം, ലോകപൗരൻ തുടങ്ങിയ ആശയങ്ങളിലുള്ളത്. ഗുരുവിന്റെ ദർശനത്തെ വിപുലീകരിക്കുകയാണ് ഇവിടെയെല്ലാം. ഭൗതികജീവിതത്തേയും ആധ്യാത്മികജീവിതത്തേയും സമരസത്തിൽ കാണുന്നതിലൂടെ മാത്രമേ ലോകനന്മയും സമാധാനവും ഉണ്ടാവൂ എന്ന സത്യം ഗുരുവിന്റെ ചിന്തകളിലും ചെയ്തികളിലും കണ്ടെടുക്കാം.

'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന' ഒരു ലോകത്തെ സ്വപ്നം കണ്ട ഗുരു ജീവിതാവസാനം വരെ അതിനുവേണ്ടിയാണ് പ്രവർത്തിച്ചത്. മനുഷ്യരുടെ ജാതിയുടെ പേര് മനുഷ്യത്വം എന്നാണെന്ന് 'ജാതിനിർണയം' എന്ന കൃതിയിൽ ഗുരു കുറിച്ചിട്ടു. 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന പ്രസിദ്ധമായ ആപ്തവാക്യത്തിൽ ഗുരു സൂചിപ്പിക്കുന്ന ജാതി മനുഷ്യത്വമാണെന്നത് വ്യക്തം. ഈ ചിന്തയിൽ അടിയുറച്ചുനിന്നുകൊണ്ട് ജീവിതത്തിന്റെ പ്രായോഗിക തലത്തിലേക്ക് അദ്ദേഹം കടക്കുന്നു. 1921ൽ നൽകിയ ഒരു സന്ദേശത്തിൽ 'മനുഷ്യരുടെ മതം, വേഷം, ഭാഷ മുതലായവ എങ്ങനെയിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ട് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിനു യാതൊരു ദോഷവുമില്ല' എന്ന സുചിന്തിതമായ നിലപാട് കാണാം. 'മതപരിഷ്കാരം ഇന്നുള്ള ഏതെങ്കിലും ഒരു മതത്തെ ഉപേക്ഷിച്ച് മറ്റൊരു മതസംഘത്തിൽ ചേരുന്ന ശ്രമം മാത്രമായി കലാശിക്കരുത്. മനസ്സിനു വിശാലത വരുമ്പോൾ മാത്രമേ മതത്തിന്റെ ഉപദേശമാർഗങ്ങളിലേക്ക് കടക്കുവാൻ മനുഷ്യൻ അർഹനാകുന്നുള്ളൂ. ഇന്നുള്ള മതക്കാർ അവരവരുടെ കുടുംബത്തിന്റെ മതാചാരങ്ങളെ പകർത്തുക മാത്രമാണ് ചെയ്യുന്നത്' എന്ന് ഉറപ്പിച്ചു പറയാനും ഗുരു മടിച്ചില്ല. എല്ലാ മതങ്ങളും നമ്മുക്ക് സമ്മതമാണ്' എന്ന് 1916ൽ ഗുരു വ്യക്തമാക്കിയിട്ടുണ്ട്. ആലുവയിൽ നടന്ന സർവമതസമ്മേളനത്തിന്റെ ഒരുക്കങ്ങൾക്കിടയിൽ ചുറ്റും കൂടിനിന്നവരോടായി ഗുരു പറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തിന്റെ മാനവികതാബോധത്തെ കൂടുതൽ തെളിച്ചിടുന്നുണ്ട്. ഗുരു ചോദിക്കുന്നു 'മനുഷ്യർ എന്തിനാണ് വിശ്വാസത്തിന്റെ പേരിൽ അന്യോന്യം പൊരുതുന്നത്? അത് ബുദ്ധിയുള്ളവരുടെ ലക്ഷണമല്ല. എല്ലാവരും സുഖത്തിനായി മാത്രമാണ് സദാ ശ്രമിക്കുന്നതെന്നറിഞ്ഞ് അവരവരുടെ അകതാരടക്കി ശാന്തമായി കഴിയണം. മനുഷ്യർ വേഷത്തിൽ ഭിന്നതയുള്ളവരാണ്. ചിലർക്ക് താടി വയ്ക്കുന്നതിഷ്ടമാണ്. മറ്റുചിലർ മുണ്ഡികളായി നടക്കുന്നു. വിവരമുള്ളവർ ഇതിന്റെ പേരിലൊന്നും ശണ്ഠകൂടാറില്ല. ഭാഷകളിലും വ്യത്യാസമുണ്ട്. അതുകൊണ്ട് മനുഷ്യർ ഭിന്നജാതികളിൽ പെടുന്നു എന്നു തെളിയുന്നില്ല. പിന്നെയെന്തിനാണ് മനുഷ്യർ ഭിന്നത വളർത്തി കലഹിക്കുന്നത്? എല്ലാം വെറുതെ. പോരാട്ടങ്ങൾകൊണ്ട് നാശമേ ഉണ്ടാവുകയുള്ളൂവെന്ന് മനുഷ്യൻ ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. അത്രയും അറിഞ്ഞാൽ അവൻ സമാധാനമുള്ളവനായിത്തീരും.'

ഗുരുവിന്റെ ഈ സാന്ദർഭിക പ്രതികരണങ്ങൾ പോലും ലോകസമാധാനത്തിലൂന്നി നിൽക്കുന്നു എന്നു വ്യക്തമാണ്. മതകലഹമാണ് ലോകസമാധാനം ഇല്ലാതാക്കിയത് എന്ന തിരിച്ചറിവ് ചരിത്രത്തെ നിരീക്ഷിക്കുന്ന ഏതൊരാൾക്കും ലഭിക്കും. മതത്തെയും ജാതിയെയും മനുഷ്യത്വമായി നിർവചിക്കാൻ ശ്രമിക്കുന്ന ശ്രീനാരായണഗുരുവിന്റെ ഇടപെടലുകൾ ആ തിരിച്ചറിവിന്റെ ഭാഗമാണ്. എല്ലാ മതാചാര്യന്മാരുടെയും കാലികപ്രസക്തിയുള്ള അഭിപ്രായങ്ങൾ ക്രോഡീകരിച്ച് സമൂഹത്തെ നവീകരിക്കാൻ ശ്രമിച്ച നാരായണഗുരു തന്റെ ആദർശത്തെ സ്വയം പരീക്ഷിച്ചു വിജയിക്കുകയാണ് ചെയ് തത്. സർവമത സാഹോദര്യവും സമത്വവും പ്രചരിപ്പിക്കുന്നതിനുവേണ്ടി ജീവിതത്തിന്റെ അവസാനവർഷം, ശിവഗിരി കേന്ദ്രമാക്കി അദ്ദേഹം ധർമസംഘം സ്ഥാപിക്കുകയും ചെയ്തു.

കാച്ചികുറുക്കിയുള്ള ഗുരുദേവ വചനങ്ങൾ ലോകസമാധാനത്തിലേക്കുള്ള ചൂണ്ടുപലകകളാണ്. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന വാക്യത്തിൽ മനുഷ്യനു നന്നാകാൻ വേണ്ടി ഏതു

➲ പേജ് 19

കഥ

# കടൽ പറഞ്ഞതും പറയാതിരുന്നതും



രവിവർമ്മ തമ്പുരാൻ

റിസോർട്ടിലെ കോട്ടേജിന്റെ മുറ്റത്ത്....
പടർന്നു നില്ക്കുന്ന നെല്ലിയുടെ ചോട്ടിൽ...
സന്ധ്യയുടെ ചായക്കൂട്ടിനു താഴെ....

മൂടൽ മഞ്ഞിന്റെ നേർത്ത പാടപോലെ അതു സംഭവിച്ചു.

സന്ധ്യയുടെ മഞ്ഞപ്പും മൂടൽ മഞ്ഞും കൂടി കാഴ്ചയ്ക്കു മുമ്പിൽ അർധസുതാര്യമായൊരു തിരശീല പിടിച്ചിരിക്കുന്നു. എങ്കിലും കാര്യങ്ങളെല്ലാം ഒരു കണ്ണാടിയിലെന്നപോലെ വ്യക്തമായിരിക്കുന്നു. എനിക്കെങ്കിലും അപ്പോൾ വീശിയ കാറ്റിന്റെ തണുപ്പ് ഞാനെങ്ങനെ വിശദീകരിക്കും. എനിക്കു മാത്രമുള്ള ഒരു അനുഭൂതിയായിരുന്നില്ലേ അത്. അദ്ദേഹം വലതു കൈകൊണ്ട് ദുപ്പട്ട എടുത്ത് മുഖത്തേക്കിടുമ്പോൾ ശ്വാസം മുട്ടലല്ല തോന്നിയത്. മൂക്കു തുളയ്ക്കുന്ന ഗന്ധമാണ്. സ്വപ്നങ്ങൾ പുഷ്പിക്കുന്നതിന്റെ ഹൃദയ സ്പൃക്കായൊരു ഗന്ധം. മണമേറ്റിട്ടാവാം തേൻകൊതിയനൊരു വണ്ട് നെല്ലിയിലെ പൂക്കളിലൊന്നിൽ പറന്നിരുന്നു. എന്റെ മനസ്സാകട്ടെ ചിറകു പിടിപ്പിച്ച് അവിടെയൊക്കെ പറന്നുല്ലസിച്ചു.

സംഗീതത്തിന്റെ രാത്രിയായി. അവരെല്ലാം ആഘോഷത്തിൽ. പല തരം ബ്രാൻഡുകൾ. സ്നാക്സും വേണ്ടതിലധികം- ചിക്കനും മട്ടനും ബീഫുമൊക്കെ. പെണ്ണാണെന്ന നിസാരഭാവത്തോടെയാണ് ചിലരെങ്കിലും കണ്ടത്. വേണമെങ്കിൽ വൈൻ വാങ്ങാമെന്ന് ഹരി പറഞ്ഞു. അവനെ വെറുതെ വിടാൻ തോന്നിയില്ല. ചെവിയിൽ ഇങ്ങനെ പറഞ്ഞു: “എടാ എനിക്കു വേണ്ടത് സ്കോച്ചാണ്.”

പക്ഷേ തോമസ് ചാണ്ടി ആലോചിച്ചത് മറ്റൊന്നാണെന്ന് ആ നോട്ടം പറഞ്ഞു. അവനല്ലെങ്കിലും ആളൊരു കുറുക്കനാണ്. സഹോദരൻ റസാക്കിന് ഇത്തരം സന്ദർഭങ്ങളുടെ സ്വാതന്ത്ര്യമേ ഉള്ളു. അതുകൊണ്ട് കഴിയുന്നതും അകത്താക്കാനുള്ള വെപ്രാളത്തിലാണ് അവൻ.

കടലിരമ്പത്തിനു മീതേ, അലറിത്തല്ലുന്ന, തല്ലിത്തെറിക്കുന്ന തിരമാലകൾക്കു മീതെ മുരുടേശ്വറിൽ നവീൻ റസ്റ്റോറന്റ്. അവിടെ പക്ഷേ, പാട്ടു മാത്രമേ ഉണ്ടായുള്ളല്ലോ. ആകാശം മുട്ടുന്ന ശിവന്റെ- ചന്ദ്രമൗലിയുടെ, മഞ്ജുനാഥന്റെ പ്രതിമയ്ക്കു കീഴെ ലഹരിവില്പന വേണ്ടെന്ന് ആർ.എൻ.ഷെട്ടി തീരുമാനിച്ചിരിക്കുന്നു. കടലിലേക്ക് ഇറങ്ങിയിരിക്കുന്ന മലയുടെ മുകളിൽ, പാർവതിനാഥനെ സാക്ഷിയാക്കി ഭക്തി വിൽക്കുന്നതിൽ തെറ്റു കാണാത്ത നീതിബോധം. ശിവം, ശിവകരം, ശാന്തം. പക്ഷെ, ആ ശാന്തതയ്ക്കിടയിലും അവിടെ മനസ്സ് അശാന്തമായിരുന്നല്ലോ. നിലാവിനു പൊള്ളുന്ന ചൂടും നിശയ്ക്ക് കാളകൂടത്തിന്റെ കയ്പും.

റിസോർട്ട് കായലിലെ തുരുത്തിയിലാണ്. കായലോളങ്ങൾക്കു മേലേ ആകാശം മുട്ടുന്ന മഞ്ജുനാഥനില്ല. ആർ.എൻ.ഷെട്ടിയുടെ റിസോർട്ടു സമുച്ചയവുമില്ല. ഇവിടെ ഇങ്ങനെ നില്ക്കുമ്പോൾ എല്ലാം ഒരു നേർത്ത പാടപോലെ അങ്ങു താഴെ കാണാം, കിലോമീറ്ററുകൾ താഴെ.

ഭൂമിയിലേക്ക് ഇവിടെ നിന്ന് എത്ര ദൂരുമുണ്ടാവും? ആവോ. ആർക്കറിയാം. മുരുടേശ്വറിലേക്കോ? അതും പറയാനറിയില്ല. അല്ലെങ്കിൽ എന്തിന് അതെപ്പറ്റിയൊക്കെ ഇപ്പോൾ ചിന്തിക്കണം. സ്വയംവര രാത്രിയിൽ, സ്വർഗത്തിന്റെ പതിനാലു മണിയറകളും തുറക്കുന്ന അനുഭൂതി നിമിഷത്തിൽ രുഗ്മിണി അത്തരം അനാവശ്യ കാര്യങ്ങളൊക്കെ ആലോചിക്കുന്നത് തീർച്ചയായും വകതിരിവില്ലായ്മയുമാണ്. രുഗ്മിണി- ഭഗവാൻ കൃഷ്ണന്റെ പ്രിയപ്പെട്ട സ്വയംവര കന്യക...

ചിരിയൊച്ചകൾ നിലച്ചിട്ടില്ല. പാട്ടുകളും. ആരൊക്കെയോ പാട്ടിനൊത്ത് നൃത്തം ചെയ്യുന്നുണ്ട്. നൃത്തമെന്നൊന്നും പറയാനാവില്ല. ഒരു തരം തുള്ളൽ. അദ്ദേഹം അവരുടെ കണ്ണു വെട്ടിച്ചു വരികയായിരുന്നിരിക്കണം. അല്ലെങ്കിൽ, പിന്നാലെ ഒരാളെങ്കിലും ഒളിച്ചും പതുങ്ങിയുമൊക്കെ വന്നേനേ. അല്ല. ആൾ കൃഷ്ണനല്ലേ. മറ്റുള്ളവരുടെ കണ്ണു വെട്ടിക്കുന്നതിൽ പി.എച്.ഡി എടുത്തവൻ, കുസൃതിരാമൻ കള്ളൻ.

തത്ത കുയിലിനോടു പറഞ്ഞു: “നിന്റെ ദളിത്, ന്യൂനപക്ഷ പക്ഷപാതം ഈയിടെയായി കൂടി വരികയാണ്.”

കുയിലും വിട്ടുകൊടുത്തില്ല.

“കിളിപ്പാട്ടിന്റെ കാലം കഴിഞ്ഞെന്നോർത്തോ. സവർണ ഫാസിസ്റ്റ് മൂരാച്ചികൾ തല്ലുകൊണ്ടു മരിക്കും.”

**കടലിരമ്പത്തിനു മീതേ, അലറിത്തല്ലുന്ന, തല്ലിത്തെറിക്കുന്ന തിരമാലകൾക്കു മീതെ മുരുടേശ്വറിൽ നവീൻ റസ്റ്റോറന്റ്. അവിടെ പക്ഷേ, പാട്ടു മാത്രമേ ഉണ്ടായുള്ളല്ലോ. ആകാശം മുട്ടുന്ന ശിവന്റെ- ചന്ദ്രമൗലിയുടെ, മഞ്ജുനാഥന്റെ പ്രതിമയ്ക്കു കീഴെ ലഹരി വില്പന വേണ്ടെന്ന് ആർ.എൻ.ഷെട്ടി തീരുമാനിച്ചിരിക്കുന്നു. കടലിലേക്ക് ഇറങ്ങിയിരിക്കുന്ന മലയുടെ മുകളിൽ, പാർവതിനാഥനെ സാക്ഷിയാക്കി ഭക്തി വിൽക്കുന്നതിൽ തെറ്റു കാണാത്ത നീതിബോധം. ശിവം, ശിവകരം, ശാന്തം. പക്ഷെ, ആ ശാന്തതയ്ക്കിടയിലും അവിടെ മനസ്സ് അശാന്തമായിരുന്നല്ലോ. നിലാവിനു പൊള്ളുന്ന ചൂടും നിശയ്ക്ക് കാളകൂടത്തിന്റെ കയ്പും.**

രാമചന്ദ്രൻ നായർ എന്ന രാമു കുൽസും ബീബി എന്ന കുൽസുവിനോടു പറഞ്ഞു. “ലോകത്തിനു കൊടുക്കാൻ നമുക്കൊരു സന്ദേശമുണ്ട്.”

തട്ടമിട്ടു മറച്ചിരുന്ന മുഖത്തെ വെളുപ്പുമാറി അവിടം ചുവന്നു. അതിനു മേലേ നാണം പടർന്നു.

കുയിൽ അപ്പോൾ തത്തയുടെ തലയ്ക്കിട്ട് ഒരു കൊത്തു കൊടുത്തു.

“വിഡ്ഢി, നീയേതു ലോകത്താ ജീവിക്കുന്നത്? ഇപ്പോഴും സവർണ ഫാസിസം ഇവിടെ മുതലെടുപ്പു നടത്തുകയാണ്. ദളിതുകളുടെയും ന്യൂനപക്ഷങ്ങളുടെയും പെണ്ണുങ്ങളെയാണ് അവർക്കു വേണ്ടത്.”

രാമചന്ദ്രൻനായർ കുൽസുവിന്റെ ചെവിയിൽ പറഞ്ഞു.

“മുത്തേ, ഇവരൊന്നും പറയുന്നതു നീ കൂട്ടാക്കണ്ട. നിനക്കു ഞാനുണ്ട്. എനിക്കു നീയും.” കുൽസു തട്ടം നീക്കി അയാളെ സൂക്ഷിച്ചു നോക്കി. എന്നിട്ട് ആരാധനയോടെ തലയാട്ടി. അവൾക്കേ അറിയുമായിരുന്നുള്ളു.

മനയോല മുഖത്തു തേക്കുമ്പോഴാണ് ആദ്യമായി കുൽസുവിന്റെ മനസ്സ് ആട്ടപ്പദങ്ങളുടെ അതിരുവിട്ട് അല്പമൊന്നു നടന്നത്. കൃഷ്ണൻ കെട്ടിയാടുമ്പോൾ രുഗ്മിണിയോടുള്ള അഭിനിവേശവും പ്രണയവും ഒക്കെ ചേർന്ന് ഒരു വികാരസാഗരമാണ് മുഖത്ത് അലയടിക്കേണ്ടത്. അരങ്ങിൽ കൃഷ്ണനും രുഗ്മിണിയും സ്വയംവര ലഹരി പങ്കുവയ്ക്കുമ്പോൾ കാണികളിൽ ചിലരെങ്കിലും കൈകൂപ്പി കണ്ണടച്ച് പ്രാർത്ഥനയിൽ മുഴുകുന്നതു കണ്ടിട്ടുണ്ട്. കൃഷ്ണൻ അരങ്ങിന്റെ കീർത്തിമുദ്രയായിക്കൊണ്ടിരിക്കെയാണ് ഒരുനാൾ ആ കൈകൊണ്ട് മുഖത്തു തേയ്ക്കാനെത്തിയത്. മുദ്രകൾ കാട്ടിത്തരുമ്പോഴും ചുവടുകൾ പറഞ്ഞു തരുമ്പോഴുമൊക്കെ ഗുരു ഭക്തിക്കപ്പുറം ഒന്നും മനസ്സിൽ തോന്നിയിരുന്നില്ല. പക്ഷേ അന്ന് രുഗ്മിണിയായി. കൃഷ്ണവേഷം കെട്ടിയ രുഗ്മിണി. മനസ്സിലെ മഥുരയിലേക്ക് കൃഷ്ണന്റെ കൈപിടിച്ച് തേരിലേറി.

ചന്തയ്ക്കു സമീപത്താണ് ബദറുദ്ദീനെ കുറെപ്പേർ ആദ്യം തടഞ്ഞു നിർത്തിയത്. അക്കൂട്ടർ ഇങ്ങനെ പറഞ്ഞു.

“ആരും ഒന്നും കാണുന്നില്ലെന്നു വിചാരിക്കണ്ട. ഇതുവരെക്കഴിഞ്ഞതൊക്കെ പോട്ടെ. ഇനി ഈ കളി വേണ്ട. അതും പ്രായമായ പെണ്ണൊരുത്തി.”

അന്നുതന്നെ എൽ.പി.സ്കൂളിനോടു ചേർന്നുള്ള ഇടവഴിയിൽ മറ്റൊരു കൂട്ടർ ബദറുദ്ദീന്റെ മുൻപിൽ വടിവാളുമായി ചാടിവീണു. അവർ രുഗ്മിണിയുടെ ഭാവം പകർന്നാടി. തിളച്ചുമറിയുന്ന അലർച്ച. “വേഷം കെട്ടി നാട്ടിക്കാനാരുന്നു പുറപ്പാട്, അല്ലേ... ഇന്നുകൊണ്ട് അവസാനിപ്പിച്ചോണം. ഇല്ലെങ്കിൽ....”

മുൻപിൽ നിന്ന ആൾ വടിവാൾ വിറപ്പിച്ചു കാട്ടി.

ഭയം വിഴുങ്ങിയ ബദറുദ്ദീന് സംസാരശേഷി നഷ്ടപ്പെട്ടു. അയാൾ വീട്ടിലെത്തി മകളോട് മതിയാക്കാൻ ആംഗ്യം കാട്ടി. മുദ്രകളെല്ലാം അറിയാഞ്ഞതിനാൽ ചിലതൊക്കെ എഴുതിക്കാട്ടി: എല്ലാവരും നമുക്കെതിരാ ഇവിടെ നിന്ന് രക്ഷപ്പെടണം എന്നെഴുതിയതിനടിയിൽ അയാൾ തടിച്ചൊരു വരയിട്ടു.

മദ്ദളം മുറുകി. പാട്ടുകാരൻ ചേങ്ങിലയിൽ വാശിയോടെ താഡിച്ചു. തിരശ്ശീലയിൽ മുറുകെപ്പിടിച്ച് കത്തിവേഷം ഗോഗ്വാ വിളിച്ചു. ആ ഭയാനക ശബ്ദം പലതവണ ആവർത്തിച്ചു.

കുൽസു ഭയത്തോടെ രാമചന്ദ്രൻ നായരെ നോക്കി.

“നമുക്കിനി ഇവിടെ ഇങ്ങനെ തുടരാനാവുമെന്നു തോന്നുന്നില്ല. ഇന്നലെ രാത്രിയിൽ മുറ്റത്ത് അടക്കിപ്പിടിച്ച സംസാരങ്ങളായിരുന്നു. കാൽപ്പെരുമാറ്റങ്ങളും. പത്തുപന്ത്രണ്ടു പേരെങ്കിലും ഉണ്ടാകും. വാതിലടച്ചു തഴുതിട്ട് അകത്തിരുന്നു ഞാൻ വിറച്ചു. ഇല്ല. ഇക്കൂട്ടർ നമ്മെ ജീവിക്കാൻ അനുവദിക്കില്ല.”

തത്ത കുറേദിവസം സ്ഥലത്തില്ലായിരുന്നു. തീറ്റ തേടിയുള്ള യാത്ര... മടങ്ങിവന്നപ്പോൾ കുയിൽ പറഞ്ഞു.

“സംഗതി വല്ലതും അറിഞ്ഞോ. ആകെ പ്രശ്നമായിരിക്കുന്നു. നമ്മുടെ താത്ത്വിക ചർച്ചകൾക്കപ്പുറമാണിപ്പോൾ കാര്യങ്ങൾ.”

സാഗരഗർജനത്തെ വകവയ്ക്കാതെ നിസ്സങ്കോചം തലയുയർത്തി നില്ക്കുന്ന മുരുടേശ്വരിന്റെ ശാന്തതയല്ല ഇവിടെ ഇപ്പോൾ. കാൽപ്പെരുമാറ്റങ്ങളും വാൾത്തലക്കിലുക്കങ്ങളും. രണ്ടു ഭാഗത്തായി പകയുടെ കനലുകൾ പുകഞ്ഞു. ആസൂത്രണ ചർച്ചകൾ മുറുകി.

അപ്രതീക്ഷിതമായാണ് കടൽ ഇളകിയത്. അതങ്ങ് അലറി അടുക്കുകയാണ്. രാക്ഷസീയമായ ഭാവത്തോടെ. ഒരാൾ ഉയരത്തിൽ, രണ്ടാൾ ഉയരത്തിൽ, മൂന്നാൾ, നാലാൾ... ഇല്ല കടലിന്റെ ഉയരമെന്നും പറയാനാവുന്നില്ല. ദയാരഹിതമായി അത് ആഞ്ഞടിച്ചു. അന്നേവരെ കണ്ടിട്ടില്ലാത്ത രൗദ്രതയോടെ. സ്വപ്നങ്ങൾക്കു മേലേക്ക്, ജീവിതങ്ങൾക്കു മേലേയ്ക്ക്...

കാൽപ്പെരുമാറ്റങ്ങളുടേതു മാത്രമായിരുന്ന ആ രാത്രിയെ കടൽ വിഴുങ്ങി. മനുഷ്യരുടെ മനസ്സിൽ അലറിക്കൊണ്ടിരുന്ന കടലിനേയും കടലെടുത്തു. കടൽ അലറിക്കയറിയപ്പോൾ വെളുത്ത നുരകൾ ചുവന്നു. പിന്നെ കറുത്തു. അതങ്ങു പരന്നൊഴുകി. രക്തവർണ്ണത്തിൽ.... വീടുകൾക്കു മീതേ, ജീവിതങ്ങൾക്കു മീതേ. മനുഷ്യരുടേയും മറ്റു ജന്തുക്കളുടേയും കൂട്ടക്കരച്ചിലുകൾ കടലിരമ്പത്തിൽ അലിഞ്ഞുപോയി. ഉറപ്പില്ലാത്ത മണ്ണിൽ പടുത്തുയർത്തിയിരുന്ന ക്ഷണികതയുടെ തൂണുകൾ തകർന്നു വീണു. അവിവേകത്തിന്റെ തീജ്വാലകൾ. വിദ്വേഷത്തിന്റെ വാൾത്തലപ്പുകൾ... തലപ്പൊക്കവും കവിഞ്ഞുയർന്ന തിരയിൽ അവയൊക്കെയും പെട്ടുപോയി. കാലത്തേയും കടലെടുത്തു.... ഒന്നും മിച്ചമുണ്ടായില്ല.

അടുത്തൊരു തിര ആഞ്ഞടിച്ചപ്പോൾ തത്ത പറന്നുപോയി. കുയിലും. അവരുടെ ഇരിപ്പിടമാണിപ്പോൾ തിരകൾ വിഴുങ്ങിക്കൊണ്ടിരിക്കുന്നത്. ഉയരെ പറന്നുകൊണ്ടിരിക്കുമ്പോൾ തത്ത കുയിലിന്റെ ചിറകിൽ ചിറകുരസി. കുയിലിനു നാണം തോന്നി. തത്ത ചോദിച്ചു. “വിവാഹം സ്വർഗത്തിൽ നടക്കുന്നു അല്ലേ കുൽസു.”

റിസോർട്ടിലെ കോട്ടേജിന്റെ മുറ്റത്ത്...
പടർന്നു നില്ക്കുന്ന നെല്ലിയുടെ ചോട്ടിൽ....
സന്ധ്യയുടെ ചായക്കൂട്ടിനു താഴെ...

മൂടുൽ മഞ്ഞിന്റെ നേർത്ത പാടപോലെ അതു സംഭവിച്ചു.

സന്ധ്യയുടെ മഞ്ഞപ്പും മൂടൽമഞ്ഞും കൂടി കാഴ്ചയ്ക്കു മുൻപിൽ അർധസുതാര്യമായൊരു തിരശ്ശീല പിടിച്ചിരുന്നു. എങ്കിലും കാര്യങ്ങളെല്ലാം ഒരു കണ്ണാടിയിലെന്നപോലെ വ്യക്തമായിരുന്നു എനിക്കെങ്കിലും. അപ്പോൾ വീശിയ കാറ്റിന്റെ തണുപ്പ് ഞാനെങ്ങനെ വിശദീകരിക്കും. എനിക്കു മാത്രമുള്ള ഒരു അനുഭൂതിയായിരുന്നിരിക്കില്ലേ അത്. അദ്ദേഹം വലതു കൈകൊണ്ട് ദുപ്പട്ട എടുത്തു മുഖത്തേയ്ക്കിടുമ്പോൾ ശ്വാസം മുട്ടലല്ല തോന്നിയത്. മൂക്കു തുളയ്ക്കുന്ന ഗന്ധമാണ്. സ്വപ്നങ്ങൾ പുഷ്പിക്കുന്നതിന്റെ ഹൃദയസ്പൃക്കായൊരു ഗന്ധം. മണമേറ്റിട്ടാവാം, തേൻകുടിയനായൊരു വണ്ട് നെല്ലിയിലെ പൂക്കളിലൊന്നിൽ പറന്നിരുന്നു. എന്റെ മനസ്സാകട്ടെ ചിറകുപിടിപ്പിച്ച് അവിടെയൊക്കെ പറന്നുല്ലസിച്ചു.

ആഘോഷക്കാർ സ്വന്തം പാട്ടുകൾ നിർത്തിക്കഴിഞ്ഞു. ഡാൻസും. ശാന്തത ഭഞ്ജിക്കുവാൻ ടേപ്പ്റെക്കോർഡിൽ നിന്നൊരു കഥകളിപ്പദം മാത്രം. ഉറക്കത്തിലേക്കു വീഴാഞ്ഞവർ തലയും ദേഹവുമാട്ടി ആസ്വദിക്കുന്നുണ്ട്.

* മുരുടേശ്വർ - ദക്ഷിണ കർണാടകയിലെ ഒരു കടൽത്തീര തീർത്ഥാടനവിനോദകേന്ദ്രം.

# സുഗതകുമാരി എന്ന അശാന്തിപർവ്വം

നിവേദനങ്ങൾ, സമരങ്ങൾ, ജാഥകൾ- പ്രയത്ന വഴികൾ ഏറെ പിന്നിട്ടു. ഒരു രാഷ്ട്രീയപാർട്ടിയും പിൻതുണയുമായി എത്തിയില്ല. കോഴിക്കോട് മനോരോഗാശുപത്രി കണ്ടുമടങ്ങവേ, കളക്ടറായിരുന്ന കെ.ജയകുമാറാണ് നിയമത്തിന്റെ വഴിയിലൂടെ സഞ്ചരിച്ചെങ്കിൽ മാത്രമെ എന്തെങ്കിലും വഴികണ്ടെത്താനാവുകയുള്ളൂവെന്ന് പറഞ്ഞത്. അതൊരു പുതുവെളിച്ചമായിരുന്നു. പൊതുതാല്പര്യ ഹർജിയുമായി കോടതിയെ സമീപിച്ചു. ഹൈക്കോടതി ഇടപെട്ടു. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ പ്രശ്നങ്ങൾ ആഴത്തിൽ അപഗ്രഥിച്ചു. അതോടെ പല മാറ്റങ്ങൾക്കും തുടക്കമായി. എങ്കിലും അശരണരായവർ മുന്നിൽ കൈനീട്ടിയപ്പോൾ ഒരു മുന്നൊരുക്കവുമില്ലാതെ അവർക്ക് കൈത്താങ്ങായി. നിത്യചെലവുകൾക്കായി പിച്ചപ്പാത്രം തുറന്നുവെച്ചു. ‘അഭയയുടെ പ്രാർത്ഥനാമുറിയിൽ നിന്നും ബൈബിളും ഖുർ ആനും മാറ്റുമെങ്കിൽ’ ആവശ്യമായ പണമത്രയും നൽകാമെന്ന വാഗ്ദാനം നിരസിച്ചു. ‘അഭയ ഒരു ഹിന്ദു സംഘടനയല്ലെ. നാമെന്തിനു സഹായിക്കണം’ എന്നു പറഞ്ഞ ക്രിസ്ത്യൻ പാതിരിമാരെയും അവഗണിച്ചു. ‘ഒരു സത്യക്രിസ്ത്യാനിയുടെയും ഒരു ശുദ്ധ ഹിന്ദുവിന്റെയും പണം അഭയയ്ക്ക് ആവശ്യമില്ല’ എന്നു പറഞ്ഞുകൊണ്ടാണ് ഫൊക്കാന കൺവൻഷനിൽ പങ്കെടുത്തതിനുശേഷം അമേരിക്കയിൽ നിന്നും മടങ്ങിയത്. പിടിപ്പണംകൊണ്ട് അഭയ പിച്ചവെച്ചുതുടങ്ങി. സമാനമനസ്കരുടെ കൈത്താങ്ങുമായി അഭയ മുന്നോട്ടു നീങ്ങി. സുഗതകുമാരി പതിതരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും അന്താണിയും അഭയവുമായിമാറി. പുരസ്കാരത്തുകകൾ അതിനായി നീക്കിവെച്ചു. മുപ്പത്തിയൊന്ന് വർഷം മുമ്പ്, ഇന്ത്യാഗവൺമെന്റ് നൽകിയ പത്തര ഏക്കർ ഭൂമിയിൽ ഹരിതാഭമായ, പ്രതീക്ഷനിർഭരമായ ഒരു ഗ്രാമം ഉടലെടുത്തു. അഭയ ഗ്രാമത്തിന് തച്ചോട്ടുകാവിൽ തറക്കല്ലിട്ടത് ബുദ്ധകാരുണ്യത്തിന്റെ പിൻതുടർച്ചയായ ദൈലൈലാമയായിരുന്നു. അദ്ദേഹം അവിടെ നട്ട ബോധിവൃക്ഷം ഇന്ന് കേരള സമൂഹത്തിനുമുന്നിൽ പ്രബോധനവൃക്ഷമായി പന്തലിച്ചു നിൽക്കുന്നു. ഒറ്റപ്പെട്ട പ്രവർത്തനംകൊണ്ടൊന്നും പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാവില്ലായെന്ന തിരിച്ചറിവോടെ, വഴിയിൽ വീണുകിടക്കുന്നവർക്ക് ആശ്വാസമാകാൻ സന്നദ്ധമാകണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു. അതിന്റെ ഫലമായി സർക്കാർ ആരംഭിക്കേണ്ട ‘ശ്രദ്ധാഭവനങ്ങ’ളെക്കുറിച്ചുള്ള ഡിസ്കഷനും മോണിറ്ററിംഗും എല്ലാം കഴിഞ്ഞിട്ടും പദ്ധതിക്ക് തുടക്കമായിട്ടില്ല. ‘എന്തുകൊണ്ട് ശ്രദ്ധാഭവനങ്ങൾ ആരംഭിക്കുന്നില്ലാ’യെന്നു കോടതി ആരാഞ്ഞിട്ടും പദ്ധതി ഫയലിൽതന്നെ! മെട്രോകളും നാലുവരി പാതകളും കൂറ്റൻ കെട്ടിട സമുച്ചയങ്ങളും എല്ലാം നമുക്കാവശ്യം. അനാവശ്യമായത് നിരാലംബരായ സമൂഹമോ എന്ന ചോദ്യം ബാക്കിയാവുന്നു.

കവിയിലെ പരിസ്ഥിതിപ്രവർത്തകയെ കണ്ടെത്തിയത് ഒരു കാലഘട്ടത്തിന്റെ ഗുരുവായ എൻ.വി. കൃഷ്ണവാര്യരായിരുന്നു. ഒരിക്കൽപോലും കടന്നുപോകാൻ ഇടയില്ലാത്ത ഒരു വഴി സുഗതുകുമാരിയുടെ കവിതയിലുണ്ടെന്ന് ആദ്യം തിരിച്ചറിയുന്നതും പ്രവചനം പോലെ പറഞ്ഞതും അദ്ദേഹമായിരുന്നു. അതിന്റെ പ്രത്യക്ഷതയായിരുന്നു സൈലന്റ്വാലി പ്രക്ഷോഭം. യുദ്ധഭൂമിയിൽ പ്രവേശിച്ച ധർമപുത്രരോട് ഒരെറുമ്പ് ചോദിക്കുന്നുണ്ട്, ‘ജീവന്റെ കാര്യത്തിൽ എനിക്കും നിനക്കും തമ്മിൽ എന്തു വ്യത്യാസം.’ പ്രകൃതിയോടിണങ്ങി നിന്നുകൊണ്ട് സുഗതകുമാരി ചോദിക്കുന്നതും ഇതുതന്നെയായിരുന്നു. എം.കെ.പ്രസാദ് തുടങ്ങിയ ശാസ്ത്രകുതുകികൾ തുടങ്ങിവെച്ച പ്രവർത്തനം കവികൾ ഏറ്റെടുത്തതോടെ അതിനു ജീവൻ കൈവന്നു. കലാകാരന്മാരും നാട്ടുകാരും ജീവമന്ത്രംപോലെ അതേറ്റുപാടി. മുപ്പതോ നാല്പതോ മെഗാവാട്ട് വൈദ്യുതിക്കുവേണ്ടി കുന്തിപ്പുഴ വരിഞ്ഞുകെട്ടാനുള്ള പദ്ധതി തകർന്നു. എട്ടു വർഷത്തെ ജനകീയ പോരാട്ടത്തിനൊടുവിൽ 1984ൽ സൈലന്റ് വാലിയിൽ അണക്കെട്ട് നിർമ്മിക്കാനുള്ള തീരുമാനത്തിനു കേന്ദ്രസർക്കാർ അനുമതി നിഷേധിച്ചപ്പോഴാണ് സഹനസമരത്തിന്റെ പ്രാധാന്യം എന്തായിരുന്നുവെന്ന് കേരളസമൂഹം തിരിച്ചറിഞ്ഞത്. പുതിയൊരു സാംസ്കാരിക നവോത്ഥാനത്തിന്റെ തുടക്കമായിരുന്നു അത്. സാഹിത്യത്തിലും സംസ്കാരത്തിലും അത് പ്രതിഫലിച്ചു. മികച്ച കവിതകളും ഉദാത്തമായ കാഴ്ചപ്പാടുകളും മലയാളിസമൂഹത്തിനു ലഭിച്ചു. ‘സിംഹവാലൻ കുരങ്ങിന്റെ പേരിൽ വികസനത്തെ തടയുന്നു’വെന്ന് പരിഹസിച്ചവർക്ക് ഇന്നതിന്റെ



**‘അഭയയുടെ പ്രാർത്ഥനാമുറിയിൽ നിന്നും ബൈബിളും ഖുർ ആനും മാറ്റുമെങ്കിൽ’ ആവശ്യമായ പണമത്രയും നൽകാമെന്ന വാഗ്ദാനം നിരസിച്ചു. ‘അഭയ ഒരു ഹിന്ദു സംഘടനയല്ലെ. നാമെന്തിനു സഹായിക്കണം’ എന്നു പറഞ്ഞ ക്രിസ്ത്യൻ പാതിരിമാരെയും അവഗണിച്ചു. ‘ഒരു സത്യക്രിസ്ത്യാനിയുടെയും ഒരു ശുദ്ധ ഹിന്ദുവിന്റെയും പണം അഭയയ്ക്ക് ആവശ്യമില്ല’ എന്നു പറഞ്ഞുകൊണ്ടാണ് ഫൊക്കാന കൺവൻഷനിൽ പങ്കെടുത്തതിനുശേഷം അമേരിക്കയിൽ നിന്നും മടങ്ങിയത്.**

പ്രാധാന്യം എന്താണെന്ന് തീർത്തും ബോധ്യപ്പെട്ടിരിക്കുന്നു. പശ്ചിമഘട്ടത്തിന്റെ പാർശ്വനിരയായ നീലഗിരി മലകളുടെ തെക്കുപടിഞ്ഞാറായി സൈലന്റുവാലി ദേശീയോദ്ധ്യാനമായി പരിലസിക്കുമ്പോൾ ഒരു കൂട്ടം പരിസ്ഥിതിപ്രവർത്തകർ തിരിച്ചുപിടിച്ചുതന്നത് അപൂർവ്വതയുടെ ജൈവമേഖലയായിരുന്നു.

നാല്പതോളം കള്ളപ്പട്ടയത്തിന്റെ പേരിൽ മുച്ചിക്കുണ്ടിലെ മരങ്ങൾ വെട്ടിവെളിപ്പിച്ചപ്പോൾ അതിനെതിരെ നടത്തിയ കേസിന്റെ വഴിതുറക്കലിലൂടെയാണ് സുഗതകുമാരി അട്ടപ്പാടിയിലെ ശൂന്യമാക്കപ്പെട്ട പ്രദേശങ്ങളിലെത്തുന്നത്. കൊടുംചൂടും പൊടിക്കാറ്റും ചത്തപുഴയും അവശേഷിപ്പിച്ച വികസനത്തിനെതിരെയുള്ളതായിരുന്നു തുടർന്നുള്ള പോരാട്ടം. ‘നാട്ടുരാശാക്കന്മാരേ, ആതിവാസിക്കു പയിക്കുന്നു’ എന്നൊരു ലേഖനത്തോടെ ആ വ്യഥ അവസാനിച്ചില്ല. ഒരു മലയെങ്കിലും കാടാക്കി കാണിച്ചുകൊടുക്കണമെന്നത് ഒരു വാശിയായിരുന്നു. ഭ്രാന്തൻസ്വപ്നമെന്നു വിധിയെഴുതിയെങ്കിലും ആ ഭ്രാന്തിനെ പിൻപറ്റുവാൻ ഒരുപിടി ജീവിതങ്ങൾ തയ്യാറായി. നൂറ് ഹെക്ടർ മൊട്ടക്കുന്നിൽ വിത്തു വിതച്ചും ചെടികൾ നട്ടും മുന്നേറി. സ്വാഭാവിക വളർച്ചയിൽ മരങ്ങൾ കറുത്തിരുണ്ട കാടായി. ‘കൃഷ്ണവനം’ എന്നു നാമകരണം ചെയ്തപ്പോൾ അത് കൃഷ്ണവാര്യരുടെ സ്മരണയായി.

വൃക്ഷം മുളയെടുത്ത് മണ്ണിലേക്ക് വേരിറങ്ങിയപ്പോൾ മറഞ്ഞുകിടന്ന ഉറവ തെളിഞ്ഞു. അതരുവിയായി പുഴയായി താളം തല്ലി പിന്നെ, തിമിർത്തൊഴുകി ഭവാനിപ്പുഴയെ ലക്ഷ്യമാക്കി. മയിലും കുയിലും അതിഥിയും ആതിഥേയരുമായി. തമിഴ്നാട് കാടുകളിൽ നിന്നും ആനകളെത്തി. കലമാനേയും ഉൾവനത്തിൽ കരടിയേയും കണ്ടുവെന്ന് ഫോറസ്റ്റ് ഗാർഡിന്റെ റിപ്പോർട്ട്. കാട് മരങ്ങളുടെ കൂട്ടം മാത്രമല്ലെന്നും, പാരിസ്ഥിതിക ഊർജ്ജത്തിന്റെ സ്രോതസാണെന്നും ബോധ്യപ്പെട്ടു. അട്ടപ്പാടിയിൽ സുഗതകുമാരിക്ക് ഏക്കറുകണക്കിന് ഭൂമിയുണ്ടെന്നുള്ള വാർത്തകൾ ഈ ‘കൃഷ്ണവനമാണെ’ന്ന് തിരിച്ചറിയാൻ കഴിയാതെ പോയവർക്ക് കാലം മാപ്പ് നൽകട്ടെ.

ആറന്മുള പ്രക്ഷോഭം വികസനകുതുകികളുടെ ചിറകൊടിച്ച സംഭവമായിരുന്നു. കുറച്ചുകൂടി കിഴക്കോട്ടുമാറി തരിശായി കിടക്കുന്ന എത്രയോ പ്രദേശങ്ങൾ ഉണ്ടായിട്ടും ആറന്മുളയെ ലക്ഷ്യം വെച്ചതിന്റെ പിന്നിലെ അമിതാർഭാടത്തെ പൊതുസമൂഹം തിരിച്ചറിഞ്ഞു. പാരമ്പര്യവും സംസ്കാരവും ഒത്തിണങ്ങിയ ഒരുദേശം മുഴുവൻ വ്യവസായികപ്രദേശമായി പ്രഖ്യാപിച്ചതിലൂടെ കുടിയിറക്കപ്പെടുന്നത് സംസ്കാരം കൂടിയാണെന്നുള്ള അറിവാണ് അതിനെ വീണ്ടെടുക്കുവാനുള്ള യത്നത്തിനു തുടക്കമായത്. ‘കണ്ണെത്താ ദൂരംവരെ പച്ചക്കടലുപോലെ അലകളിളകിക്കിടക്കുന്ന ആ പാടശേഖരങ്ങൾ, അവയുടെ നടുവിലൂടെ ഒഴുകുന്ന തിളങ്ങുന്ന വലിയ തോടുകളും പമ്പാതീരത്തിന്റെ ഐശ്വര്യസമൃദ്ധിയുമെല്ലാം എന്റെ കുട്ടിക്കാലത്തെ നല്ല ഓർമകളിലൊന്നാണ്.’ ആ ഓർമകളുടെ വീണ്ടെടുക്കലായിരുന്നു ആറന്മുള സമരത്തിന് വിജയപാഥയൊരുക്കിയത്. ‘ടീച്ചർ പറയുമ്പോൾ അതിലെന്തോ കാര്യമുണ്ട്. അതുകൊണ്ട് ഞാൻ ടീച്ചറിന്റെ പക്ഷത്താണ്’ എന്നു പറഞ്ഞത് ക്രിസോസ്റ്റം വലിയ തിരുമേനിയാണ്. ഈ സമരത്തിന്റെ മറ്റൊരു പ്രത്യേകത അതിൽ എല്ലാ പാർട്ടിലേയും പ്രമുഖനേതാക്കൾ അണിനിരന്നുവെന്നതാണ്. ഒരേ സമരപ്പന്തലിൽ കോൺഗ്രസുകാരെയും മാർക്സിസ്റ്റുകാരെയും ബി.ജെ.പിക്കാരെയും കണ്ടുവെന്നത് ഇന്നത്തെ കേരളത്തിൻ അപൂർവ്വതയാണ്. തോടുകൾ കോടതിവിധിയിലൂടെ പുനർജനിച്ചു. പാടശേഖരങ്ങൾ കതിരണിഞ്ഞു.

എവിടെ മതിലുകൾ ഉയരുന്നതും വേർതിരിവിന്റെ അടയാളമാണെന്നു സുഗതകുമാരിയെ പഠിപ്പിച്ചത് അച്ഛൻ ബോധേശ്വരനായിരുന്നു. വിഭജിത ജർമിനിയിലേക്ക് പോകുമ്പോൾ പിതാവ് മകളോട് ആവശ്യപ്പെട്ടതും മതിലില്ലാത്ത ജർമനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നായിരുന്നു. ആ മതിൽ തൊട്ട് ‘ഇത് ജനതയെ വിഭജിക്കുന്നു. ഇത് ഇവിടെ ആവശ്യമില്ലെന്ന’ അച്ഛന്റെ പ്രാർത്ഥന മകൾ മതിലിൽ തൊട്ടുരുവിട്ടു. അതു നേരിൽ കണ്ട സഞ്ചാരികൾക്ക് അതൊരു പുതിയ സന്ദേശമായിരുന്നു. വിഭിക്കപ്പെട്ടുകൊണ്ടിരിക്കുന്ന മനസ്സുകൾക്കിടയിൽ ഏകീകരണത്തിന്റെ പ്രാർത്ഥനയൊരുക്കുന്ന മനസ്സുകളെ തിരിച്ചറിഞ്ഞ ഭാരതീയതയുടെ സാംസ്കാരിക പ്രതിഫലനം. കൊച്ചുകേരളത്തിന്റെ മുനമ്പുസമാനമായ ദേശത്തുനിന്നുകൊണ്ടുള്ള ഒരു പടുവൃദ്ധന്റെ ആഗ്രഹം സാധിതമാകുന്നതിനു രണ്ടാമതും ജർമനിയിൽ പോകേണ്ടിവന്നപ്പോൾ മകൾ സാക്ഷിയായി. ഒരു വൃദ്ധതാപസന്റെ പ്രാർത്ഥന മറ്റൊരു ജനതയിൽ പരിവർത്തനം സൃഷ്ടിച്ചിരിക്കുന്നു.

രക്തത്തിന്റെ നിറം ഒന്നാണെന്ന് പഠിപ്പിച്ച സംഭവപരമ്പരയിൽ ഒന്നായിരുന്നുവല്ലോ ചെറിയാൻ അച്ചന്റെ (ഡോ.സക്കറിയാസ് മാർ തെയോഫിലോസ്) രക്തം മുസ്ലിം പെൺകുട്ടിയുടെ ഞാരമ്പിലൂടെ ഒഴുകിയിറങ്ങിയത്. ഇടനിലയായതോ ഹിന്ദുവായ ഒരു പാവം മാനവഹൃദയവും. ഈ പാഠത്തിന് ഇന്ന് ഏറെ പ്രസക്തിയുണ്ട്. മനുഷ്യമനസ്സ് മതത്തിന്റെ പേരിൽ വിഭജിക്കപ്പെടുമ്പോൾ ഒരു ഗുണപാഠം പോലെ ഈ കഥ കുട്ടികൾക്ക് പറഞ്ഞുകൊടുക്കാം.

ശ്രേഷ്ഠഭാഷയുടെ സിംഹാസനം പ്രയത്നത്താലും പ്രതിഭയാലും ലഭിച്ചിട്ടും മലയാളം അവഗണിക്കപ്പെടുന്നതിൽ ഏറെ ദുഃഖിതയാണ്. മലയാളം ഒരു ഭാഷമാത്രമല്ല. അതൊരു ജീവിതക്രമം കൂടിയാണെന്നുള്ള അറിവ് നഷ്ടപ്പെടാൻ പാടില്ലായെന്ന് പ്രബോധിപ്പിക്കുന്നു.

‘ചന്ദനം മണക്കുന്നൊരാ മാറിൽ/ സങ്കടങ്ങളിറക്കിവെക്കു’വാൻ ആഗ്രഹിക്കുമ്പോഴും പിന്നെയും പിന്നെയും ഭഗവാൻ ദുഃഖം മാത്രമാണ് സുഗതകുമാരിക്ക് നൽകുന്നത്. ഓരോ ദുരന്തവാർത്തയുമായി ഓരോ പുലരിയും കടന്നുവരുന്നു. പരിത്യക്തയായ ഒരമ്മ കൈക്കുഞ്ഞുമായി വാതിലിൽ മുട്ടുന്നു. ഒരമ്മക്കൈ അവിടെ പ്രത്യാശയായിത്തീരുന്നു. സങ്കടം വരമായി ആവശ്യപ്പെട്ട കുന്തിയോടു ഭഗവാൻ സംശയമുണർത്തിച്ചപ്പോൾ ‘എങ്കിൽ മാത്രമല്ലെ അങ്ങയെ ഓർക്കുവാനും കാണാനും കഴിയൂ’ എന്ന ഉത്തരം തന്നെയാണ് സുഗതകുമാരിയും. ഒരോടക്കുഴലും ഒരു പീലിത്തുണ്ടും പിന്നെ പ്രയത്നത്തിന്റെ പെരുവഴിയും.

സുഗതകുമാരി ദുഃഖിക്കുമ്പോൾ ഒരു തണ്ണീർത്തടം ആശ്വസിക്കുന്നു; ഒരു കൊടുംകാട് നിശ്വസിക്കുന്നു. അശരണർ പിന്നെയും ബാക്കി.

രോഗങ്ങൾ അതിഥികളായി വരദായിനിയിലേക്കു കടന്നുവരുകയാണ്. ഇതിൽ നിന്നും ഇനി രക്ഷപ്പെടില്ലായെന്ന സംശയം ഉയരുമ്പോഴും ഉള്ളിലെ ഊർജ്ജത്തിന്റെ ശക്തികൊണ്ട് ഒരു ഫീനിക്സ് പക്ഷിയെപ്പോലെ സുഗതകുമാരി കിടക്കവിട്ട് എഴുന്നേൽക്കുന്നു - ഒരു സങ്കടത്തിനു പരിഹാരമായി.

“ദൂരെയാരോ കൊളുത്തി നീട്ടുമാ
ദീപവും നോക്കിയേറെയേകയായ്
കാത്തുവെയ്ക്കുവാനൊന്നുമില്ലാതെ

➲പേജ് 8



# ഗൈനക്കോളജിസ്റ്റ്

നോവൽ

ഡോ. കെ. എം. ജോസഫ്

## 1

ശ്രീ- എന്താ- ഇന്ന് എഴുന്നേല്ക്കുന്നില്ലേ?"

ഇളംതണുപ്പു നിറയുന്ന മുറിയിലെ മൃദുലശയ്യയിൽ മൂടിപ്പുതച്ചുകിടക്കുന്ന ശ്രീദേവിയെ തൊട്ടുണർത്തി ഡോക്ടർ ദേവദാസ് ചോദിച്ചു.

നിദ്രാദശയുടെ കൂട്ടു പൊളിച്ച് പുറത്തേക്കു തലകാട്ടുന്ന ശലഭത്തെപ്പോലെ റസായിയുടെ വക്ക് അവൾ മുഖത്തുനിന്നു നീക്കി.

"നേരം വെളുത്തോ?" പാതി തുറന്ന കണ്ണുകളുമായി അവൾ ചോദിച്ചു. ഉറക്കത്തിന്റെ ആലിംഗനസുഖം ഉപേക്ഷിക്കാൻ അവൾക്കു മടിയായിരുന്നു.

"വെളുത്തോ എന്നറിയില്ല. പക്ഷേ നേരം കുറേക്കഴിഞ്ഞു. ഇവിടത്തുകാരുടെ ഭാഷയിൽ പറഞ്ഞാൽ, സവേ സാത്ത്."

ഭർത്താവിന്റെ വിനോദഭാവം ശ്രദ്ധിക്കാതെ അവൾ റസായി പൊക്കിയെടുത്തു മാറ്റി എഴുന്നേറ്റിരുന്നു. കത്തുന്ന മെർക്കുറിവിളക്കുകൾ മുറിയിൽ നിറയ്ക്കുന്നതു പ്രകാശധാരയാണ്. കിടക്കയുടെ അരുകിലിരിക്കുന്ന ഭർത്താവു രാവിലെതന്നെ കുളിച്ചൊരുങ്ങിക്കഴിഞ്ഞിരിക്കുന്നു. വൂളൻ സ്യൂട്ടും സോഡിയാക് ടൈയും കൊണ്ടുവന്നത് ഈ ആവശ്യത്തിനാണ്.

"എന്താണിത്ര നേരത്തേ?"

"ഞാൻ പറഞ്ഞതു ശ്രീ മറന്നോ? ഇന്നാണു ഡോക്ടർ പ്രതാപചന്ദ്രന്റെ പ്രസംഗം. എട്ടരമണിക്കാണ്."

"സോറി. ഞാൻകൂടി വരാനല്ലേ തീരുമാനിച്ചത്. സാരമില്ല. ഇപ്പോൾത്തന്നെ റെഡിയാകാം."

കമ്പിളിയുടുപ്പു വലിച്ചൂരി നൈറ്റിയുടെ സ്ഥാനം മാറിയ കുടുക്കുകൾ നേരെയാക്കി അവൾ നിലത്തേക്കിറങ്ങി. കമ്പിളികൊണ്ടുള്ള കമ്പളം തറയിൽ വിരിച്ചിരുന്നതുകൊണ്ട് നഗ്നപാദങ്ങളിൽ തണുപ്പു തുളഞ്ഞുകയറിയില്ല. കുളികഴിഞ്ഞിറങ്ങുമ്പോൾ മാറാനുള്ള വസ്ത്രങ്ങൾ വാർഡ്രോബിൽ പൊക്കിവച്ച പെട്ടി തുറന്നെടുത്തു. കുളിക്കാൻ കയറുന്നതിനുമുമ്പ്, "ബെഡ്കോഫി" ഉണ്ടാക്കുന്ന ചുമതല ഭർത്താവിനെ ഏല്പിച്ചു.

പൂർവ്വപരിചയമില്ലെങ്കിലും ഏറ്റെടുത്ത ജോലി വിജയകരമായി പൂർത്തിയാക്കാമെന്ന ആത്മവിശ്വാസം അയാൾക്കുണ്ട്. പാത്രങ്ങളുണ്ട്. പൊടികളുണ്ട്. പിന്നെന്തു പ്രയാസം? ഒട്ടും നേരം കളയാതെ പ്രിയതമയുടെ നിർദേശം നടപ്പിലാക്കാനുള്ള ശ്രമമായി. മൊന്തയിൽ വെള്ളം നിറച്ചു തിളപ്പിച്ചു. തിളച്ച വെള്ളം മഗ്ഗുകളിൽ പകർന്നു പൊടികൾ ചേർത്തു. കാപ്പി റെഡി. ശ്രീദേവിക്കു വേണ്ട കാപ്പി ഒരു ഫ്ളാസ്കിൽ ഒഴിച്ചുവച്ചശേഷം ഒരു മഗ്ഗു കാപ്പിയുമായി മൃദുലമായ സെറ്റിയിൽ ചെന്നിരുന്നു.

**സമ്മേളനം ആരംഭിക്കുവാൻ നിമിഷങ്ങൾ മാത്രം. അവർ ഇടനാഴിയിൽക്കൂടി നടന്ന് സെമിനാർ ഹാളിന്റെ പിൻവാതിലിലൂടെ അകത്തു കടന്നു. ഹാൾ വിശാലമാണ്. ആദ്യദിവസങ്ങളിലെ ചർച്ചകളെല്ലാം ചെറിയ മുറികളിൽവച്ചായിരുന്നു. പല സംഘങ്ങളായി പിരിഞ്ഞ ഡെലിഗേറ്റുകൾ ഇഷ്ടവിഷയങ്ങൾ കേൾക്കാൻ മാത്രമാണു സമയം കണ്ടെത്തിയത്. വർഷത്തിലൊരിക്കൽ നടത്തപ്പെടാറുള്ള അഖിലേന്ത്യാ സമ്മേളനങ്ങളിൽ പലരും പങ്കെടുക്കുന്നതു കുടുംബസമേതമാണ്. പ്രഭാഷണങ്ങൾ കേൾക്കുന്നതിനേക്കാൾ കൂടുതൽ ഔത്സുക്യം കാഴ്ചകൾ കാണുന്നതിനാണ്.**

ആവിപറക്കുന്ന കാപ്പി ആറ്റിക്കുടിച്ചുകൊണ്ടിരുന്നപ്പോഴാണ് വാതിലിന്റെ അടിയിൽക്കൂടി തിരുകിക്കയറ്റിവച്ച ദിനപ്പത്രം ശ്രദ്ധയിൽപ്പെട്ടത്. കാപ്പി പെട്ടെന്നു കുടിച്ചുതീർത്ത് പത്രമെടുത്തു നിവർത്തി. ഡെൽഹിയിൽ ഏറ്റവും പ്രചാരമുള്ള ഹിന്ദുസ്ഥാൻ ടൈംസ്. എല്ലാം പതിവു വിഭവങ്ങൾ. സ്തോഭജനകമായ വാർത്തകൾക്കു ക്ഷാമം. പത്രങ്ങളിൽ പത്തു ശതമാനത്തിലധികം പരമാർത്ഥം കണ്ടെത്തുവാൻ പ്രയാസമുണ്ടെന്നാണു ശ്രീദേവി പറയാറുള്ളത്. പണ്ടു തോമസ് ജെഫേഴ്സൺ എഴുതിവച്ച അഭിപ്രായം അവൾ ഉദ്ധരിക്കും. ഒരുവിധത്തിൽ പറഞ്ഞാൽ ആ പഴയ ശതമാനക്കണക്കിന് ഇപ്പോഴും മാറ്റമുണ്ടായിട്ടില്ല. സത്യം മാതം എഴുതണമെന്ന വാശിയാണു ശ്രീദേവിയെ 'ട്രൂത്ത് ഒൺളി' (സത്യം മാത്രം) എന്ന ദ്വൈവാരികയിൽ എത്തിച്ചത്.

കുളിമുറിയിലെ ജലപ്രവാഹം നിലച്ചു. ചെറുചൂടുള്ള ജലകണങ്ങൾ നഗ്നദേഹത്തെ തഴുകുമ്പോൾ അനുഭവിക്കുന്ന സുഖം പുറത്തേക്കിറങ്ങുമ്പോൾ നഷ്ടമാകും. പെട്ടെന്ന് അടിവസ്ത്രങ്ങളണിഞ്ഞ് അവൾ പുറത്തുവന്നു.

"കാപ്പി റെഡി–" അയാൾ ഫ്ളാസ്ക് തുറന്ന് മഗ്ഗിലേക്കു കാപ്പി പകർന്നു. ആവിപറക്കുന്ന കാപ്പിയാണ് അവൾക്കിഷ്ടമെന്നറിയാം.

തിടുക്കത്തിൽ കാപ്പി കുടിച്ചശേഷം അവൾ ഡ്രെസ്സിംഗ്ടേബിളിന്റെ അടുത്തേക്കു നീങ്ങി. ആദ്യം ഹെയർഡ്രയർ ഉപയോഗിച്ച് മുടിയുണക്കി.

പത്രവായനയ്ക്കിടയിൽ അയാൾ ഭാര്യയുടെ ഒരുക്കം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ആദ്യം കാണുമ്പോൾ ശ്രീദേവിയുടെ മുടി, മുറിച്ച നിലയിലായിരുന്നു. ചുരുളുകളില്ലാത്ത മുടിയിൽ ചെറിയ ഓളങ്ങൾ മാത്രം. വിവാഹത്തിനുശേഷമാണ് അവൾ മുടി നീട്ടിവളർത്താൻ തുടങ്ങിയത്. അതാണു തനിക്കിഷ്ടമെന്നറിഞ്ഞുകൊണ്ട്.

ശ്രീദേവി ആഡംബരത്തോടു കമ്പം കാട്ടാറില്ല. അലങ്കാരവസ്തുക്കളുടെ ഉപയോഗം ആവശ്യത്തിനു മാത്രം. കാതും കഴുത്തും ആഭരണനിബിഡമല്ല. മറൂൺ നിറത്തിലുള്ള സാരിയും ചേരുന്ന ജാക്കറ്റും. പുറത്തു കമ്പിളിക്കുപ്പായം.

"ഞാൻ റെഡി. നമുക്കു ബ്രേക്ക്ഫാസ്റ്റ് വേണ്ടേ?"

"വേണം -എന്നാൽ, നമുക്കിറങ്ങാം."

പുറത്തേക്കിറങ്ങി വാതിലടച്ചു. തുറക്കാൻ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് താക്കോൽ കോട്ടിന്റെ ഉള്ളറയിൽ നിക്ഷേപിച്ചു.

സമ്മേളനശാലയുടെ സമീപത്തുള്ള ഒരു മുറിയിലാണു പ്രാതൽ ഒരുക്കിയിരുന്നത്. ശുഭ്രവസ്ത്രധാരികളായ പരിചാരകർ ഉപചാരപൂർവ്വം കാത്തുനിൽക്കുന്നുണ്ടെങ്കിലും ആവശ്യക്കാർ സ്വയം വിളമ്പിയാണ് ആഹാരം കഴിക്കേണ്ടത്. വിഭവങ്ങൾ വിവിധ തരത്തിലുണ്ട്. എങ്കിലും പരീക്ഷണത്തനു മുതിർന്നില്ല. രണ്ട് ഇഡ്ഡലി. ഒരു വട. ഷുഗർ ക്യൂബുകൾ കണ്ടപ്പോഴാണ് ഒരിക്കൽക്കൂടി കാപ്പി കുടിക്കാൻ കൗതുകം തോന്നിയത്.

സമയം 8.25. സമ്മേളനം ആരംഭിക്കുവാൻ നിമിഷങ്ങൾ മാത്രം. അവർ ഇടനാഴിയിൽക്കൂടി നടന്ന് സെമിനാർ ഹാളിന്റെ പിൻവാതിലിലൂടെ അകത്തു കടന്നു. ഹാൾ വിശാലമാണ്. ആദ്യദിവസങ്ങളിലെ ചർച്ചകളെല്ലാം ചെറിയ മുറികളിൽവച്ചായിരുന്നു. പല സംഘങ്ങളായി പിരിഞ്ഞ ഡെലിഗേറ്റുകൾ ഇഷ്ടവിഷയങ്ങൾ കേൾക്കാൻ മാത്രമാണു സമയം കണ്ടെത്തിയത്. വർഷത്തിലൊരിക്കൽ നടത്തപ്പെടാറുള്ള അഖിലേന്ത്യാ സമ്മേളനങ്ങളിൽ പലരും പങ്കെടുക്കുന്നതു കുടുംബസമേതമാണ്. പ്രഭാഷണങ്ങൾ കേൾക്കുന്നതിനേക്കാൾ കൂടുതൽ ഔത്സുക്യം കാഴ്ചകൾ കാണുന്നതിനാണ്. ഡെൽഹിയാണെങ്കിൽ സഞ്ചാരികളുടെ പറുദീസ. സന്ദർശകരെ വിസ്മയിപ്പിക്കുന്ന സ്മാരകങ്ങളുടെ നഗരി. പോരെങ്കിൽ മണിക്കൂറുകളുടെ അകലത്തിൽ അത്ഭുതങ്ങളുടെ ആഗ്ര. അതുകൊണ്ടുതന്നെ ആദ്യദിനങ്ങളിൽ അവതരിപ്പിച്ച വിഷയങ്ങൾ കേൾക്കുവാൻ ശ്രോതാക്കൾ കുറവായിരുന്നു. പക്ഷേ, പ്രതാപചന്ദ്രന്റെ പ്രസംഗം കേൾക്കുവാൻ താത്പര്യമുള്ളവർ ഏറെയുണ്ട്. എല്ലാവർക്കും കേൾക്കാൻ ഇഷ്ടമുള്ള വിഷയമാണ്.

ഹിന്ദുസ്ഥാൻ ടൈംസിലെ ഇന്നത്തെ പരിപാടികളുടെ കോളത്തിൽ പ്രതാപചന്ദ്രന്റെ പ്രസംഗത്തെപ്പറ്റി വാർത്തയുണ്ട്. അതുകൊണ്ടുകൂടിയായിരിക്കണം ഈ ആൾക്കൂട്ടം.

ഹാളിലെ മുൻനിരകൾ നിറഞ്ഞുകഴിഞ്ഞു. ഒഴിഞ്ഞ ഏതാനും ഇരിപ്പിടങ്ങൾ ഇടയിലുണ്ട്. മാധ്യമപ്രവർത്തകർക്കു പ്രസംഗപീഠത്തിന്റെ അടുത്തുതന്നെ കസേരകൾ ഒരുക്കിയിട്ടുണ്ട്.

"ഞാൻ അങ്ങോട്ടു പോകട്ടെ. പഴയ പരിചയക്കാരിൽ ചിലരെങ്കിലും അവിടെയുണ്ടാകും." ശ്രീദേവി സമ്മതം ചോദിച്ചു.

"അതിനെന്താ – യൂഗോ എഹെഡ്."

ഹാളിന്റെ ഇടതുവശത്തുകൂടി നടന്ന് അവൾ മുമ്പിലെത്തി. അവളെ കണ്ടു ചിലർ എഴുന്നേൽക്കുന്നതും പരിചയം പ്രകടിപ്പിക്കുന്നതും കണ്ടു. എവിടെ ചെന്നാലും ശ്രീദേവിക്കു പരിചയക്കാരുണ്ട്. പ്രത്യേകിച്ചു ഡെൽഹിയിൽ. ഡെൽഹിയിലാണ് അവൾ പഠിച്ചത്. ആദ്യകാലത്തെ പ്രവർത്തനരംഗവും തലസ്ഥാന നഗരിയായിരുന്നു. പലരും ഹസ്തദാനം ചെയ്താണ് അവളെ കൂട്ടത്തിൽ ചേർത്തത്. ഒരേ തൂവൽപ്പക്ഷികൾ ഒരുമിച്ചു ചേരുമെന്നു പറയുന്നതു വെറുതെയല്ല.

ഒഴിഞ്ഞുകിടന്ന ഒരു കസേരയിൽ ഇരുന്നതിനു ശേഷമാണ് ദേവദാസ് നാലുപാടും നോക്കിയത്. അലങ്കാര വിദഗ്ദ്ധന്മാരുടെ കലാബോധവും കരവിരുതും പ്രകടമാക്കുന്നവിധം മോടിപിടിപ്പിച്ച സമ്മേളനശാല. പ്ലാസ്റ്റർ ഓഫ് പാരീസ് പതിപ്പിച്ച മേൽച്ചുവരിൽ ചിത്രപ്പണികളും നിരന്നുകത്തുന്ന കാർത്തികദീപങ്ങളെപ്പോലെയുള്ള ചെറുവിളക്കുകളുമുണ്ട്. നക്ഷത്രഖചിതമായ ആകാശം ഈ ചെറുമുറിക്കുള്ളിൽ ഒതുക്കിയതുപോലെ.

ഇരുവശങ്ങളിലും ഒരുക്കിവച്ച ചൂരൽക്കൂടകളിൽ പലനിറത്തിലുള്ള പുതിയ പൂക്കൾ. കനത്ത വസ്ത്രങ്ങൾക്കടിയിലും അരിച്ചെത്തുന്ന തണുപ്പ്. ഉത്സാഹത്തോടുകൂടിയാണ് അടുത്ത കസേരയിലിരുന്ന അപരിചിതനെ അഭിമുഖീകരിച്ചത്.

"ഐ ആം ഡോക്ടർ ദേവദാസ് ഫ്രം കേരളാ- മേ ഐ നോ യുവർ നെയിം പ്ലീസ്-"

"ഡോക്ടർ ആറുമുഖം ഫ്രം റ്റമിൾനാട്- ഗ്ലാഡ്റ്റു മീറ്റ് യൂ."

ഹസ്തദാനം

കറുത്തു തടിച്ച രൂപം. കണ്ടാൽ തമിഴ് സിനിമയിൽനിന്നിറങ്ങിവന്ന സ്വഭാവനടനാണെന്നേ തോന്നൂ-

"ഐ ആം എ ഗൈനക്കോളജിസ്റ്റ്. ഐ റൺ എ സ്മാൾ ഹോസ്പിറ്റൽ-"

"ഐ ആം വർക്കിംഗ് നൗ ആസ് പ്രഫസർ ഓഫ് ഒബിജി ഇൻ മധുര മെഡിക്കൽ കോളേജ്-"

പെട്ടെന്നു മനസ്സിലെ വികാരത്തിനു മാറ്റംവന്നു.

"സാർ മുമ്പിൽ പോയി ഇരിക്കേണ്ടതായിരുന്നു." ആദരവോടെ ഇംഗ്ലീഷിൽ പറഞ്ഞു.

"സാരമില്ല. ചർച്ചയിൽ പങ്കെടുക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല."

പരിചയപ്പെടൽ കഴിഞ്ഞപ്പോൾ അയാൾ വേദിയിലേക്കു ശ്രദ്ധതിരിച്ചു. മുൻചുവരിൽ യോഗത്തിന്റെ ലക്ഷ്യം അറിയിക്കുന്ന തലവാചകങ്ങളുണ്ട്.

11th International Conference on
Management of Infertility
New Delhi - 2000

(വന്ധ്യതാ പരിഹാരത്തിനുവേണ്ടിയുള്ള മാർഗങ്ങൾ ചർച്ചചെയ്യുന്ന പതിനൊന്നാമത്തെ അന്തർദേശീയ സമ്മേളനം, ന്യൂഡെൽഹി – 2000)

വേദി അലങ്കരിക്കുന്നതിൽ അലങ്കാര വിദഗ്ധന്മാരുടെ പ്രത്യേക ശ്രദ്ധ പതിഞ്ഞിട്ടുണ്ട്. വിലപിടിപ്പുള്ള വിരിപ്പുകൊണ്ടു മൂടപ്പെട്ട മേശ. വിരിപ്പിന്റെ

ഞൊറികൾ നിലത്തുവരെ നീളുന്നു. മേശപ്പുറത്തുള്ള പളുങ്കുതളികയിൽ തെരഞ്ഞെടുത്ത പൂക്കൾ. ചിത്രപ്പണികളുള്ള കസേരകൾ. ആധുനിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയ പ്രസംഗപീഠം. ശബ്ദസംക്രമണത്തിനും ചിത്രീകരണത്തിനുമുള്ള നവീന സംവിധാനങ്ങൾ.

വിശിഷ്ടാതിഥികൾ എല്ലാവരും എത്തിക്കഴിഞ്ഞു. ഇരിപ്പിടങ്ങൾ നിറഞ്ഞു. അതിനു ശേഷമാണു ലേഡി ഹാർഡിംഗ് മെഡിക്കൽ കോളേജിലെ 'ഓ ആൻഡ് ജി' പ്രഫസരായ ഡോക്ടർ മാലതി ഗുപ്ത യോഗനിയന്ത്രണം ഏറ്റെടുത്തത്.

നല്ല ശബ്ദം. നല്ല ഭാഷ.

"വിശിഷ്ടരായ അതിഥികളേ- മഹതീ മഹാന്മാരേ-"

"വന്ധ്യതയുടെ ചികിത്സയുമായി ബന്ധപ്പെട്ട ഈ പ്രത്യേക സമ്മേളനം ആരംഭക്കുകയാണ്, നിങ്ങളുടെ അനുവാദത്തോടെ. (പരിചയപ്പെടലിന്റെയും കുശലംപറച്ചിലിന്റെയും മർമ്മരം പെട്ടെന്നു നിലച്ചു.) ഇന്നത്തെ യോഗത്തിൽ ആധ്യക്ഷ്യം വഹിക്കുന്നത് മുംബൈയിലെ പ്രശസ്ത ഗൈനക്കോളജിസ്റ്റായ ഡോക്ടർ ജതീൻ ഷാ ആണ്. അദ്ദേഹത്തെ പ്രത്യേകം പരിചയപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇന്ത്യയിൽ മാത്രമല്ല, വിദേശരാജ്യങ്ങളിലും അറിയപ്പെടുന്ന വ്യക്തിയാണദ്ദേഹം. അദ്ദേഹത്തിന്റെ എല്ലാ യോഗ്യതകളും മനസ്സിലാക്കുവാൻ ചിത്രങ്ങൾ കാണുക."

വിളക്കുകൾ ഉടനെ അണഞ്ഞു. വേദിയുടെ ഇടതുവശത്തു നിവർന്ന വെളുത്ത തിരശ്ശീലയിൽ ഡോക്ടർ ജതീൻ ഷായുടെ പൂർണ്ണകായ ചിത്രം തെളിഞ്ഞു. ചെറുപ്പത്തിൽ എടുത്ത ചിത്രമായതുകൊണ്ടായിരിക്കും പ്രായം അധികം തോന്നിക്കാത്തത്. അടുത്തത് അദ്ദേഹം ജോലിചെയ്യുന്ന അംബരചുംബിയായ ആശുപത്രിയുടെ ചിത്രം. അദ്ദേഹത്തിന്റെ ജനനത്തീയതി മുതലുള്ള കുടുംബകാര്യങ്ങൾ. ബിരുദങ്ങൾ... ബഹുമതികൾ...

പ്രദർശനം അവസാനിച്ചപ്പോൾ ഡോക്ടർ മാലതി ഗുപ്ത തുടർന്നു.

"ഡോക്ടർ ജതീൻ ഷായെ യോഗത്തിന്റെ അധ്യക്ഷപദം ഏറ്റെടുക്കുവാൻ ഞാൻ ആദരവോടെ ക്ഷണിക്കുന്നു."

കരഘോഷത്തിന്റെ ആരവങ്ങൾ അവസാനിച്ചപ്പോഴേക്കും ഹാളിൽ വെളിച്ചം പരന്നിരുന്നു. മുൻനിരയിൽ ഇരുന്നിരുന്ന "ഷാ" എഴുന്നേറ്റ് അധ്യക്ഷപീഠത്തിലേക്കു നടന്നുകയറി. പഴയ സമ്മേളനവേദികളിൽ കണ്ടിട്ടുള്ള മുഖമാണ്. അറുപതു വയസ്സ് കഴിഞ്ഞിട്ടുണ്ടെന്നാണ് തിരശ്ശീലയിൽനിന്നു കിട്ടിയ അറിവ്. എങ്കിലു യുവത്വം വിട്ടുമാറിയിട്ടില്ല. കറുത്ത ചായം തേച്ചുപിടിപ്പിച്ച മുടി അദ്ദേഹത്തിന്റെ പ്രായത്തിനു ഗണ്യമായ കുറവു വരുത്തിയിട്ടുണ്ട്. അധ്യക്ഷസ്ഥാനം ഏറ്റെടുത്തെന്നു വരുത്തി അദ്ദേഹം പ്രസംഗപീഠത്തിന്റെ അരുകിലേക്കു നീങ്ങി. ഉറ്റസുഹൃത്തായ ഉച്ചഭാഷിണി കൂടെയുണ്ട്.

**ഡോക്ടർ പ്രതാപചന്ദ്രനെ ഒന്നുരണ്ടു തവണ കണ്ടിട്ടുണ്ട്. എങ്കിലും അടുത്തിടപഴകുവാൻ അവസരം കിട്ടിയിട്ടില്ല. തന്റെ രോഗിണികളിൽ ചിലർ പ്രതാപചന്ദ്രനെ കാണണമെന്നു പറഞ്ഞു കത്തു വാങ്ങിച്ചിട്ടുണ്ട്. അദ്ദേഹത്തിന് പ്രായം അൻപതു കടന്നിരിക്കും. ഒതുക്കമുള്ള ശരീരം കരുതലോടുകൂടിയ ജീവിതശൈലിയുടെ തെളിവാണ്. പാശ്ചാത്യവേഷത്തിൽ ആരുടെയും ശ്രദ്ധ പിടിച്ചുപറ്റുന്ന ആകാരം. അദ്ദേഹം പ്രസംഗപീഠത്തിലേക്കു കയറിയപ്പോൾ കൈ തട്ടിയവർ അനേകർ. സമാന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ നേട്ടങ്ങൾ അംഗീകരിക്കുവാൻ മടിക്കുന്നവരാണു കൂടുതൽ.**

തുടക്കത്തിൽ ആചാരപരമായ ഭംഗിവാക്കുകൾ. തുടർന്ന് പ്രബന്ധം അവതരിപ്പിക്കുന്ന വ്യക്തിയുടെ അപദാനങ്ങൾ. എല്ലാം സ്ഫുടവും ശുദ്ധവുമായ ആംഗലഭാഷയിൽ.

"ഇന്നിവിടെ പ്രബന്ധം അവതരിപ്പിക്കുന്ന ഡോക്ടർ പ്രതാപചന്ദ്രൻ വന്ധ്യതാ പരിഹാരത്തിനു പരിശ്രമിക്കുന്ന എല്ലാവർക്കും സുപരിചിതനാണ്. അപുത്രതയുടെ പരിഹാരം തേടി അദ്ദേഹം നടത്തിയിട്ടുള്ള പരീക്ഷണങ്ങളും പഠനങ്ങളും പ്രശംസ നേടിയിട്ടുള്ളതാണ്. സന്താനസൗഭാഗ്യമില്ലാത്ത അനേകം കുടുംബിനികൾക്ക് അദ്ദേഹം ആശ്വാസം പകർന്നിട്ടുണ്ട്."

കേൾവിക്കാരുടെ ഇടയിൽ അടക്കിപ്പിടിച്ച ചിരിയുടെ മർമ്മരം.

അദ്ധ്യക്ഷന്റെ വാക്കുകളിൽ ദുഃസൂചനയുണ്ടോ എന്നു ചിലർക്കു സംശയം.

"ഒരുവിധത്തിൽ പറഞ്ഞാൽ അദ്ദേഹം അനേകം കുട്ടികളുടെ പിതാവാണ്."

അടക്കിനിർത്തിയിരുന്ന ചിരി തിരികൊളുത്തിയ പടക്കംപോലെ പൊട്ടിച്ചിതറി. പ്രസംഗകന്റെ ചുണ്ടിൽ ചിരിയില്ല. നിശ്ശബ്ദത വീണ്ടെടുക്കുവാൻ ഏതാനും നിമിഷങ്ങൾ വേണ്ടിവന്നു.

"അനപത്യതമൂലം ദുഃഖം അനുഭവിക്കുന്നവരുടെ ആശയും ആശ്രയകേന്ദ്രവുമാണദ്ദേഹം. തന്റെ ഏറ്റവും പുതിയ പരീക്ഷണങ്ങളേക്കുറിച്ചു പറയുവാനാണ് അദ്ദേഹം ഇന്നിവിടെ നിൽക്കുന്നത്. ഞാനും അദ്ദേഹത്തിന്റെ അധരത്തിൽനിന്നും പൊഴിയുന്ന മൊഴികൾ കേൾക്കുവാൻ ആകാംക്ഷയോടെ കാക്കുന്നു. സധാരണയായി ഒരു ശാസ്ത്ര പ്രബന്ധം അവതരിപ്പിക്കുവാൻ ക്ലിപ്തമായ സമയമാണു കൊടുക്കുക. പക്ഷേ, ഡോക്ടർ പ്രതാപചന്ദ്രന് ആവശ്യമുള്ളത്രയും സമയം അനുവദിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗം കഴിയുമ്പോൾ അറിവിന്റെ പുതിയ വെളിച്ചം മനസ്സിൽ സൂക്ഷിച്ചുകൊണ്ടായിരിക്കും നാം മടങ്ങുക. ഇത്രയും പറഞ്ഞുകൊണ്ട് പ്രബന്ധം അവതരിപ്പിക്കുവാൻ ഡോക്ടർ പ്രതാപചന്ദ്രനെ ഞാൻ സാദരം ക്ഷണിക്കുന്നു."

സ്വാഗതത്തിന്റെ കരഘോഷം പുതിയ പകർച്ചവ്യാധിപോലെ പടർന്നു.

ഡോക്ടർ പ്രതാപചന്ദ്രനെ ഒന്നുരണ്ടു തവണ കണ്ടിട്ടുണ്ട്. എങ്കിലും അടുത്തിടപഴകുവാൻ അവസരം കിട്ടിയിട്ടില്ല. തന്റെ രോഗിണികളിൽ ചിലർ പ്രതാപചന്ദ്രനെ കാണണമെന്നു പറഞ്ഞു കത്തു വാങ്ങിച്ചിട്ടുണ്ട്. അദ്ദേഹത്തിന് പ്രായം അൻപതു കടന്നിരിക്കും. ഒതുക്കമുള്ള ശരീരം കരുതലോടുകൂടിയ ജീവിതശൈലിയുടെ തെളിവാണ്. പാശ്ചാത്യവേഷത്തിൽ ആരുടെയും ശ്രദ്ധ പിടിച്ചുപറ്റുന്ന ആകാരം. അദ്ദേഹം പ്രസംഗപീഠത്തിലേക്കു കയറിയപ്പോൾ കൈ തട്ടിയവർ അനേകർ. സമാനജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ നേട്ടങ്ങൾ അംഗീകരിക്കുവാൻ മടിക്കുന്നവരാണു കൂടുതൽ. എന്തെങ്കിലും കുറവുകൾ കണ്ടുപിടിക്കുവാനുള്ള അന്വേഷണങ്ങൾ അവർ നിരന്തരം നടത്തിക്കൊണ്ടിരിക്കും. എന്നാൽ, പ്രതാപചന്ദ്രൻ എല്ലാവരുടെയും അംഗീകാരം നേടിയിട്ടുണ്ട്. അതുകൊണ്ടാണ് അദ്ദേഹം പറയുന്നതു കേൾക്കുവാൻ സദസ്സ് ക്ഷമയോടെ കാത്തിരിക്കുന്നത്. അദ്ദേഹം സങ്കോചംകൂടാതെ സംസാരിക്കാൻ തുടങ്ങി.

"ഗുരുതുല്യനായ ഡോക്ടർ ജതീൻ ഷാ, യോഗ ഭാരവാഹികളെ, ആരാധ്യരായ വിദേശ ഡെലിഗേറ്റുകളേ, നാടിന്റെ നാനാഭാഗത്തുനിന്നും വന്ന വിദഗ്ദ്ധരേ, ആദരണീയരായ വാർത്താവാഹകരേ - എന്റെ വിനീതമായ വന്ദനം. ഇതുപോലെയുള്ള മഹാസമ്മേളനങ്ങളിൽ പങ്കെടുത്തു സംസാരിക്കുവാൻ




എനിക്ക് അവസരം തന്ന സംഘാടകരോട് എനിക്കുള്ള നന്ദി അളവില്ലാത്തതാണ്. എന്റെ എളിയ പരിശ്രമങ്ങളെ പുകഴ്ത്തിയ ഡോക്ടർ ജതീൻ ഷായോട് എനിക്കുള്ള കടപ്പാട് വലുതാണ്. എന്റെ വാക്കുകൾ കേൾക്കുവാൻ ഇവിടെ തടിച്ചുകൂടിയ എല്ലാവരോടും എനിക്കുള്ള നന്ദി ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് ഞാൻ വിഷയത്തിലേക്കു കടക്കുന്നു."

"അനപത്യത ആദിമമനുഷ്യരെപ്പോലും ആകുലപ്പെടുത്തിയിരുന്നു. അതുകൊണ്ടുതന്നെ പുത്രലാഭത്തിനുവേണ്ടി പ്രാചീന കാലം മുതൽക്കുതന്നെ മനുഷ്യർ പരിശ്രമിച്ചിരുന്നു."

വന്ധ്യതയുടെ ചികിത്സാരംഗത്തു പ്രവർത്തിക്കുന്ന വിദഗ്ദ്ധരുടെ മുമ്പിൽ ഇത്ര നീണ്ട മുഖവുര ആവശ്യമില്ല. പക്ഷേ, ശ്രമിക്കുന്നതു മാധ്യമപ്രവർത്തകരെ പ്രീണിപ്പിക്കുവാനാണ്.

"ഭാര്യ വന്ധ്യയെങ്കിൽ ദാസികളിൽക്കൂടി വംശം നിലനിർത്തുന്ന രീതി പഴയനിയമകാലത്തു നിലനിന്നിരുന്നു. ദൈവത്തിന്റെ ഇടപെടൽ മൂലം വന്ധ്യകൾ സപുത്രരാകുന്നതു വേദഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. സന്താനലബ്ധിക്കുവേണ്ടി തപസ്സുകളും യജ്ഞങ്ങളും നടത്തിയ പുരാണ കഥാപാത്രങ്ങളേക്കുറിച്ചു ചിലർക്കെങ്കിലും അറിയാം. പുത്രകാമേഷ്ടി യാഗത്തിനുശേഷം ദശരഥ പത്നിമാർ കുടിച്ച പായസത്തിൽ ഒരുപക്ഷേ 'ക്ലോമിഫീൻ' കലർന്നിരിക്കാം."

പുരാണകഥകൾ ഉദ്ധരിച്ചതു വിദേശ ഡെലിഗേറ്റുകളുടെ കൗതുകം വളർത്തുവാനായിരുന്നു.

വീണ്ടും ചില പഴങ്കഥകൾ അദ്ദേഹം എടുത്തുപറഞ്ഞു. നീണ്ട മുഖവുരയ്ക്കുശേഷം വന്ധ്യതയുടെ പരിഹാരത്തിന് അന്നുവരെ സ്വീകരിച്ച ചികിത്സാരീതികളുടെ വിവരണമുണ്ടായി. എല്ലാം അറിയുന്നവർ അക്ഷമരായെങ്കിലും അവതാരകന്റെ സവിശേഷമായ അവതരണരീതിയിൽ അവരും ആകൃഷ്ടരായി. അവരെ പുകഴ്ത്തുവാനും അദ്ദേഹം മറന്നില്ല. പ്രസംഗത്തിന്റെ ആരംഭത്തിൽ ശ്രോതാക്കളെ പ്രശംസിക്കുന്ന തന്ത്രം ഡേൽകാർനീജിയുടെ പുസ്തകത്തിൽനിന്നു പഠിച്ചതാകാം. പ്രശംസ ശ്രോതാവിന്റെ ഹൃദയത്തെ കളിമണ്ണുപോലെ പാകപ്പെടുത്തുമെന്നാണ് കാർണീജി പറഞ്ഞിട്ടുള്ളത്.

"സന്താനോത്പാദനശേഷിയില്ലാത്ത സ്ത്രീപുരുഷന്മാരെ ചികിത്സിച്ചു വിജയം നേടിയവരാണ് എന്റെ മുമ്പിലിരിക്കുന്ന മഹാരഥന്മാർ. അവരിൽ പലരും എന്റെ വഴികാട്ടികളാണ്. ആചാര്യസമന്മാരാണ്. അവരുടെ സാന്നിധ്യത്തിൽ എന്റെ എളിയ ശ്രമങ്ങളേക്കുറിച്ചു സംസാരിക്കാൻ സങ്കോചമുണ്ട്. എങ്കിലും നമ്മുടെ വിഷയത്തിൽ അത്രയധികം അവഗാഹമില്ലാത്തവർക്കുവേണ്ടി കുറച്ചുസമയം ഞാൻ എടുക്കുന്നു. ദയവായി ക്ഷമിക്കുക."

വന്ധ്യത എന്ന അവസ്ഥ എന്താണെന്നും അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും ഭൂരിപക്ഷം ശ്രോതാക്കളുടെയും നീരസം നേടിക്കൊണ്ട് അദ്ദേഹം വിവരിച്ചു. പിന്നീട് സ്ത്രീകളുടെ കുഴപ്പങ്ങൾ പരിഹരിക്കുവാൻ അദ്ദേഹം സ്വീകരിച്ച ഉപായങ്ങൾ വിശദീകരിച്ചു.

"അപുത്രതയുടെ ശാപമോക്ഷത്തിനു ദമ്പതികളെ സഹായിച്ച ഒരു ചികിത്സാ സമ്പ്രദായമാണ് 'കൃത്രിമ ബീജധാരണം'. കുട്ടികളില്ലാത്തവർ എന്തിനും സന്നദ്ധരാണ്. എങ്കിലും അന്യന്റെ ബീജമാണു തന്റെയുള്ളിൽ വളരുന്നതെന്ന വിചാരം അസ്വാസ്ഥ്യജനകമാണ്. സത്യം അറിയാതിരിക്കാനാണ് അവർ ആഗ്രഹിക്കുന്നത്. സത്യം തുറന്നുപറയണോ വേണ്ടയോ എന്ന ധാർമികപ്രശ്നത്തിന്റെ മുമ്പിൽ നമ്മിൽ പലരും പകച്ചുനിൽക്കാറുണ്ട്. പക്ഷേ, നിരാശയുടെ ചുഴിയിൽപ്പെട്ടവരെ പിടിച്ചുകയറ്റാൻ നമുക്കു കടമയുണ്ട്. ദുഃഖിക്കുന്നവരെ ആശ്വസിപ്പിക്കുവാനും കുടുംബബന്ധങ്ങൾ ഉറപ്പിക്കുവാനും സ്വീകരിക്കുന്ന മാർഗങ്ങൾ ധർമ്മനീതിക്കു യോജിച്ചതല്ലെങ്കിൽപ്പോലും നീതീകരിക്കാമെന്നാണ് എന്റെ പക്ഷം.

പ്രസംഗമദ്ധ്യേ ജതീൻ ഷാ ഡോക്ടർ പ്രതാപചന്ദ്രനെക്കുറിച്ചു പറഞ്ഞ കാര്യങ്ങൾ സാധൂകരിക്കുന്ന വാദമായിരുന്നു അത്.

"വന്ധ്യതയ്ക്കു പരിഹാരം കാണുവാൻ ആധുനികകാലത്ത് അത്ഭുതകരമായ പല ചികിത്സാരീതികളും പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഏറ്റവും വലിയ വിജയം നേടിയ ചികിത്സാരീതിയാണ് ഗർഭാശയബാഹ്യ ബീജസങ്കലനം (In vitro fertilisation). ആദ്യത്തെ ടെസ്റ്റ് ട്യൂബു ബേബിയായ ലൂസി ബ്രൗണിന്റെ ജന്മകഥ നമുക്കു സുപരിചിതമാണ്. പ്രയോഗത്തിൽ വരുത്താൻ സാധിക്കുമെങ്കിലും ഈ ചികിത്സാരീതി ചെലവേറിയതാണ്. ഈ ചികിത്സ ലഭ്യമാക്കുന്ന കേന്ദ്രങ്ങളും കുറവാണ്. അതുകൊണ്ട് ചെലവുകുറഞ്ഞതും. ചെറിയ പരിശീലനംകൊണ്ട് ഏതു ഗൈനക്കോളജിസ്റ്റിനും പരീക്ഷിക്കാവുന്നതുമായ ഒരു ചികിത്സാരീതിയാണു ഞാൻ വികസിപ്പിച്ചെടുത്തത്. അതാണ് ഓവേറിയൻ ട്രാൻസ്പ്ലാന്റേഷൻ."

ഉടൻതന്നെ സദസ്യരുടെ അസ്വാസ്ഥ്യം പ്രകടമായി. അവിശ്വാസം ചോദ്യശരങ്ങളായി രൂപപ്പെടുന്നതിനുമുമ്പ് അദ്ധ്യക്ഷൻ ഇടപെട്ടു.




"ലെറ്റ് ഹിം ഫിനീഷ്. (പ്രസംഗം പൂർത്തിയാക്കുവാൻ അദ്ദേഹത്തെ അനുവദിക്കൂ. ചോദ്യങ്ങൾക്കു പിന്നീടു സമയമുണ്ട്.)

"നിങ്ങളിൽ പലർക്കും അംഗീകരിക്കാൻ കഴിയാത്ത ഒരാശയമാണ് ഞാനിവിടെ അവതരിപ്പിച്ചത്. പറഞ്ഞുതീർക്കുന്നതുവരെ ദയവായി ക്ഷമിക്കുക."

മറ്റൊരാളിന്റെ ഓവറി (അണ്ഡാശയം) മുറിച്ചെടുത്ത് വന്ധ്യയുടെ അണ്ഡനാളവുമായി കൂട്ടിച്ചേർക്കുന്നതെങ്ങനെയാണെന്ന് അദ്ദേഹം വിവരിച്ചു. പ്രസംഗത്തിനു തടസ്സമുണ്ടാക്കുന്ന ചോദ്യങ്ങൾ പാടില്ലെന്നാണ് നിർദേശം. എങ്കിലും കേൾവിക്കാരിൽ ചിലർക്ക് പ്രതികരിക്കാതിരിക്കുവാൻ കഴിഞ്ഞില്ല.

"ഒട്ടിച്ചേർക്കാൻ ഉപയോഗിച്ച ഓവറികൾ എവിടെനിന്നു കിട്ടി?"

"പ്രസവശേഷം പി.പി.എസ് (Post Partium Sterilisation) ചെയ്യുമ്പോൾ ഒരു ഓവറികൂടി എടുത്തുമാറ്റും."

"ഉടമസ്ഥരറിയാതെയോ?"

"അല്ല. അവരുടെ പൂർണ്ണ സമ്മതത്തോടും സഹകരണത്തോടുംകൂടി."

"ഓവറി ഇല്ലാതാകുമ്പോഴുണ്ടാകുന്ന കുഴപ്പങ്ങളെക്കുറിച്ച് അവരോടു പറയുമോ?"

"ഇല്ലാതാകുന്നില്ല. ഹോർമോണുകൾ ഉത്പാദിപ്പിക്കുവാൻ ഒരോവറി മതിയാകും."

"യഥാർത്ഥത്തിൽ നിങ്ങൾ ചെയ്യുന്നത് എന്താണ്?"

"മുറിച്ചെടുത്ത ഓവറി റിങ്ങർലായനിയിൽ കഴുകി നേരത്തെതന്നെ ഓപ്പറേഷനുവേണ്ടി ഒരുക്കിയ ആവശ്യക്കാരിയുടെ വയറു തുറന്ന് അണ്ഡനാളത്തിൽ തുന്നിച്ചേർക്കും."

വീണ്ടും പ്രതിഷേധ ശബ്ദങ്ങൾ.

"അല്പംകൂടി ക്ഷമിക്കൂ. എന്റെ വിജയകഥ കേൾക്കുമ്പോൾ നിങ്ങളുടെ എല്ലാ സന്ദേഹങ്ങളും തീരും. പ്ലീസ് സ്വിച്ച് ഓഫ് ദി ലൈറ്റ്."

ഇരുട്ടിൽ തിരശ്ശീല വീണ്ടും സജീവമായി. ഒരു മൂന്നുനിലക്കെട്ടിടത്തിന്റെ ചിത്രം.

"എന്റെ ആശുപത്രി. പ്രതാപ്സ് ഇൻഫെർട്ടിലിറ്റി ക്ലിനിക്. ഇവിടെയാണ് എല്ലാം സംഭവിച്ചത്."

ലാപ്ടോപ്പിന്റെ ബട്ടണുകൾ അമർത്തുമ്പോൾ മാറിമാറി വരുന്ന ചിത്രങ്ങൾ. മധ്യവയസ്കയായ ഒരു സ്ത്രീ.

കെ. 33 വയസ്സ്. എട്ടുവർഷത്തെ ദാമ്പത്യം. ഒന്നാമത്തെ വർഷം മുതൽ നടത്തിയ പരിശോധനകൾ. പരീക്ഷണങ്ങൾ.

"എല്ലാ ചികിത്സയും പരാജയപ്പെട്ടപ്പോഴാണ് എന്റെ ഓപ്പറേഷനു വിധേയയാകാൻ സമ്മതിച്ചത്."

ശസ്ത്രക്രിയയുടെ വിവിധ ഘട്ടങ്ങൾ തിരശ്ശീലയിൽ തെളിഞ്ഞു. വിജയകരമായ ശസ്ത്രക്രിയയ്ക്കുശേഷം ഓവറിയുടെ അവസ്ഥ മനസ്സിലാക്കുവാൻ അൾട്രാസൗണ്ട് ഉപയോഗിച്ചു നടത്തിയ നിരീക്ഷണങ്ങൾ. ഒട്ടിച്ചേർത്ത ഓവറിയുടെ തിരസ്കരണം ഉണ്ടാകാതിരിക്കുവാൻ ഉപയോഗിച്ച ഔഷധം. ഓപ്പറേഷനുശേഷം ഗർഭധാരണത്തിനുവേണ്ടിയുള്ള കാത്തിരിപ്പ്. അത്ഭുതകരമായ വിജയം. 22 വന്ധ്യകളിൽ നടത്തിയ ശസ്ത്രക്രിയകളുടെ വിജയകഥ. 22 പേരിൽ ഒൻപതു പേർ അമ്മമാരായി. അവരുടെ ഗർഭകാല ചിത്രങ്ങൾ. പ്രസവശേഷം തൊട്ടിലിൽ കിടക്കുന്ന കുട്ടികളോടൊപ്പമുള്ള ചിത്രങ്ങൾ. വളർച്ചയുള്ള കുട്ടികളെ മാറോടണച്ചു പുഞ്ചിരിക്കുന്ന അമ്മമാരുടെ ചിത്രങ്ങൾ.

പി ഒന്ന് കെ-33.

പി അഞ്ച് എൻ-38.

പി ഏഴ് എം-32.

അങ്ങനെ ഒൻപത് അമ്മമാരുടെ ധന്യനിമിഷങ്ങൾ.

'ബേബി വിജയ്' എന്ന മൂന്നുവയസ്സുകാരന്റെ പാൽപ്പുഞ്ചിരി പൊഴിക്കുന്ന മുഖം പ്രദർശിപ്പിച്ചുകൊണ്ടാണ് ഡോക്ടർ പ്രതാപചന്ദ്രൻ പ്രസംഗം അവസാനിപ്പിച്ചത്.

പ്രസംഗത്തിന്റെ മാസ്മരികതയിൽ നിശ്ചലരായിത്തീർന്ന ശ്രോതാക്കൾ പെട്ടെന്നു പ്രതികരിക്കാൻ മറന്നുപോയി. അനന്തമെന്നു തോന്നിയ അഭിനന്ദനത്തിന്റെ ഹസ്തതാഡനം നിലച്ചത് നീണ്ടസമയത്തിനുശേഷമാണ്. പലരും പുതിയ ബഹുമാനത്തോടുകൂടിയാണ് പ്രതാപചന്ദ്രനെ കാണുന്നത്. തങ്ങൾ തോറ്റിടത്ത് മറ്റൊരാൾ വിജയിക്കുന്നതു കാണുമ്പോൾ സ്പർധയാണ് സാധാരണ തോന്നുക. ചിലപ്പോൾ ആദരവുണ്ടാകും. അഭിമാനമുണ്ടാകും. അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുകൾ പ്രതീക്ഷിച്ചുകൊണ്ടു നിൽക്കുമ്പോഴാണ് മുൻനിരയിൽനിന്ന് ഒരു വിശിഷ്ടാതിഥി എഴുന്നേറ്റത്. വെള്ളക്കാരനാണെന്നു വ്യക്തം. വെള്ളിപോലെ തിളങ്ങുന്ന മുടി. പ്രായം നിർണയിക്കാൻ പ്രയാസമാണ്. നാല്പതിനും എഴുപതിനും ഇടയ്ക്കാണെന്നു വേണമെങ്കിൽ പറയാം.

"ക്ഷമിക്കണം, തടസ്സമുണ്ടാക്കുന്നതിന്. ഞാൻ ലണ്ടനിലെ സെന്റ് മേരീസ് ഹോസ്പിറ്റലിൽനിന്നു വന്ന ജോൺ ബാർബർ." (സ്വയം പരിചയപ്പെടുത്തിക്കൊണ്ട് അദ്ദേഹം തുടങ്ങി. ബ്രിട്ടീഷുകാരന്റെ ഇംഗ്ലീഷ് ശുദ്ധവും സ്ഫുടവുമാണെന്നു വിശേഷിപ്പിക്കുന്നതു വിഡ്ഢിത്തമാവും.)

"അവതാരകന്റെ അവകാശവാദം അംഗീകരിക്കാൻ എനിക്കു കഴിയില്ല. അദ്ദേഹം പറഞ്ഞതെല്ലാം ശുദ്ധ അസംബന്ധമാണ്. അതുപോലെയുള്ള ഒരു ചികിത്സ അസാധ്യമാണ്." ദൃഢസ്വരത്തിൽ അദ്ദേഹം പറഞ്ഞു.

"നിങ്ങളുടെ എതിർപ്പിന്റെ കാരണങ്ങൾ അറിഞ്ഞാൽ കൊള്ളാം."

കീഴടങ്ങാൻ പ്രതാപചന്ദ്രൻ കൂട്ടാക്കിയില്ല.

"വളരെ വർഷങ്ങൾക്കു മുമ്പുതന്നെ ഇതുപോലെയുള്ള ഓപ്പറേഷൻ ഞങ്ങൾ പരീക്ഷിച്ചിട്ടുള്ളതാണ്. പരീക്ഷിച്ചവർ പരിചയസമ്പന്നന്മാരായിരുന്നു. ആധുനികശാസ്ത്രത്തിന്റെ എല്ലാ പിന്തുണയും അവർക്കുണ്ടായിരുന്നു. അവരുടെ എല്ലാ പരിശ്രമങ്ങളും പരാജയത്തിലാണു കലാശിച്ചത്."

"നിങ്ങൾ പരാജയപ്പെട്ടതുകൊണ്ടു മറ്റുള്ളവർക്കു വിജയം കൈവരിക്കാൻ കഴിയില്ലെന്നു കരുതാമോ? ഹൃദയം മാറ്റിവയ്ക്കാൻ എത്രപേർ ശ്രമിച്ചിട്ടുണ്ടാകും. ഒടുവിൽ ഒരു ക്രിസ്ത്യൻ ബെർണാഡു വേണ്ടിവന്നു ആ ഗവേഷണം സഫലമാക്കുവാൻ."

"നിങ്ങൾ ഒരു ക്രിസ്ത്യൻ ബെർണാഡാണെന്നു കരുതുവാൻ എനിക്കു വിഷമമുണ്ട്. ഓവറി ഉത്പാദിപ്പിക്കുന്ന ഹോർമോണുകളെപ്പറ്റിയും ഓവറിയെ നിയന്ത്രിക്കുന്ന പിറ്റ്യൂറ്ററിയുടെ പ്രവർത്തനങ്ങളെപ്പറ്റിയും അറിയാവുന്നവർക്ക് നിങ്ങൾ വിവരിച്ച ഓപ്പറേഷൻ വിജയിക്കുമെന്നു വിശ്വസിക്കാനാവില്ല."

"ഒരുകാലത്ത് അസാധ്യമെന്നു കരുതിയ പല കാര്യങ്ങളും സാധിക്കുമെന്ന് കാലം തെളിയിച്ചിട്ടില്ലേ? ഇൻവിട്രോ ഫെർട്ടിലൈസേഷൻ വിജയിക്കുമെന്ന് ആരെങ്കിലും വിശ്വസിച്ചിരുന്നോ? ഒരാളുടെ ഓവറി അടർത്തിയെടുത്ത് മറ്റൊരാളുടെ ഗർഭാശയത്തിൽ നിക്ഷേപിച്ച് ഗർഭധാരണം സാധ്യമാകുമെന്ന് ആരെങ്കിലും സങ്കല്പിച്ചിരുന്നോ? അസാധ്യമായത് ഒന്നും ഇല്ലെന്നല്ലേ പറയാറുള്ളത്. പിന്നെന്തിനീ ദുശ്ശങ്ക?"

ആത്മവിശ്വാസത്തോടുകൂടിയുള്ള മറുപടി ആയിരുന്നു ഡോക്ടർ പ്രതാപചന്ദ്രന്റേത്.

"വാദത്തിനുവേണ്ടി അങ്ങനെ പലതും പറയാം. എന്നാൽ, പ്രതിരോപണത്തിന്റെ (Transplantation) അടിസ്ഥാനതത്ത്വങ്ങൾ അറിയാവുന്നവർ ഈ ഓപ്പറേഷൻ അസാധ്യമാണെന്നു വീണ്ടും വീണ്ടും പറയും."

ഡോക്ടർ പ്രതാപചന്ദ്രന്റെ ശക്തമായ പ്രതിരോധം അനുകൂല തരംഗങ്ങൾ സൃഷ്ടിച്ചു. മുംബൈയിൽനിന്നുള്ള ഡോക്ടർ മസാനിയും ചെന്നൈയിൽനിന്നുള്ള ഡോക്ടർ രാമമൂർത്തിയും വിഷയത്തിന്റെ ആഴങ്ങളിലേക്കു കടക്കാതെ പ്രതാപചന്ദ്രനെ അനുമോദിച്ചു. സംശയാലുക്കളെ മുഴുവൻ നിശബ്ദരാക്കുവാൻ അവർക്കു കഴിഞ്ഞില്ല. ചോദ്യങ്ങളുടെ ശരവർഷം തുടർന്നു. കുരുക്ഷേത്രത്തിലെ അർജുനനെപ്പോലെ അദ്ദേഹം അജയ്യനായി നിന്നു.

"അപ്പോൾ ഞാൻ പറഞ്ഞതെല്ലാം കളവാണെന്നാണോ താങ്കൾ കരുതുന്നത്?"

"അങ്ങനെ കരുതാനാണു വിവേകം എന്നോടാവശ്യപ്പെടുന്നത്."

"നിങ്ങളുടെ പ്രായത്തെയും പരിചയസമ്പത്തിനെയും ഞാൻ ആദരിക്കുന്നു. നിങ്ങൾ ഞങ്ങളുടെ അതിഥിയാണ്. അതിഥികളെ ബഹുമാനിക്കുന്ന സംസ്കാരമാണു ഞങ്ങളുടേത്. തീർച്ചയായും നിങ്ങളുടെ അവിശ്വാസത്തിന് അടിസ്ഥാനമുണ്ട്. പക്ഷേ, സത്യസന്ധതയും സാമർത്ഥ്യവും ആരുടെയും കുത്തകയല്ലെന്നു മനസ്സിലാക്കണം."

ഡോക്ടർ പ്രതാപചന്ദ്രന്റെ ശക്തമായ പ്രതിരോധം അനുകൂല തരംഗങ്ങൾ സൃഷ്ടിച്ചു. മുംബൈയിൽനിന്നുള്ള ഡോക്ടർ മസാനിയും ചെന്നൈയിൽനിന്നുള്ള ഡോക്ടർ രാമമൂർത്തിയും വിഷയത്തിന്റെ ആഴങ്ങളിലേക്കു കടക്കാതെ പ്രതാപചന്ദ്രനെ അനുമോദിച്ചു. സംശയാലുക്കളെ മുഴുവൻ നിശബ്ദരാക്കുവാൻ അവർക്കു കഴിഞ്ഞില്ല. ചോദ്യങ്ങളുടെ ശരവർഷം തുടർന്നു. കുരുക്ഷേത്രത്തിലെ അർജുനനെപ്പോലെ അദ്ദേഹം അജയ്യനായി നിന്നു.

"ഓവറിയെ നിയന്ത്രിക്കുന്നതു പിറ്റ്യൂറ്ററിയാണെന്നു നമുക്കറിയാം. അപ്പോൾ ഓവറി മാത്രം മാറ്റിവച്ചതുകൊണ്ടു ഫലമുണ്ടാകുമോ?"

"ഓവറി ഒട്ടിച്ചേർന്നെന്ന് ഉറപ്പുവരുത്തിയശേഷം പ്രത്യേക മരുന്നുകൾ കൊടുത്ത് ഓവുലേഷൻ നിയന്ത്രിക്കും."

"പണം കൊടുത്താണോ നിങ്ങൾ ഓവറി വാങ്ങുന്നത്?"

മറുപടി പെട്ടെന്നുണ്ടായെങ്കിലും അദ്ദേഹത്തിന്റെ ശബ്ദം ദുർബലമായിരുന്നു. ദുർബലമായ മറുപടി കൂടുതൽ ചോദ്യങ്ങൾക്കു വഴിതെളിച്ചു.

മാധ്യമപ്രവർത്തകരുടെ കോണിൽനിന്ന് ഒരാൾ എഴുന്നേൽക്കുന്നു. ഓ – തന്റ ശ്രീ – എന്താണാവോ ചോദിക്കാൻ പോകുന്നത്? തീർച്ചയായും അബദ്ധമൊന്നും പറയില്ല. നല്ലതുപോലെ പഠിക്കാതെ അവൾ ഒരു വിഷയത്തിലും അഭിപ്രായം പറയില്ല. തന്റെ ജീവിതത്തിന്റെ പങ്കാളിയായതിനുശേഷം വൈദ്യശാസ്ത്രത്തിലെ പല വിവരങ്ങളും അവൾ ചോദിച്ചു മനസ്സിലാക്കിയിട്ടുണ്ട്. വായിച്ചിട്ടുണ്ട്.

"ശ്രീദേവി മേനോൻ, ഫ്രം 'ട്രൂത്ത് ഒൺലി'...! നിങ്ങളുടെ ഓപ്പറേഷനെത്തുടർന്നുണ്ടായ കുട്ടികൾ യഥാർത്ഥത്തിൽ ആ ഓപ്പറേഷന്റെ വിജയഫലമാണെന്ന് എങ്ങനെ ഉറപ്പിക്കാം?"

"ദാറ്റ് ഈസ് എ ഗുഡ് ക്വസ്റ്റ്യൻ."

അഭിനന്ദനസ്വരം. വാസ്തവത്തിൽ ഉത്തരംമുട്ടുമ്പോൾ പലരും സ്വീകരിക്കുന്ന തന്ത്രമാണത്. പലരും പരുക്കേൽക്കാതെ ഒഴിഞ്ഞുമാറാൻ സ്വീകരിക്കുന്ന പഴയ നയം. വിശ്വസനീയമായ മറുപടി പറയാൻ വേണ്ട സാവകാശം സൃഷ്ടിക്കുകയാണ്.

"ഏഴെട്ടു വർഷങ്ങൾ കുടുംബജീവിതം നയിച്ചു മക്കളുണ്ടാകാത്തവർക്ക് ഈ ഓപ്പറേഷനെ തുടർന്നു മക്കളുണ്ടായാൽ മറ്റെന്താണു മനസ്സിലാക്കേണ്ടത്?"

"അതൊരു ഊഹം മാത്രമാണ്. എന്തെങ്കിലും വ്യക്തമായ തെളിവുകളുണ്ടോ എന്നാണു ചോദ്യം. ഡി.എൻ.എ പഠനങ്ങൾ വല്ലതും?"

"സംശയമില്ലാത്തതുകൊണ്ടു കൂടുതൽ തെളിവുകൾ വേണ്ടെന്നു കരുതി."

മറുപടിയിൽ തൃപ്തി തോന്നിയില്ലെങ്കിലും ശ്രീദേവി കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടില്ല.

സംശയാലുക്കളുടെ സംഖ്യ തീർന്നില്ല. കുറേപ്പേർക്കെങ്കിലും മറുപടി കൊടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

"ഇതുവരെ നടന്നതു ഫലപ്രദമായ ചർച്ചയാണ്. ഇനിയും ചോദ്യങ്ങളില്ലെങ്കിൽ–?"

ഡോക്ടർ ജതീൻ ഷാ യോഗനടപടികൾക്കു വിരാമം കുറിക്കുവാൻ ഒരുങ്ങി.

"വൺ ലാസ്റ്റ് ക്വസ്റ്റ്യൻ–" മറ്റൊരു വിദേശ ഡെലിഗേറ്റാണു ചോദ്യകർത്താവ്.

"യേസ് – യൂമേ ആസ്ക്–" അധ്യക്ഷന്റെ അനുവാദം.

"മുൻകൂട്ടി അനുവാദം നേടാതെ മനുഷ്യരിൽ നടത്തിയ ഈ പരീക്ഷണം ധർമ്മനീതിക്കു നിരക്കുന്നതാണോ? മൃഗങ്ങളിൽ നടത്തുന്ന പരീക്ഷണങ്ങൾക്കുപോലും വിലക്കുള്ള ഇക്കാലത്ത്?"




അല്പം സമയമെടുത്താണു പ്രതാപചന്ദ്രൻ മറുപടി പറഞ്ഞത്.

"ഞാൻ നടത്തിയതു പരീക്ഷണമായിരുന്നില്ല. ചികിത്സയായിരുന്നു. രോഗികളുടെ നന്മയ്ക്കുവേണ്ടി ചെയ്യുന്ന ചികിത്സ അസാധാരണമാണെങ്കിൽപ്പോലും അനുവദനീയമാണ്."

ചോദ്യകർത്താവിനു വേണ്ട മറുപടിയായിരുന്നില്ല അത്. പക്ഷേ, ഭൂരിപക്ഷം കേൾവിക്കാരും പ്രതാപചന്ദ്രന്റെ ആരാധകരായി മാറിക്കഴിഞ്ഞിരുന്നു. ദേശീയബോധവും അതിനു കാരണമായി. വിദേശീയരുടെ ഉന്നതഭാവം അംഗീകരിക്കാനാവില്ല. അവരുടെ ഭാഗത്തുനിന്നും കൂടുതൽ തടസ്സങ്ങൾ ഉണ്ടാകാതിരിക്കുവാൻ ഇടതടവില്ലാതെ കയ്യടി. അദ്ധ്യക്ഷൻ ഇടപെട്ടാണു സമാധാനം സ്ഥാപിച്ചത്.

"സ്വദേശത്തുനിന്നും വിദേശത്തുനിന്നും വന്നെത്തിയ അതിഥികളേ, മാധ്യമപ്രതിനിധികളേ, അതിപ്രധാനമായ ഒരു നൂതന ചികിത്സാരീതിയാണ് ഇന്ന് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. അതുമായി ബന്ധപ്പെട്ട ചർച്ച ചൂടുപിടിച്ചതായിരുന്നു. പ്രയോജനകരമായിരുന്നു. ഡോക്ടർ പ്രതാപചന്ദ്രന്റെ അവകാശവാദം ബന്ധപ്പെട്ടവർ അംഗീകരിക്കുകയാണെങ്കിൽ വന്ധ്യതയുടെ പരിഹാരത്തിന് ഉതകുന്ന നിർണായകമായ നേട്ടമായിരിക്കും. അദ്ദേഹത്തിന്റെ ചികിത്സാരീതിയുടെ പ്രായോഗികതയെക്കുറിച്ച് സംശയങ്ങളുണ്ട്. പക്ഷേ, പരിചയസമ്പന്നനും പ്രശസ്തനുമായ ഒരാൾ ആണയിട്ടു പറയുമ്പോൾ അവഗണിക്കുന്നതു ശരിയല്ല. കൂടുതൽ പഠനങ്ങൾക്കും പരീക്ഷണങ്ങൾക്കും പ്രതാപചന്ദ്രന്റെ പ്രബന്ധം വഴിയൊരുക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അവസാനമായി, ഈ മഹാസമ്മേളനത്തിന്റെ അദ്ധ്യക്ഷപദവി എന്ന ബഹുമതി എനിക്കു നൽകിയ സംഘാടകരോടുള്ള നന്ദി അറിയിക്കട്ടെ. ഈ യോഗം വിജയകരമാക്കിത്തീർക്കാൻ എന്നെ സഹായിച്ച ശ്രോതാക്കളോടും ചോദ്യകർത്താക്കളോടും ഞാൻ കടപ്പെട്ടവനാണ്.

നിർത്തുന്നു. നമസ്കാരം."

ആചാരപരമായ കരഘോഷം.

"നൗ ലെറ്റസ് ബ്രേക്ക് ഫോർ റിഫ്രഷ്മെന്റ്."

ഡോക്ടർ മാലതി ഗുപ്ത ചുമതല പൂർത്തിയാക്കി.

നീണ്ട മണിക്കൂറുകൾ ഒരേ ഇരിപ്പിൽ ഇരുന്നു വിഷമിച്ചവർ എഴുന്നേറ്റു നടക്കാൻ കിട്ടിയ അവസരം പാഴാക്കിയില്ല. അപരിചിതരുമയി ഇടപഴകുകവാൻ കിട്ടിയ നേരമാണ്. അന്തരീക്ഷം ശബ്ദമുഖരിതമായി. പല ഭാഷകൾ കൂട്ടിമുട്ടുമ്പോഴുണ്ടാകുന്ന കോലാഹലം. ദേവദാസ് എഴുന്നേറ്റു മാധ്യമപ്രവർത്തകർ കൂടിനിൽക്കുന്ന കോണിലേക്കു നടന്നു. ശ്രീദേവി ആരോടോ സംസാരിച്ചുകൊണ്ടു നിൽക്കുകയാണ്.

"ദേവൻ! മീറ്റ് മൈ ഓൾഡ് ഫ്രണ്ട് മിസ്റ്റർ നാരായണൻ ഫ്രം ഹിന്ദുസ്ഥാൻ ടൈംസ്–"

ഊഷരമായ ശിരസ്സും നരകയറിയ മീശയുമുള്ള മനുഷ്യൻ. ദേവദാസ് ഹസ്തദാനത്തിനൊരുങ്ങി.

"എടോ– ഇതെന്റെ ഡിയർ ഹസ്ബെന്റ് ഡോക്ടർ ദേവദാസ് മേനോൻ!"

അവൾ ഭർത്താവിനെ പരിചയപ്പെടുത്തുകയാണ്. നാരായണൻ മലയാളിയാണെന്നു മനസ്സിലായപ്പോൾ വിദേശഭാഷ അവർ വെടിഞ്ഞു.

"കണ്ടതിൽ വളരെ സന്തോഷം. നിങ്ങൾ ഒരുമിച്ചു ജോലിചെയ്തിരുന്ന കാലത്തേക്കുറിച്ച് ശ്രീ പറഞ്ഞിട്ടുണ്ട്."

"ഞാൻ മാപ്പു ചോദിക്കുന്നു. നിങ്ങളുടെ വിവാഹവിവരം അറിഞ്ഞതു വളരെ വൈകിയാണ്. ക്ഷണക്കത്തു കയ്യിൽ കിട്ടിയത് എവിടെയോ ചുറ്റിത്തിരിഞ്ഞതാണ്. അതുകൊണ്ടു വേണ്ട സമയത്ത് ആശംസകൾ അറിയിക്കാൻ കഴിഞ്ഞില്ല. വളരെ താമസിച്ചാണെങ്കിലും ആ കടം ഞാൻ വീട്ടുന്നു. മൈ ബെസ്റ്റ് വിഷസ് ഫോർ എ ഹാപ്പി മാരീഡു ലൈഫ്."

രണ്ടുപേരുടെയും കൈകൾ കുലുക്കി അയാൾ മംഗളങ്ങൾ നേർന്നു.

"താങ്ക്സ്." അവർ ഒരുമിച്ചു നന്ദിപറഞ്ഞു.

"ഡോക്ടർക്കു പ്രത്യേകം നന്ദിയുണ്ട്."

"എന്തിന്?"

"ആർക്കും പിടികൊടുക്കാതെ നടന്ന മിസ് മേനോനെ മിസ്സിസ് ആക്കി മാറ്റിയതിന്."

നേരിയ പുഞ്ചിരി ദേവദാസിന്റെ ചുണ്ടിൽ വിരിഞ്ഞു. പുരുഷന്മാരുടെ കുത്തകയെന്നു കരുതപ്പെട്ടിരുന്ന പത്രപ്രവർത്തനരംഗത്ത് ഒട്ടും കൂസലില്ലാതെ കടന്നുചെന്ന് കഴിവു തെളിയിച്ച യുവതിക്കു തരളവികാരങ്ങൾ ഇല്ലെന്നു കരുതിയതിൽ തെറ്റില്ല. അവളുടെ മനസ്സിന്റെ ആർദ്രതയും സ്നേഹത്തിന്റെ ആഴവും മനസ്സിലാക്കാൻ തനിക്കല്ലാതെ മറ്റാർക്കാണു കഴിയുക?

ചായയും കഴിക്കാനുള്ള ലഘുവിഭവങ്ങളും തൊട്ടടുത്ത മുറിയിലാണു തയ്യാറാക്കിയിരിക്കുന്നത്. വലിയ മുറിയിൽനിന്നും ചെറിയ മുറിയിലേക്കുള്ള ഒഴുക്കിൽപ്പെട്ടപ്പോൾ കൂട്ടം തെറ്റാതിരിക്കുവാൻ ശ്രീദേവിയെ അടുത്തു ചേർത്തു പിടിച്ചു. കാത്തുനിൽക്കുന്നവരുടെ നിരയിൽ ഏറെനേരം നിന്നതിനു ശേഷമാണ് ചായ കിട്ടിയത്. ബിസ്കറ്റും അണ്ടിപ്പരിപ്പും തിരക്കിനിടയിൽക്കൂടി കൈകടത്തി എടുത്തു. ചായ കുടികഴിഞ്ഞു പുറത്തിറങ്ങിയപ്പോൾ ശ്രീദേവി സ്വന്തം ചുമതലകൾ ഓർത്തു.

"ഞാനിനിയും ഇവിടെ നിൽക്കുന്നില്ല. ചീഫിനെ കാണണം. ഇന്നലെ ഫോണിൽ സംസാരിച്ചപ്പോൾ കാണാതെപോകരുതെന്നു പറഞ്ഞു."

"ഞാൻ കൂടെ വരണോ?"

"വേണ്ടാ– എനിക്കു നല്ല പരിചയമുള്ള സ്ഥലമാണ്. നാലഞ്ചു കൊല്ലം ഇവിടെ ജീവിച്ചതല്ലേ?"

"അതു പണ്ടല്ലേ? അഞ്ചാറു കൊല്ലങ്ങൾകൊണ്ടു വലിയ മാറ്റങ്ങൾ ഉണ്ടായിക്കാണും. മഹാനഗരങ്ങൾ വളരുന്നതു വളരെ വേഗത്തിലാണ്–"

"എന്നാലും സാരമില്ല. ലാൻഡ് മാർക്കുകൾക്കു മാറ്റംവന്നു കാണില്ല. ഐ വിൽ മാനേജ്. ഡോണ്ട് വറി–"

"എന്നാൽ ശരി. ഞാൻ നിർബന്ധിക്കുന്നില്ല. ലഞ്ചിനു മടങ്ങിയെത്തുമോ?"

"ഉറപ്പു പറയാനാവില്ല. എന്തായാലും എനിക്കുവേണ്ടി വെയിറ്റു ചെയ്യണ്ടാ–"

"എങ്ങനെ പോകും?"

"റിസപ്ഷനിൽ പറഞ്ഞാൽ മതി. ടാക്സി അവർ അറേഞ്ച് ചെയ്യും–"

മുറിതുറക്കുന്ന കീകാർഡ് അവളെ ഏല്പിച്ചു. പോകുന്നതിനുമുമ്പ് അവൾക്ക് അല്പമെങ്കിലും ഒരുങ്ങാനുണ്ടാകും. കീ ഞാൻ റിസപ്ഷനിൽ കൊടുത്തേക്കാം–"

തിരിഞ്ഞുനോക്കാതെ അവൾ നടന്നു. അയാൾ കോൺഫറൻസു ഹാളിലേക്കു മടങ്ങി. തുടർന്നു നടക്കുന്ന പൊതുയോഗവും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പുമാണ്. അധികാരസ്ഥാനങ്ങളിൽ എങ്ങനെയെങ്കിലും കയറിപ്പറ്റുവാൻ മത്സരിക്കുന്നവരുടെ ഇടയിൽ തന്നെപ്പോലെയുള്ളവർക്കു സ്ഥാനമില്ല. അതുകൊണ്ട് ഒട്ടും താത്പര്യമില്ലാതെയാണു തുടർന്നുള്ള ചടങ്ങുകളിൽ പങ്കെടുത്തത്. അപരാഹ്നം നഗരപ്രദക്ഷിണത്തിനു നീക്കിവച്ചിട്ടുള്ള നേരമാണ്. ശ്രീദേവി മടങ്ങി വന്നതിനുശേഷം ചെറിയൊരു ഷോപ്പിംഗിനു പ്ലാനുണ്ട്. കൊണാട്ടു പ്ലേസും ബലിഗബസാറും കരോൾബാഗും ചുറ്റിക്കാണണം. ഡെൽഹി സന്ദർശനത്തിന്റെ ഓർമ്മയ്ക്കായി ആശുപത്രിയിൽ ജോലിചെയ്യുന്നവർക്ക് എന്തെങ്കിലും കൊടുക്കണം. കുറഞ്ഞപക്ഷം മധുര പലഹാരങ്ങളെങ്കിലും. (തുടരും)




# സുഗതകുമാരി എന്ന അശാന്തിപർവ്വം



തീർത്തു ചൊല്ലുവാനാരുമില്ലാതെ
ആർദ്രമേതോ വിളിക്കു പിന്നിലായ്
പാട്ടുമൂളി ഞാൻ പോകവേ, നിങ്ങൾ
കേട്ടു നിന്നുവോ! തോഴരേ, നന്ദി, നന്ദി."

'വഴിയിലെ വെയിലിനും ചുമലിലെ ചുമടിനും നന്ദി പറയുന്ന മലയാളത്തിന്റെ അമ്മയ്ക്കും നന്ദി...

**ജീവചരിത്രസംഗ്രഹം:**

1934 ജനുവരിയിൽ ജനിച്ചു. പിതാവ് ബോധേശ്വരൻ. മാതാവ് പ്രൊഫ. വി.കെ.കാർത്ത്യായനിയമ്മ, സഹോദരങ്ങൾ: ഹൃദയകുമാരി, സുജാത, ഭർത്താവ്: ഡോ.കെ.വേലായുധൻനായർ, മകൾ: ലക്ഷ്മി. തത്ത്വശാസ്ത്രത്തിൽ എം.എ.ബിരുദം. തിരുവനന്തപുരം ജവാഹർ ബാലഭവന്റെ പ്രിൻസിപ്പൽ, കുട്ടികൾക്കുള്ള തളിര് മാസികയുടെ പത്രാധിപ. സംസ്ഥാന വനിതാ കമ്മീഷൻ അദ്ധ്യക്ഷ, എ.ആർ.രാജരാജവർമ്മ സ്മാരകം ചെയർപേഴ്സൺ എന്നീ സ്ഥാനങ്ങൾ വഹിച്ചു. പ്രകൃതിസംരക്ഷണസമിതിയുടെയും അഭയയുടെയും സ്ഥാപക സെക്രട്ടറി.

**സുഗതകുമാരിയുടെ പ്രധാന കൃതികൾ**

*കവിതാസമാഹാരം:* മുത്തുച്ചിപ്പി, സ്വപ്നഭൂമി, പാവം മാനവഹൃദയം, പാതിരാപ്പൂക്കൾ, ഇരുൾച്ചിറകുകൾ, പ്രണാമം, രാത്രിമഴ, അമ്പലമണി, കുറിഞ്ഞിപ്പൂക്കൾ, തുലാവർഷപ്പച്ച, രാധയെവിടെ? കൃഷ്ണകവിതകൾ, ദേവദാസി, മണലെഴുത്ത്, കുടത്തിലെ കടൽ, ഹൈനേയുടെ പ്രണയകവിതകൾ (വിവർത്തനം), സുഗതകുമാരിയുടെ കവിത സമ്പൂർണ്ണം, ഗാന്ധിനാമത്തിൽ

*ബാലസാഹിത്യം:* വാഴത്തേൻ, ഒരു കുല പൂവും കൂടി, അയലത്തു പറയുന്ന കഥകൾ, കുട്ടികളുടെ മഹാഭാരതം

*ഉപന്യാസം:* കാവു തീണ്ടല്ലേ..., മേഘം വന്നു തൊട്ടപ്പോൾ, വാരിയെല്ല്, കാടിനു കാവൽ

**പ്രധാന പുരസ്കാരങ്ങൾ**

ഇന്ത്യാഗവൺമെന്റിന്റെ പ്രഥമ വൃക്ഷമിത്ര അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ അവാർഡ്, വയലാർ അവാർഡ്, ആശാൻ സ്മാരകസമിതി(മദ്രാസ്) അവാർഡ്, സാഹിത്യപ്രവർത്തക അവാർഡ്, വിശ്വദീപം അവാർഡ്, പന്തളം കേരളവർമ്മ പുരസ്കാരം, ദുർഗാഭായ് ദേശ്മുഖ് അവാർഡ്, ഗുരുവായൂർ ശിവപത്മം അവാർഡ്, അബുദാബി മലയാളി സമാജം അവാർഡ്, ജന്മാഷ്ടമി പുരസ്കാരം, ഭാട്ടിയ അവാർഡ്; ലക്ഷ്മി അവാർഡ്, ജനകീയസമിതി രാഷ്ട്രസേവാ പുരസ്കാരം (സാമൂഹിക സേവനം), സേക്രട്ട് ഹാർട്ട് സോൾ അന്തർദേശീയ പുരസ്കാരം, എഴുത്തച്ഛൻ അവാർഡ്, പത്മശ്രീ, സരസ്വതീ സമ്മാനം. (എൺപതോളം പുരസ്കാരങ്ങൾ).






## രംഗം ഒന്ന്

(കർട്ടൻ ഉയരുന്നു. ഒരു ഇടത്തരം ഭവനം. ആർഭാടരഹിതമായ- എന്നാൽ വൃത്തിയുള്ള വീട്. ഇരു സൈഡിലും മുറികളും, പുറത്തേക്കുള്ള വഴി രംഗമദ്ധ്യത്തിലൂടെ പിന്നിലേയ്ക്കും. പശ്ചാത്തലം നഗരത്തിന്റെ ധാടിമോടികളില്ലാതെ ഒരു ദൃശ്യം. സമയം വൈകിട്ട് ഏഴ് മണിയായിരിക്കുന്നു. രംഗത്ത് മാളവിക. 45 വയസ്സിനുമുകളിൽ പ്രായമുള്ള ഐശ്വര്യമുള്ള സ്ത്രീ. അവർ അകത്തേയ്ക്കു നോക്കി കൈക്കൂപ്പി പ്രാർത്ഥനയോടെ നിൽക്കുന്നു. അകത്തു പൂജാമുറിയിൽ നിന്നും ഒരു കൃഷ്ണസ്തുതി ഉയർന്നുകേൾക്കാം. പാടുന്നത് ഒരു പെൺകുട്ടിയാണ്. പാട്ടു നാലുവരിയിൽ എത്തുമ്പോൾ പുറത്തുനിന്നും രംഗത്തേയ്ക്കു വരുന്ന ഒരു ചെറുപ്പക്കാരൻ, 28 വയസ്സിനടുത്ത് പ്രായമുള്ള മാന്യവും ലളിതവുമായി വേഷം ധരിച്ച മനു. രംഗത്തുനില്ക്കുന്ന മാളവികയുടെ മൂത്തമകനാണവൻ. ഉമ്മറത്തേക്കു കടക്കുന്നതിനുമുമ്പ് അവൻ വാതിൽക്കൽ വച്ചിരുന്ന വാൽക്കിണ്ടിയെടുത്ത് കാൽ കഴുകിയശേഷം അമ്മയുടെ അടുത്തേക്ക് ചേർന്നുനിന്നു. അകത്തുനിന്നും ദീപവുമായി ഇറങ്ങിയ മഹിമ. അവൾക്കും 24ന് അടുത്ത പ്രായം. മാളവികയും മനുവും ദീപം തൊഴുതു. അവൾ ദീപവുമായി പുറത്തേയ്ക്കു നടന്നു. പാട്ടു തുടരുകയാണ്. പുറത്തു ദീപം വെച്ചു മടങ്ങുന്ന മഹിമ. അവൾ വീണ്ടും അകത്തേക്ക്. ഈ സമയം പാട്ടു തീർന്നു. അകത്ത് എവിടെയോ ഘടികാരം 7 അടിച്ചു.)

**മാളവിക:** അച്ഛനെ ഇതുവരെ കണ്ടില്ലല്ലോ..... മക്കളേ!

**മനു:** അച്ഛൻ വരേണ്ട സമയം ആകുന്നതല്ലേയുള്ളൂ !!

**മാളിവക:** ഇന്നു നേരത്തെ വരും എന്നു ഫോൺ ചെയ്തു പറഞ്ഞിരുന്നത്രേ

**മനു:** ഉം....എന്തേ? ആരോടു പറഞ്ഞിരുന്നന്നാ....!

**മാളവിക:** അപ്പുറത്തെ അഭിരാമിയുടെ കെയ്റോഫിൽ ഒരു പയ്യൻ ഇന്നു മഹിമ മോളെ കാണാൻ എത്തുമെന്ന്!

**മനു:** ഈ സന്ധ്യയ്ക്കോ?

**മാളവിക:** സന്ദർശനം അനൗദ്യോഗികമാ.... അപ്പുറത്ത് അതിഥിയായി എത്തുന്ന കൂട്ടത്തിൽ മോളെ ഒന്നു കാണുന്നു എന്നുമാത്രം.

**മനു:** ഏതായാലും പെണ്ണിന്റെ സമയം നന്നാകുമാണെന്നാ തോന്നുന്നത്?

(ഇതു കേട്ടുകൊണ്ട് അകത്തുനിന്നു മഹിമ പ്രവേശിക്കുന്നു.)

**മഹിമ:** എന്റെ സമയത്തിനുമാത്രം എന്താടോ ഒരു പ്രത്യേകത?

(അവൻ പോക്കറ്റിൽ നിന്നും ഒരു ടെലഗ്രാം ഷീറ്റ് എടുത്ത് നീട്ടിയിട്ട്.)

**മനു:** ഭാഷാപോഷിണി നവാഗതർക്കായി നടത്തിയ കവിതാമത്സരത്തിൽ മുകുന്ദൻ എഴുത്തച്ഛന്റെ മകൾ മഹിമ എഴുതിയ പാഥേയം എന്ന കവിതയ്ക്ക് ഒന്നാംസ്ഥാനം. ഇതാ പത്രാധിപരുടെ ടെലിഗ്രാം.

(അതുകേട്ട് അവൾ സന്തോഷത്തോടെ നിന്നു.)

സമയം നന്നായി തുടങ്ങിയെന്ന് ഞാൻ പറഞ്ഞതിന്റെ പൊരുൾ മനസ്സിലായോ? പെണ്ണു കാണാൻ വരുന്ന ചെറുക്കൻ ഇതറിഞ്ഞാൽ ഒരു സഹൃദയനാണെങ്കിൽ മുപ്പതുശതമാനം മാർക്ക് മോഡറേഷൻ തരും.

**മഹിമ:** സത്യമായും.... മനു എനിക്കു വിശ്വസിക്കാൻ കഴിയുന്നില്ലടോ...

**മനു:** ഇതിന്റെ ഫുൾ ക്രെഡിറ്റ് എനിക്കാ....! എഴുതി നോട്ടുബുക്കിൽ ഒളിപ്പിച്ചുവച്ചിരുന്ന കവിതകളിൽ നിന്ന് നല്ലത് തെരഞ്ഞെടുക്കുകയും ഭാഷാപോഷിണിയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തതു ഞാനാ....

**മാളവിക:** സമ്മാനം എന്നു പറയുമ്പോൾ എന്താ മക്കളേ കിട്ടുക?

**മനു:** അയ്യായിരം രൂപയും സർട്ടിഫിക്കേറ്റും.

**മാളവിക:** ഇവളെന്താ എഴുതിക്കൊടുത്തേ?

**മഹിമ:** 'പാഥേയം.' ഒരു നീണ്ടയാത്രയ്ക്കിടയിൽ കാലം പാഥേയം നിറച്ചു കൊണ്ടേയിരിക്കുന്നു. കുറെദൂരം നടന്നു തളരുമ്പോൾ ഇളവേൽക്കുന്ന ഇടവേളകളിൽ ആ പൊതി തുറന്ന് അത്ഭുതത്തോടെ കാണുന്നു. എന്തെല്ലാം വിഭവങ്ങളാണതിൽ. ഉപ്പും മധുരവും സ്വാദിഷ്ടമായ കൈയ്പ്പും കലർന്നവ.

**മനു:** മനസ്സു കൊണ്ടടുപ്പമുള്ളവരുമായി കവയിത്രി അതു പങ്കുവയ്ക്കുന്നു. അതാണ് ഇവളുടെ പാഥേയം.

**മാളവിക:** ഒക്കെ ഈശ്വരാനുഗ്രഹം എന്നു കരുതിയാൽ മതി.

**മഹി:** കവിത അയച്ചെന്നും അതിനു സമ്മാനം കിട്ടിയെന്നും ഒക്കെ അറിഞ്ഞാൽ അച്ഛൻ വഴക്കു പറയുമോ?

**മാളവിക:** എന്തിന്? മോശപ്പെട്ട കാര്യമാണോ, ഇതൊക്കെ?

**മഹിമ:** പഠിക്കുന്നകാലത്ത് എന്തോ നോട്ടുബുക്കിൽ കുത്തിക്കുറിച്ചപ്പോൾ പഠിക്കേണ്ട സമയത്തു തോന്ന്യാസം എഴുതുന്നോ..... എന്നു ചോദിച്ചു വഴക്കു പറഞ്ഞിരുന്നു....

**മനു:** അതന്നല്ലേ? ഇന്നിപ്പോൾ നിന്റെ പടം ഉൾപ്പെടെ ഭാഷാപോഷിണിയിൽ അച്ചടിച്ചു വരുമ്പോൾ, അച്ഛനും അഭിമാനിക്കരുതോ... എന്റെ മകളാണ് മഹിമ എന്ന് ! ഇനി ഒന്നും നോക്കേണ്ടാ...! എഴുതിവച്ചേക്കുന്നതൊക്കെ പൊടിതട്ടിയെടുത്ത് ഒന്നുകൂടി പരിശോധിച്ചശേഷം സകല നല്ല വാരികകൾക്കും അയയ്ക്കുക. ആരറിഞ്ഞു ഭാവിയിലെ സുഗതകുമാരിയോ മാധവിക്കുട്ടിയോ ഒക്കെയായി മാറില്ലെന്ന് !

(ഈ സമയം പുറത്തുനിന്നും രംഗത്തേക്കുവരുന്ന അഭിരാമി 48 വയസ്സിനടുത്ത് പ്രായമുള്ള- അമിതമായ മേക്കപ്പുകൊണ്ട് പ്രായത്തെ ഒളിപ്പിക്കുന്ന അഭിരാമി. അവർ ഉദ്യോഗസ്ഥയാണ്. ഇവരുടെ അയൽവക്കക്കാരി. എപ്പോഴും വിലകൂടിയ കടും കളർസാരികളും മറ്റുമാണ് ഉപയോഗിക്കുന്നത്. പൊങ്ങച്ചം പറയുന്നതിൽ പ്രത്യേകം താല്പര്യമുള്ള സ്ത്രീ.)

**അഭിരാമി:** ഒരു ഫോണിനപേക്ഷിക്കണം... ഫോണെടുത്തു വയ്ക്കണം എന്നു പറഞ്ഞാൽ.... മനുവിന്റെച്ഛൻ കേൾക്കില്ല. അങ്ങിനെ ഒരു സാധനം ഉണ്ടെങ്കിൽ..... ഞാൻ ഇങ്ങനെ കേറിയിറങ്ങി നടക്കേണ്ട കാര്യം ഉണ്ടായിരുന്നോ? എവിടെ! വന്നില്ലേ... അദ്ദേഹം ?

**മാളവിക:** ഇല്ല! അഭിരാമി ആഫീസ്സിലേക്കു വിളിച്ചു പറഞ്ഞപ്പോൾ എന്തു മറുപടി പറഞ്ഞു?

**അഭിരാമി:** താല്പര്യമുണ്ടന്നോ.... ഇല്ലന്നോ... വ്യക്തമായി തിരിച്ചറിയാൻ പറ്റാത്ത ഒരു നാലു മൂളലുമൂളി!

**മാളവിക:** മകളുടെ വിവാഹകാര്യത്തിൽ അച്ഛനു താല്പര്യമില്ലാണ്ടുവരുമോ?

**മനു:** ആന്റീ അറിഞ്ഞോ? ഭാഷാപോഷിണി നടത്തിയ കവിതാമത്സരത്തിൽ മഹിമയ്ക്കാ ഒന്നാംസ്ഥാനം. ഇപ്പോ അറിഞ്ഞതേയുള്ളൂ

**അഭിരാമി:** ഉവ്വോ, കൺഗ്രാജുലേഷൻസ്. ഇവളെ കാണാൻ വരുന്ന സതീഷ് ചന്ദ്രന് ഇതു കേൾക്കുമ്പോൾ സന്തോഷമായിരിക്കും. ഞാൻ പറഞ്ഞു... പെൺകുട്ടി കവിത കുറിക്കും.... പാട്ടു പാടും..... അങ്ങിനെ എക്സ്ട്രാ കരിക്കുലറായി ഒരു പാട് ആക്റ്റിവിറ്റീസ് ഉണ്ടെന്ന്.

**മാളവിക:** പയ്യനെന്താ ജോലി എന്ന്....

**അഭിരാമി:** അയ്യോ അതു ഞാൻ പറഞ്ഞില്ലല്ലോ. ഹൗസ് സർജൻസി കഴിഞ്ഞ് ഒരു പ്രൈവറ്റു ഹോസ്പിറ്റലിൽ പ്രാക്റ്റീസ് ചെയ്യുന്നു. കർണ്ണാടകത്തിൽ എം.ഡി. എടുക്കാൻ പോകണമെന്നു പറഞ്ഞിരിക്കുകയാ.... അച്ഛനും അമ്മയ്ക്കും ഒറ്റമകൻ. നടന്നാൽ മഹിമയുടെ ഭാഗ്യം.

(മഹിമ അകത്തേക്കു നടക്കുന്നു. അവൾ ഉള്ളുകൊണ്ട് സന്തോഷിക്കയാണ്.)

**മാളവിക:** സ്ത്രീധനമായി എന്തൊക്കെ ചോദിക്കും എന്നു വല്ല രൂപവുമുണ്ടോ?

**അഭിരാമി:** എന്തുചോദിച്ചാലെന്താ, ഈ കാലത്തു ഒരു ഡോക്റ്ററുടെയൊക്കെ ആലോചന വരുക എന്നു പറഞ്ഞാൽ... നമുക്കു എന്താ കൊടുത്തുകൂടാത്തത്. പെണ്ണിന്റെ അച്ഛൻ സബ് രജിസ്ട്രാർ ആണെന്നു പറഞ്ഞപ്പോൾ സതീഷ് പറഞ്ഞു... ഇഷ്ടംപോലെ ചിക്കിലി കിട്ടുന്ന വകുപ്പാണല്ലോന്ന്. ഒറ്റ മകളല്ലേയുള്ളൂ. മകൾക്കു കൊടുക്കാനായി എന്തൊക്കെ കരുതിവച്ചിട്ടുണ്ടോ. അതും അതിനപ്പുറവും കൊടുക്കുക, അത്രതന്നെ. കൈലാസ്സൻ പറയും.. മനുവിന്റെ അച്ഛന്റെ ജോലി ആയിരുന്നു എനിക്കെങ്കിൽ... ഞാനൊരു ജില്ല മൊത്തം വാങ്ങിക്കൂട്ടിയേനേന്ന് ! ജോയിന്റ് ആർ.ടി.ഒ യേക്കാൾ കൈക്കൂലി കിട്ടാൻ സാദ്ധ്യതയുള്ള വകുപ്പാണത്രേ. പത്തു പൈസായുടെ അനാവശ്യ ചെലവില്ല. ഉള്ളതു മക്കൾക്കു കൊടുക്കട്ടെ.

(മാളവികയും മനുവും അതിനെന്തു മറുപടി പറയും..... എന്നറിയാതെ നിന്നു.)

**മാളവിക:** അവളോടപ്പോ.... ഒന്നൊരുങ്ങി നില്ക്കാൻ പറയാം അല്ലേ

**അഭിരാമി:** ആർഭാടത്തിലും മേക്കപ്പിലുമൊക്കെ ഇഷ്ടമുള്ള കൂട്ടത്തിലാ സതീഷ്. കഴിഞ്ഞ ദിവസം എന്നോടു ചോദിച്ചു.. ചേച്ചിയീനാൽപ്പത്തഞ്ചാം വയസ്സിലും ഇത്ര സൗന്ദര്യം എങ്ങിനെ കീപ്പു ചെയ്യുന്നു എന്ന്! 24 വയസ്സുള്ള ഒരു മകൻ എനിക്കുണ്ടെന്നു പറഞ്ഞിട്ട് വിശ്വസിക്കാനേ പറ്റുന്നില്ല. അല്ല... അതിപ്പോ എല്ലാവരും പറയണ കാര്യാ... അതുകൊണ്ട് മഹിമ മോൾ അടിപൊളിയായി ഒരുങ്ങിനില്ക്കണം. പിന്നെ മാളവികേ..... സതീഷിന്റെ വീട്ടുകാര് നായന്മാരാ.... നല്ല കുടുംബക്കാര്... മുകുന്ദൻ എഴുത്തച്ഛൻ എന്നൊക്കെ കേട്ടപ്പോൾ അവർക്കൊരു ബുദ്ധിമുട്ട്. നായരിൽ കുറഞ്ഞവരാണുപോലും! ഞാൻ പറഞ്ഞു...... കൃഷ്ണൻ എഴുത്തച്ഛന്റെ മകൻ നമ്മുടെ ഏഷ്യാനെറ്റിന്റെ പാർട്ണറില്ലേ... നിങ്ങളൊക്കെ ബന്ധുക്കളാണ്. തൽക്കാലം അതൊന്നും മാറ്റിപ്പറയാൻ നിൽക്കണ്ടാ. പണവും പദവിയും കുടുംബസ്ഥിതിയുമൊക്കെ ജാതിയേക്കാൾ പ്രശ്നമാ..... ഒരു മേനോത്തിയായ ഞാൻ ജാതിയിൽ കുറഞ്ഞ കൈലാസ്സിനോടൊപ്പം പുറപ്പെട്ടു പോയപ്പോൾ എന്റെ കുടുംബക്കാർ അംഗീകരിച്ചതെന്താ ? അങ്ങേർക്കു പണവും പവറും ഉള്ളതുകൊണ്ടാ! വീട്ടിലാരുമില്ല, ഞാൻ അങ്ങോട്ടു പോട്ടെ.

**മനു:** മുത്തച്ഛനെവിടെ

**അഭിരാമി:** ആഴ്ചയിൽ മൂന്നു പിണങ്ങിപ്പോക്കല്ലേ? ഇന്നലെപോയി. ആ സാധനമൊന്നു തീർന്നുകിട്ടിയെങ്കിൽ!. എന്റീശ്വരാ!!

(അവർ പുറത്തേക്ക് പോകുന്നു.)

**മാളവിക:** ഒരു ഡോക്ടറെന്നൊക്കെ പറയുമ്പോൾ അവരർഹിക്കുന്ന സ്ത്രീധനം ഒക്കെ കൊടുക്കാനുള്ള അവസ്ഥ നമുക്കുണ്ടോ?

**മനു:** മഹിമ ജനിച്ചതിന്നും ഇന്നലെയുമൊന്നും അല്ലല്ലോ? 24 വർഷമായി. അച്ഛന് അവൾക്കുവേണ്ടി എന്തെങ്കിലുമൊക്കെ കരുതൽ ഇല്ലാതിരിക്കുമോ!

**മാളവിക:** കഴിഞ്ഞ മുപ്പതുവർഷമായി വാടകവീട്ടിലാ താമസം! ഉപ്പുതൊട്ടു കർപ്പൂരം വരെ വില കൊടുത്തു വാങ്ങുക!

➲പേജ് 13

ഫീച്ചർ

# കല വ്യവസായമാകുമ്പോൾ



വി.പി. ജയചന്ദ്രൻ

മനുഷ്യമനസ്സിൽ ജനനത്തോടൊപ്പം ലഭിച്ച ഈശ്വരന്റെ വരദാനമാണ് ആസ്വദിക്കാനുള്ള ശേഷി. എന്തിന്റെയും ഏതിന്റെയും അറിവിനോടൊപ്പം അതിന്റെ ആസ്വാദനവും അനുഭവിക്കാനാവുക എന്നത് ഏത് ജീവിയിലും സ്വാഭാവികമായി വന്നു ചേർന്നിട്ടുള്ള സിദ്ധിയുമാണ്. സർഗ്ഗാത്മകത എന്ന് വേണമെങ്കിൽ ഇതിനെ വിളിക്കാം. സർഗ്ഗശക്തി തൊട്ടുതീണ്ടിയിട്ടില്ലാത്ത മനുഷ്യജന്മങ്ങളുമുണ്ട്. ആദിമ മനുഷ്യന്റെ സർഗ്ഗാത്മകതയുടെ അടയാളങ്ങൾ ഇന്ത്യയിൽ മോഹൻജദാരോ ഹാരപ്പാ തുടങ്ങിയ പുരാതന സാംസ്കാരിക കേന്ദ്രങ്ങളിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ളതായും നമുക്കറിയാം. ആദിമ കാലം തൊട്ട് മനുഷ്യമനസ്സിൽ സംജാതമായിട്ടുള്ള സർഗ്ഗാത്മകത വിവിധ രീതിയിൽ, വിവിധ നിലകളിൽ പിൽക്കാലത്ത് വികാസവും അഭിവൃദ്ധിയും നേടിയിട്ടുണ്ട്. മനസ്സിലെ ആസ്വാദനശേഷിയെ ഉണർത്തി സർഗ്ഗാത്മക മനോഭാവങ്ങളെ അനുഭവ വേദ്യമാക്കാൻ തക്കവിധമുള്ള ആവിഷ്കാരങ്ങളായിട്ടാണ് അവയെ നാം പരിചയപ്പെടുകയും അറിയുകയും ചെയ്തിട്ടുള്ളത്. കല എന്നാണിതിനെ നാം പൊതുവെ പറഞ്ഞുപോരുന്നത്.

കലയ്ക്ക് നിരവധി വിഭാഗങ്ങളുണ്ട്. മനുഷ്യചേതനയിലെ സർഗ്ഗാത്മകതയെ ഉണർത്തുകയും ആസ്വാദ്യമായ അനുഭവമാക്കിത്തീർക്കാൻ ഉതകുകയും ചെയ്യുകയാണ് കലയുടെ മുഖ്യധർമം. കലാരൂപങ്ങളെ ആവിഷ്കരിക്കാനുള്ള കഴിവിനെ നാം പ്രതിഭ എന്ന് പറയുന്നു. എല്ലാവരിലും ഏതെങ്കിലും വിധത്തിലുള്ള പ്രതിഭയുടെ അംശങ്ങൾ അടങ്ങിയിട്ടുണ്ട്. എന്നാൽ കലാപരമായ ആവിഷ്കാരങ്ങളുടെ സൃഷ്ടിക്കു നിയോഗമുള്ള പ്രതിഭാശാലികൾ വളരെ കുറവാണ്. പ്രകൃതിയുടെയോ ഈശ്വരന്റെയോ ഒക്കെ നിയോഗമാണത് എന്നാണ് നാം അതിനെക്കുറിച്ച് പറയുക. കഴിവുണ്ടെന്ന് നാം കരുതുന്നവരിലോ അറിയാവുന്നവനാണ് എന്ന് നാം പ്രതീക്ഷിക്കുന്നവരിലോ കാണാൻ പറ്റാത്ത പ്രതിഭയുടെ പ്രസ്ഫുരണങ്ങൾ നിസ്സാരന്മാരെന്ന് നാം കരുതുന്ന പലരിലും കാണാൻ കഴിയും. വിസ്മയകരമാംവിധം അവരിൽ ഉൾപ്പെട്ടിട്ടുള്ള പ്രതിഭയുടെ ബഹിർസ്ഫുരണങ്ങൾ നമ്മെ ആനന്ദിപ്പിക്കുകയും സംതൃപ്തരാക്കുകയും ചെയ്യും. അത്തരക്കാരിലൂടെ ഉണ്ടായിത്തീർന്നിട്ടുള്ള ഉത്തമ കലാസൃഷ്ടികൾ നിത്യതയുള്ളതാണ്. അതിന്റെ കർത്താക്കളെ നാം ഏതു കാലത്തും ആദരിക്കുകയും സ്തുതിക്കുകയും ചെയ്തുവരുന്നു. കാരണം, അവരുടെ പ്രതിഭാശക്തിയിലൂടെ ആവിഷ്കൃതമായ കലാരൂപങ്ങൾ കാലാതിവർത്തിയായി, ഏതു കാലഘട്ടത്തിലും ജനനന്മയ്ക്കും സാമൂഹിക നവോത്ഥാനത്തിനുമായി ആദരവുനേടി നിലനിൽക്കുന്നു.

നമ്മുടെ അറിവിൽ കലാരൂപങ്ങൾ സാഹിത്യം, സംഗീതം, സിനിമ, നാടകം, ചിത്ര ശില്പ രചനകൾ മുതലായവയാണ്. സാഹിത്യവും ഒരു കല തന്നെയാണ്. സംഗീതവും സാഹിത്യവും അഭിനയവും ചിത്ര ശില്പ രചനകളും എല്ലം സർഗ്ഗാത്മകമായ പ്രതിഭയുടെ ശക്തിയിലൂടെ ആവിഷ്കൃതമാകുന്നതാണ്. അങ്ങനെയുള്ള കലയെ അറിയുന്നതും ആസ്വദിക്കുന്നതും വിലയിരുത്തുന്നതും സർഗ്ഗാത്മകത സ്വായത്തമായ സമൂഹവുമാണ്.

കലയെയും, സാഹിത്യത്തെയും ആസ്വാദനത്തിനുപരി സാമൂഹ്യനന്മകൾ നിലനിറുത്താനുള്ള ഉപാധിയായും അതത് കാലഘട്ടത്തെ അടയാളപ്പെടുത്തിയിട്ടുള്ള സത്യസന്ധമായ സാംസ്കാരിക രേഖയായും നാം കാണുന്നു. അതത് കാലത്തെ ആചാരങ്ങളെയും വിശ്വാസത്തെയും ജനജീവിതത്തെയും, സാമൂഹ്യപരിഷ്കാരങ്ങളെയും എല്ലാം നവീകരിക്കാനുള്ള സാസ്കാരിക ഉപാധിയുമായിട്ടാണ് കലകളെ നാം കാണുന്നത്. തിന്മകളെ വിമർശിക്കാനും പരിഹസിക്കാനും, നല്ലത് ചൂണ്ടിക്കാട്ടാനും, വഴിതെറ്റിപ്പോകുന്ന സാംസ്കാരിക മൂല്യങ്ങളെ പിടിച്ചുനിറുത്തി തിരിച്ചു കൊണ്ടുവരാനും എല്ലാം സമൂഹം ഉപയോഗപ്പെടുത്തിയിട്ടുള്ളതും ഉപയോഗിക്കുന്നതുമായ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് കലകൾ. കലകൾ ഇന്ന് അതിന്റെ സ്വത്വം നഷ്ടപ്പെട്ട് കലയുടെ മൂല്യങ്ങളിൽ നിന്ന് വേർപെട്ട്, അന്യവും ഗൂഢവുമായ സ്വാർത്ഥതകൾക്ക് കൂടിച്ചേരാനുള്ള കർമ്മമണ്ഡലമായി തീരുകയാണ്. അതായത് കല വ്യവസായമായിത്തീരുന്നു. കച്ചവടച്ചരക്കായി തീരുന്നു. കലയുടെ ആവിഷ്കാരത്തിന് നിയന്ത്രണങ്ങൾ നിശ്ചയിക്കാനുമാവില്ല. ഇക്കാലത്തെ ഏറ്റവും ലാഭകരമായ വ്യവസായങ്ങളിൽ ഒന്ന് കലതന്നെയാണ്.

കലയ്ക്ക് നിരവധി വിഭാഗങ്ങളുണ്ട്. മനുഷ്യചേതനയിലെ സർഗ്ഗാത്മകതയെ ഉണർത്തുകയും ആസ്വാദ്യമായ അനുഭവമാക്കിത്തീർക്കാൻ ഉതകുകയും ചെയ്യുകയാണ് കലയുടെ മുഖ്യധർമം. കലാരൂപങ്ങളെ ആവിഷ്കരിക്കാനുള്ള കഴിവിനെ നാം പ്രതിഭ എന്ന് പറയുന്നു. എല്ലാവരിലും ഏതെങ്കിലും വിധത്തിലുള്ള പ്രതിഭയുടെ അംശങ്ങൾ അടങ്ങിയിട്ടുണ്ട്. എന്നാൽ കലാപരമായ ആവിഷ്കാരങ്ങളുടെ സൃഷ്ടിക്കു നിയോഗമുള്ള പ്രതിഭാശാലികൾ വളരെ കുറവാണ്.

നിലവിലുള്ളതോ ഉണ്ടായിരുന്നതോ ആയ നല്ലതൊന്നിനെക്കുറിച്ചുള്ള ധാരണയാണ് മറ്റൊന്നിനെക്കുറിച്ച് വിലയിരുത്തുന്നതിന് നമ്മെ സഹായിക്കുന്നത്. നിർഭാഗ്യവശാൽ ഉണ്ടായിരുന്ന നല്ലതിനെക്കുറിച്ചുള്ള അറിവ് പാഠ്യപദ്ധതികളിലൂടെയോ സമകാല ജീവിതത്തിന്റെ സ്വാർത്ഥതാപൂർണ്ണമായ പരിചയങ്ങളിലൂടെയോ പുതുതലമുറയ്ക്ക് അന്യമാണ്. ഈ പശ്ചാത്തലത്തിൽ ആസ്വാദനത്തിനായി ദുഷ്ടലാക്കുകളോടെ തയ്യാർ ചെയ്യുന്ന പുതുനാഗരികതയുടേതെന്ന ലേബലിൽ ഉണ്ടാക്കിയെടുത്ത് വില്ക്കപ്പെടുന്ന കലാരൂപങ്ങൾ കാശിനെ ഉദ്ദേശിച്ച് മാത്രമുള്ളതാണ്. അതിന് ധാർമ്മികത വേണ്ട, നന്മയുടെ ലക്ഷ്യങ്ങൾ വേണ്ട. മനുഷ്യമനസ്സിന് കല നൽകേണ്ട സാന്ത്വനങ്ങളും വേണ്ട. പണം മാത്രം മതി. അതു നേടാനുള്ള ബിസിനസ് ലക്ഷ്യങ്ങളിൽ ഉൾപ്പെട്ട് കലയും സാഹിത്യവുമെല്ലാം ഉദ്ദേശലക്ഷ്യങ്ങളെ അകറ്റിനിറുത്തി മുന്നോട്ട് പായുകയാണ് ഇക്കാലത്ത്.




## സാഹിത്യവ്യവസായം

അക്ഷരശക്തിയാണ് വായനയുടെ ഉൾക്കാമ്പ്. അതിലൂടെ വിന്യസിക്കപ്പെടുന്ന മാനവീയത വായനക്കാരന്റെ അറിവിനും ചിന്തക്കും ആസ്വാദനത്തിനും ലാഭത്തിനും വേണ്ടി സർഗ്ഗാത്മകതയോടെ തരപ്പെടുത്തുമ്പോഴാണ് അത് സാഹിത്യരൂപമായി തീരുന്നത്. വ്യക്തിയിലും വ്യക്തിയിലൂടെ സമൂഹത്തിലും, കാലത്തിലും അതുൾപ്പെട്ടു നില്ക്കുന്നു. ചരിത്രാവബോധങ്ങളിലും, അനുഭവങ്ങളിലും സ്പർശങ്ങൾ നൽകിക്കൊണ്ട് വായനക്കാരന്റെ മനോഭാവങ്ങളിലത് സാന്ത്വനം നൽകാൻ പര്യാപ്തമാകുമ്പോൾ കാലാതിവർത്തിയായ കലാരൂപമായി സാഹിത്യശില്പങ്ങൾ നിലനില്ക്കുന്നു. പ്രതിഭാശക്തികൊണ്ടും ധ്വന്യാത്മകതയാലും, ലോകപരിചയം കൊണ്ടും അഭൗതികമായ ദാർശനികതയുടെ സ്പർശം കൊണ്ടുമാണ് സാഹിത്യകാരനിത് നിർവ്വഹിക്കുന്നത്. വ്യവസായം എന്നത് ഏറ്റവും മുൻഗണന നൽകുന്നത് ലാഭത്തിനാണ്. ഒരു സാഹിത്യരൂപം സൃഷ്ടിക്കപ്പെട്ടാൽ അതുകൊണ്ട് എങ്ങനെ സാമ്പത്തിക ലാഭം കൈവരിക്കാം എന്നതാണ് ഇന്നത്തെ ലോകം മുഖ്യമായി കണക്കാക്കുന്നത്. മാത്രമല്ല കഥാപാത്രങ്ങളുടെയും സാഹചര്യങ്ങളുടെയും പുത്തൻ വിന്യാസത്തിലൂടെ അതെങ്ങനെ സാധ്യമാക്കാം എന്നും വ്യാവസായിക ലോകം ചിന്തിക്കുന്നു. ആഗോളതലത്തിൽ പ്രവർത്തിക്കുന്ന ലിറ്റററി ഏജന്റുമാരും, പ്രസാധകരും വിതരണക്കാരും ചേർന്ന് അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ആഗോള സമ്പദ്‌വ്യവസ്ഥയുടെ ദുഷ്ടലാക്കുകളുള്ള സാഹചര്യത്തിൽ കരുതിക്കൂട്ടി ലാഭം കൊയ്യാനുള്ള ഉപകരണമാക്കിയിരിക്കയാണ് സാഹിത്യത്തെയും. എഴുതാനറിയാവുന്നവനെ സാഹിത്യകാരനാക്കുകയും, അയാളെ പ്രകീർത്തിച്ച് പ്രശസ്തനാക്കുകയും അയാളുടെ രചനകൾ ലോകത്തോരമാണെന്നും കാലാനുസൃതമാണെന്ന് പറയിക്കുകയും അവാർഡുകളും പുരസ്കാരങ്ങളും നൽകി സാഹിത്യോത്സവങ്ങൾ തുടങ്ങിയവയിലൂടെ കോപ്പികൾ വിറ്റഴിക്കുകയും ചെയ്യുന്ന സാഹചര്യമാണ് ഇന്ന് കാണപ്പെടുന്നത്. എന്തും പറയാനും ശ്രദ്ധേയനാകാനും പ്രശസ്തനാകാനും ആർക്കും സാധിക്കുന്ന സാഹചര്യം സൃഷ്ടിച്ചുകൊണ്ടാണ് സാഹിത്യകലയെ വ്യവസായമായി മാറ്റിക്കൊണ്ടിരിക്കുന്നത്. കൃത്രിമമായ ബൗദ്ധികപ്രഭാവം സൃഷ്ടിച്ച് വായനക്കാരനെ ഇത് അമ്പരപ്പിക്കുന്നു. മിക്ക സാഹിത്യരചനകളിലും ഇന്ന് പ്രകൃതിഭംഗി അപ്രത്യക്ഷമായിരിക്കുന്നു. പകരം നിർജ്ജീവത്വമുള്ള കൃത്രിമ ഉപകരണങ്ങൾ, ഭാഷാ ശൈലികൾ, ഭാഷാരീതികൾ ഇവ സ്വീകരിച്ചിരിക്കുന്നു. പലരും പഠിച്ചതും അറിയാവുന്നതുമായ ഭാഷാശൈലികൾ കൈവിട്ട് ഇംഗ്ലീഷ് ശൈലിയേയും എഴുത്തിനെയും സ്വീകരിച്ചിരിക്കുന്നു. നമ്മുടെ ഗ്രാമങ്ങളും നാട്ടിൻപുറങ്ങളും, ഗ്രാമീണരും ചുറ്റുപാടുകളുമെല്ലാം വിസ്മൃതിയിലാണ്ടുപോയിരിക്കുന്നു. ലിറ്റററി ഏജന്റ്മാരും പ്രസാധകരും എഴുത്തുകാരും കോടികൾ സമ്പാദിക്കുന്നു. പ്രസിദ്ധി ഉണ്ടാക്കിയെടുക്കുന്നു. സർഗ്ഗാത്മകതയിൽ ഉണ്ടായി വളർന്നു വികസിക്കേണ്ട സാഹിത്യം ഒരുകൂട്ടരുടെ കുത്തകയായി മാറ്റപ്പെടുന്നു.



## സിനിമ

സിനിമ വ്യവസായമാണ്. മുതൽ മുടക്കി ലാഭം കൊയ്യുന്ന വൻ വ്യവസായം. പരസ്യങ്ങളിലൂടെയും മീഡിയകളിലൂടെയും നടീനടന്മാരുടെ യമണ്ടൻ വ്യക്തിത്വത്തെ വിളംബരം ചെയ്തും, ഫാൻസ് അസോസിയേഷനുകൾ രൂപപ്പെടുത്തിയും അത് വമ്പിച്ച ലാഭം കൊയ്യുന്ന ബിസിനസ്സായിരിക്കുന്നു. അവിടെയും വ്യക്തികളെ മാതൃകകളാക്കി ചിത്രീകരിച്ചും, അവർക്കിണങ്ങുംവിധം കഥകൾ ചമച്ചും, സമൂഹത്തിലവ ഉണ്ടാക്കാവുന്ന ന്യൂനതകളെക്കുറിച്ച് വിവേകത്തോടെ ചിന്തിക്കാതെയുമാണ് സിനിമാക്കച്ചവടം വളരുന്നത്. ഇതിന് വ്യത്യസ്തമായി അവധാനതയോടെ ചിന്തിച്ച് സിനിമ നിർമ്മിച്ചാലും, തിരിച്ചറിവോടെ അതിനെ സ്വീകരിക്കാൻ തക്കവണ്ണം ആസ്വാദകരുടെ ചിന്തകളെ രൂപപ്പെടുത്താൻ വേണ്ട സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കാൻ ആർക്കും കഴിയുന്നുമില്ല. കുറച്ച് പണം മുടക്കി കൂടുതൽ ലാഭം കൊയ്ത് എളുപ്പം പ്രശസ്തി കൈവരിക്കാവുന്ന സിനിമാ വ്യവസായത്തിന്റെ നല്ലതും ചീത്തയുമായ എല്ലാ സ്വഭാവങ്ങളോടും കൂടി വളരുന്ന കലാരൂപമാണിന്ന്.



## അഭിനയം സംഗീതം

അഭിനയപ്രധാനമായ കഥകളിയുടെ കാര്യമെടുക്കാം. ഒരു രാത്രി മുഴുവൻ ഉറക്കമിളച്ച് കണ്ടാസ്വാദിച്ചിരുന്ന കഥകളി ഇന്ന് കാണികളുടെ ആവശ്യമനുസരിച്ച് ചുരുക്കി അവതരിപ്പിച്ച് കാശു നേടുന്ന സ്ഥിതിയിലെത്തിയിരിക്കുന്നു.

➲പേജ് 12



# രാജ്യം കായിക മികവിന്റെ ഉയരങ്ങളിൽ

പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ ഇന്ത്യാഗവൺമെന്റ് തിരുവനന്തപുരം

**കായികവകുപ്പ് (യുവജനകാര്യ, കായികമന്ത്രാലയം)**

കായികമേഖലയിലെ നേട്ടങ്ങളുടെകാര്യത്തിൽ ഇന്ത്യയ്ക്ക് നാഴികക്കല്ലായ ഒരുവർഷമായിരുന്നു 2018. കായിക പ്രതിഭകൾക്ക് പ്രോത്സാഹനം നൽകുക, താഴേത്തട്ടിൽനിന്ന് പ്രതികളെ കണ്ടെത്തി വളർത്തിക്കൊണ്ടുവരികഎന്നിങ്ങനെയുള്ള ഗവൺമെന്റിന്റെദ്വിമുഖ സമീപനം നേട്ടംകൊയ്ത വർഷംകൂടിയായിരുന്നു 2018. കായിക വകുപ്പിന്റെ2018 ലെസുപ്രധാന നേട്ടങ്ങളിലേക്ക് ഒന്നു കണ്ണോടിക്കാം:

പ്രഥമ ഖേലോ ഇന്ത്യസ്കൂൾഗെയിംസ് 2018 ജനുവരി 31 മുതൽ ഫെബ്രുവരി 8 വരെ ന്യൂഡൽഹിയിൽനടന്നു. 29 സംസ്ഥാനങ്ങളിൽനിന്നും 7 കേന്ദ്ര ഭരണ പ്രദേശങ്ങളിൽനിന്നുമായി 3507 കായികതാരങ്ങൾ പങ്കെടുത്തു. ഗെയിംസിൽ ആകെ 102 മെഡലുകൾ നേടിയ ഹരിയാനയാണ് ഒന്നാംസ്ഥാനത്തെത്തിയത്. ഗെയിംസിൽമികവു പ്രകടിപ്പിച്ച 1178 പ്രതിഭകളെകായിക മന്ത്രാലയം കണ്ടെത്തിയിട്ടുണ്ട്. അവർക്ക് അടുത്ത 8 വർഷത്തേക്ക് പ്രത്യേക പരിശീലനം നൽകും. ഒരോകായികതാരത്തിനുമായി പ്രതിവർഷം 5 ലക്ഷം രൂപ ചെലവഴിക്കും,. ഇതിനു പുറമെ ഈ കായിക താരങ്ങൾക്ക് 1.2 ലക്ഷം രൂപ വാർഷിക സ്റ്റൈപ്പന്റായും നൽകും.

ഈ വർഷത്തെ റിപബ്ലിക് ദിന പരേഡിൽകേന്ദ്ര യുവജനകാര്യ, കായിക മന്ത്രാലയത്തിന്റെനിശ്ചലദൃശ്യം ഏറ്റവും മികച്ചതായിതിരഞ്ഞെടുക്കപ്പെട്ടു. ഖേലോ ഇന്ത്യ ആസ്പദമാക്കിയായിരുന്നു മന്ത്രാലയംനിശ്ചലദൃശ്യം ഒരുക്കിയത്.

ഒളിമ്പിക്സ്, മറ്റു അന്താരാഷ്ട്ര മത്സരങ്ങൾ എന്നിവയിൽമെഡൽ സാധ്യതയുള്ള താരങ്ങൾക്ക് പ്രോത്സാഹനം നൽകാനും കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുമായിരൂപീകരിച്ച ദേശീയ കായിക വികസന നിധിയിലേക്ക് ഇന്ത്യ ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് ലിമിറ്റഡ് (ഐ.ഐ.എഫ്.സി.എൽ) 10 കോടിരൂപ സംഭാവന നൽകി. ഇതടക്കം ആകെ 30 കോടിരൂപ ഐ.ഐ.എഫ്.സി.എൽ ഇതുവരെ 30 കോടിരൂപ ദേശീയ കായിക വികസന നിധിയിലേക്ക് സംഭാവന നൽകിയിട്ടുണ്ട്. ബാഡ്മിന്റൺ, അമ്പെയ്ത്ത്, പാരാ സ്പോർട്സ്വിഭാഗങ്ങളിലെ കായികതാരങ്ങൾക് പരിശീലനം നൽകാനും അക്കാദമികൾ സ്ഥാപിക്കാനും നിലവിൽ ഉള്ളവയ്ക്ക് പിന്തുണ നൽകാനുമാണ് ഈ ഫണ്ട് വിനിയോഗിക്കുക.

ഈ വർഷം ഏപ്രിൽ 4 മുതൽ 15 വരെ ആസ്ട്രേലിയയിലെ ഗോൾഡ്കോസ്റ്റിൽ നടന്ന കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യ മികച്ച പ്രകടനമാണ്കാഴ്ചവെച്ചത്. 26 സ്വർണമെഡൽ, 20 വെള്ളിമെഡൽ, 20 വെങ്കലം എന്നിവയടക്കം ആകെ 66 മെഡലുകൾ നേടിയ ഇന്ത്യ മൂന്നാംസ്ഥാനത്തെത്തി. 2010നുശേഷം കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യയുടെ ഏറ്റവും മികച്ച പ്രകടനമാണിത്.

ഗ്വാളിയോറിലെ ലക്ഷ്മിബായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ എജ്യൂക്കേഷന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ്കമ്മീഷന്റെകൽപ്പിതസർവകലാശാലാ പദവില്യമായി.

കായിക മേഖലയിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെക്കുന്ന സർവകലാശാലകൾക്കു നൽകുന്ന മൗലാനാ അബ്ദുൽകലാം ആസാദ് ട്രോഫിയുടെ മാനദണ്ഡങ്ങളിൽകായിക മന്ത്രാലയം ഭേദഗതികൾ വരുത്തി. നേരത്തെ അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് ആയിരുന്നു സർവകലാശാലകളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുകയും സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്തിരുന്നത്. പുതുക്കിയ ഭേദഗതിയനുസരിച്ച് കേന്ദ്ര യുവജനകാര്യ, കായിക മന്ത്രാലയവുംസ്പോർട്സ് അതോറിറ്റിഓഫ് ഇന്ത്യയുംചേർന്നാണ് ഇനി അപേക്ഷകൾ ക്ഷണിക്കുകയുംസൂക്ഷ്മ പരിശോധന നടത്തുകയുംചെയ്യുക. വർഷത്തിൽ ഒന്നിൽക്കൂടുതൽ തവണ നടക്കുന്ന ടൂർണ്ണമെന്റുകൾ മാർക്ക് കണക്കുകൂട്ടുന്നതിന് ഇനി പരിഗണിക്കില്ല. ഒന്നാംസ്ഥാനത്തെത്തുന്ന സർവകലാശാലയ്ക്ക് നൽകുന്ന അവാർഡ്തുക 10 ലക്ഷത്തിൽനിന്ന് 15 ലക്ഷമായും ഫസ്റ്റ് റണ്ണർ അപ്പിനുള്ള സമ്മാനത്തുത 5 ലക്ഷത്തിൽനിന്ന് 7.5 ലക്ഷമായും സെക്കന്റ് റണ്ണർ അപ്പിനുള്ള അവാർഡ്തുക 3 ലക്ഷത്തിൽ നിന്ന് 4.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

മികവു പ്രകടിപ്പിച്ച കായികതാരങ്ങൾക്ക് നൽകുന്ന പെൻഷൻ തുക കേന്ദ്ര ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. കുറഞ്ഞ പ്രതിമാസ പെൻഷൻ 12000 രൂപയും പരമാവധി പെൻഷൻ 20,000 രൂപയും ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. പാരാ ഒളിമ്പിക്സ്, പാരാ ഏഷ്യൻ ഗെയിംസ് എന്നിവയിലെ മെഡൽ ജേതാക്കൾക്കും ഒിമ്പിക്സ്, ഏഷ്യൻ ഗെയിംസ്ജേതാക്കൾക്ക് നൽകുന്ന പെൻഷൻ തുക തന്നെ ലഭിക്കും. 2018 ഏപ്രിൽ 1 മുതൽ ഇത് പ്രാബല്യത്തിൽ വന്നു കഴിഞ്ഞു.

കായികമേഖലയിലെ ഉത്തേജക ഉപയോഗം കണ്ടെത്താനും ബോധവത്കണത്തിനുമുള്ള ശ്രമങ്ങളിൽ നാഷണൽആന്റിഡോപ്പിംഗ് ഏജൻസി (നാഡ) സജീവമായിരുന്നു. ഖേലോ ഇന്ത്യസ്കൂൾഗെയിംസ്വേളയിൽ നാഡ 377 ഡോപ്പിംഗ്ടെസ്റ്റുകളാണ് നടത്തിയത്. കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ് എന്നിവയ്ക്കു മുന്നോടിയായി ഇന്ത്യൻതാരങ്ങളുടെ 377 ഡോപ്പിംഗ്ടെസ്റ്റുകളാണ് നാഡ നടത്തിയത്. നാഡയുടെ പ്രവർത്തനം കഴിഞ്ഞ വർഷംവേൾഡ്ആന്റിഡോപിംഗ് ഏജൻസിയുടെ (വാഡ) ഓഡിറ്റിംഗ് സംഘംവിലയിരുത്തിയിരുന്നു. വാഡഓഡിറ്റിംഗ് സംഘം നിർദ്ദേശിച്ച തിരുത്തൽ നടപടികൾ നാഡ നടപ്പിലാക്കിയിട്ടുണ്ട്. വാഡയുടെവാർഷിക സ്ഥിതിവിവര റിപ്പോർട്ടനുസരിച്ച് ഇന്ത്യയിലെ ഉത്തേജകനിയമലംഘനങ്ങളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്.

മണിപ്പൂരിൽദേശീയ കായിക സർവകലാശാലയ്ക്ക് ഈ വർഷംമാർച്ച് 16 ന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി തറക്കല്ലിട്ടിരുന്നു. കായിക ശാസ്ത്രം, കായിക സാങ്കേതികവിദ്യ, കായിക മാനേജ്മെന്റ്, സ്പോർട്സ്കോച്ചിംഗ് എന്നീ മേഖലകളിൽകായിക വിദ്യാഭ്യാസം നൽകുന്ന ആദ്യസർവകലാശയാണ് മണിപ്പൂരിൽവിഭാവനം ചെയ്തിട്ടുള്ളത്. തിരഞ്ഞെടുക്കപ്പെട്ട കായിക വിഭാഗങ്ങളുടെദേശീയ പരിശീലഌകേന്ദ്രമായും ഇത് വർത്തിക്കും.

സ്പോർട്സ്കോച്ചിംഗ്, സ്പോർട്സ് സയൻസസ്, ഫിസിക്കൽ എജുക്കേഷൻ തുടങ്ങിയവിഷയങ്ങളിൽ ബിരുദ, ബിരുദാനന്തര ബിരുദ, ഡോക്ടറൽ പ്രോഗ്രാമുകൾ ഈ സർവകലാശാലയിലുണ്ടാകും. ഇംഫാലിലെ ഖുമൻ താംപകിലെ താൽക്കാലിക കാമ്പസിൽ സർവകലാശാല പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ബാച്ചിലർഓഫ് ഫിസിക്കൽ എജുക്കേഷൻ ആന്റ്സ്പോർട്സ്, ബി.എസ്.സി (സ്പോർട്സ്കോച്ചിംഗ്) എന്നീ കോഴ്സുകളാണ് 2018 ജനുവരി 15 മുതൽസർവകലാശാലയിൽ ആരംഭിച്ചത്.2018-19 ലേക്കുള്ള പ്രവേശനവും പൂർത്തിയായിക്കഴിഞ്ഞു.

2018 ലെ രാജീവ് ഗാന്ധിഖേൽ രത്നാ പുരസ്കാരംഎസ്. മിരാബായി ചാനുവിനും (ഭാരോദ്വഹനം) വിരാട്കോഹ്‌ലിക്കും (ക്രിക്കറ്റ്) സമ്മാനിച്ചു. വിവിധ വിഭാഗങ്ങളിലായ 32 കായികതാരങ്ങൾക്കും/പരിശീലകർക്കും ദ്രോണാചാര്യ, അർജുന, ധ്യാൻചന്ദ് അവാർഡുകൾ സമ്മാനിച്ചു.

ഇന്തൊനേഷ്യയിലെ ജക്കാർത്തയിലും പലംബാഗിലുമായി ആഗസ്റ്റ് 18 മുതൽ സെപ്റ്റംബർ 2 വരെ നടന്ന ഏഷ്യൻ ഗെയിംസിൽമൊത്തം 69 മെഡലുകളുമായി (15 സ്വർണ്ണം, 24 വെള്ളി, 30 വെങ്കലം) ഇന്ത്യ എട്ടാംസ്ഥാനത്തെത്തി. ഏഷ്യൻ ഗെയിംസിലെ മെഡൽ ജേതാക്കളെ 2018 സെപ്റ്റംബർ 5ന് നടന്ന ചടങ്ങിൽ പ്രധാനമന്ത്രി ആദരിച്ചു. കേന്ദ്ര കായിക മന്ത്രാലയം സംഘടിപ്പിച്ച ചടങ്ങിൽവെച്ച് ഏഷ്യൻഗെയിംസിലെ സ്വർണ്ണ മെഡൽ ജേതാക്കൾക്ക് 30 ലക്ഷം രൂപ വീതവും, വെള്ളി, വെങ്കല മെഡൽ ജേതാക്കൾക്ക് യഥാക്രമം 20 ലക്ഷം രൂപയും 10 ലക്ഷം രൂപയുംവീതംകാഷ് അവാർഡ്വിതരണംചെയ്തു.

ഏഷ്യൻ പാരാ ഗെയിംസിൽ 72 മെഡലുകൾ നേടിയ ഇന്ത്യ ഒൻപതാംസ്ഥാനത്തെത്തി. അർജന്റീനയിലെ ബ്യൂണസ് അയേഴ്സിൽ നടന്ന യൂത്ത് ഒളിമ്പിക്സ് ഗെയിംസിൽ 13 മെഡലുകളോടെ 14ാം സ്ഥാനത്തെത്താൻ ഇന്ത്യക്ക് സാധിച്ചു.

രാജ്യത്തിനു വേണ്ടി മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുള്ള, നിലവിൽ സാമ്പത്തിക,ആരോഗ്യ പ്രയാസമനുവിക്കുന്ന കായികതാരങ്ങൾക്ക്കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം പണ്ഡിറ്റ്ദീനദയാൽ ഉപാധ്യായ നാഷണൽ വെൽഫെയർ ഫണ്ട് ഫോർസ്പോർട്സ്പേർസൺസിൽ നിന്ന് സാമ്പത്തികസഹായം നൽകുന്നുണ്ട്.

നവംബർ 15 മുതൽ 24 വരെ ന്യൂഡൽഹിയിൽ നടന്ന ലോകബോക്സിംഗ് ചാമ്പ്യൻഷിപ്പിലെ ലൈറ്റ് ഫ്ളൈവെയ്റ്റ്വിാഗത്തിൽ ഇന്ത്യയുടെ മേരികോം കിരീടംചൂടി. ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽആറുസ്വർണ്ണം നേടുന്ന ആദ്യ വനിതാബോക്സറാണ്മേരികോം.

രാജ്യത്തെ കായിക അന്തരീക്ഷം ശക്തിപ്പെടുത്തുന്നതിനും വിവിധ കായിക മഖലകളിൽവൈദഗ്ധ്യം വളർത്തുന്നതിനുമായി രോഹ്തക്കിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ 2 വർഷത്തെ ഒരുകോഴ്സ് ആരംഭിക്കുന്നതിന് കായികവകുപ്പ് ധനസഹായം നൽകി. മികച്ച അത്‌ലറ്റുകളുടെ ഉന്നത നിലവാരമുള്ള പ്രകടനം പഠനവിധേയമാക്കി, അതിൽ ഗവേഷണം, നവീനാശയം എന്നിവയ്ക്ക് പന്തുണ നൽകുന്ന ഒരു പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. നാഷണൽ സെന്റർഓഫ് സ്പോർട്സ് സയൻസസ് ആന്റ്റിസർച്ച് ആണ് പദ്ധതി നടപ്പിലാക്കുന്നത്.

അന്താരാഷ്ട്ര കായിക മത്സരങ്ങളിൽ അവാർഡ് നടുന്നവർക്കും അവരുടെ പരിശീലകർക്കുംകാഷ് അവാർഡ് നൽകുന്ന പദ്ധതിക്കു കീഴിൽ 2018-19ൽ ഇതുവരെ 11.02 കോടിരൂപ വിതരണംചെയ്തിട്ടുണ്ട്.

## ഫേസ് ബുക്കിൽ നിന്നും









പ്ലാവിലയിൽ കോറിയ കരവിരുത്



# കല വ്യവസായമാകുമ്പോൾ

ആരുടെ കഥയും ഏത് കഥയും രൂപപ്പെടുത്തി കഥകളിയായി അവതരിപ്പിക്കാൻ കലാകാരന്മാർ ബാധ്യസ്ഥതപ്പെട്ടിരിക്കുന്നു. ഉല്പന്നങ്ങളുടെ പരസ്യങ്ങൾക്കുവേണ്ടിയും ടൂറിസ്റ്റുകളെ ആകർഷിക്കാനും നാമിന്ന് കൂടുതൽ ഉപയോഗിക്കുന്നത് കഥകളി വേഷങ്ങളും മേളവുമാണ്. പഞ്ചവാദ്യവും കേരളത്തിന്റെ മിക്ക തനത് കലാരൂപങ്ങളും ഇവ്വിധം വ്യവസായവത്കരിച്ചുകഴിഞ്ഞു. കൂടുതൽ കൂടുതൽ അതിനെ എങ്ങനെ വിപണിയിലെത്തിക്കാം എന്ന ആലോചനയിലാണ് വ്യവസായലോകം.

സംഗീതലോകവും ഇന്ന് വ്യാവസായിക ഭീകരതയുടെ പിടിയിൽ അമർന്നു കഴിഞ്ഞു. കർണ്ണാടക ഹിന്ദുസ്ഥാനി സംഗീതങ്ങളും, സിനിമാ സംഗീതവും നാടൻപാട്ടുകളുമാണ് ഇതിന്റെ പിടിയിലമർന്നത്. ശാസ്ത്രീയ ഹിന്ദുസ്ഥാനി സംഗീതങ്ങളുടെ അറിവ് നേടിയവർ ഉണ്ടെങ്കിലും ആരാധകർ കൂടുതലാണ്. നാടെങ്ങും സംഗീതസഭകളുണ്ട്. സ്ഥാപനങ്ങളാണ് അവ നടത്തുന്നത്. സംഗീതത്തിന്റെ ശാസ്ത്രീയതയെ ക്കുറിച്ച് അത്രയൊന്നും അറിവില്ലെങ്കിലും സഭകളിൽ അംഗത്വം നേടുന്നതും കൂട്ടായ്മയിൽ ഉൾപ്പെടുന്നതും അന്തസ്സായി കണക്കാക്കിവരുന്നു. ഇവിടങ്ങളിൽ നിന്ന് സംഗീതം പഠിച്ചാലും, ചെന്നൈയിലും മുംബൈയിലും ഉള്ളവർ എന്ന് മേൽവിലാസം വച്ചാൽ സംഗീതജ്ഞരുടെ വില കൂടുന്നു. ഉപകരണ സംഗീതവാദനം നടത്തുന്നവരും മിക്കരും ഇത്തരക്കാരാണ്. പരിപാടികൾ ബുക്ക് ചെയ്തുകൊടുക്കാൻ ഏജന്റുമാരും സംഘടനകളും ധാരാളം.

സിനിമാപ്പാട്ടുകൾ ഒരു ഭാവഗീതം മാത്രമായി കേൾക്കാൻ ആഗ്രഹിക്കുന്നവരാണ് നാം. ഇതിലെ അതിമനോഹരമായ സാഹിത്യ സൗന്ദര്യത്തെയാണ് നാം ആരാധിച്ചിരുന്നതും. ആഗോളവത്കരണാനന്തരം ഇന്ത്യൻ സംഗീതത്തിൽ വന്നുപെട്ട ഇടപെടലുകൾ തികച്ചും ഉപരിപ്ലവവും ഉപഭോഗത്തെ മാത്രം ലക്ഷ്യം വച്ചിട്ടുള്ളതുമാണ്. മുൻപുണ്ടായിരുന്നതിൽ നിന്ന് വ്യത്യസ്തമായി സംഗീതത്തിന്റെ കർതൃകേന്ദ്രീകൃത സ്വഭാവത്തെ ഏതാണ്ട് തകർച്ചയിലേക്ക് നയിക്കുന്നുണ്ട്. തൈക്കൂട്ടം ബ്രിഡ്ജ് പോലുള്ള സംഗീതകലാപങ്ങളാണ് ഇന്നു സംഗീത ലോകത്ത് പുത്തൻ ആരാധകരെ സൃഷ്ടിക്കുന്നത്. ട്രെന്റുകൾ ഉണ്ടാക്കിയെടുക്കാനും താരപര്യവേഷം സംഘടിപ്പിക്കാനും സംഗീതവ്യവസായ കുത്തകകൾ മത്സരി



ക്കുകയാണ്. എന്താണ് യഥാർത്ഥ സംഗീതമെന്നോ എങ്ങനെയാണ് ആസ്വദിക്കേണ്ടതെന്നോ ആർക്കും പിടിയില്ല. പക്ഷേ, ഇത്തരം സംഗീതകലാപങ്ങൾ യുവലോകത്തിന്റെ ആരാധനയും കയ്യടിയും നേടി ആസൂത്രകർക്ക് പണം നേടിക്കൊടുക്കുന്നുണ്ട്.

## ചിത്രകല

ചിത്രകലയിലും ഇതുതന്നെ സ്ഥിതി. പ്രതിഭാസമ്പന്നരുടെ രചനകൾ എന്തെന്ന് അറിയാനോ വിലയിരുത്താനോ സമൂഹത്തിന് നേരമില്ല. ഉണ്ടെങ്കിലത് സാഹിത്യത്തിലും മറ്റു കലകളിലും പ്രവർത്തിക്കുന്ന പാർശ്വവല്ക്കരണം എന്ന യാഥാർത്ഥ്യത്തെ ഇവിടെയും ശരിവയ്ക്കുന്നു. ചിത്രരചനയും അതിന്റെ ആസ്വാദനവും സർറീയലിസം, ക്യൂബിസം തുടങ്ങിയ ഇസങ്ങളിൽപ്പെട്ടതാണ് എന്ന് തിരിച്ചറിയാവുന്നവർക്ക് മാത്രമുള്ളതായി. പ്രതിഭയും ആവിഷ്കാരവും എല്ലാം പുത്തൻ സാങ്കേതികതയുമായി ബന്ധപ്പെടുത്തി അതിനെ കച്ചവടമാക്കി തീർക്കുകയും ചെയ്തു. കലാകാരന്റെ കഴിവുകൾ ഗ്രാഫിക്സ് തുടങ്ങിയവയിലേക്കു മായി മാറ്റപ്പെട്ടു. ഉപഭോഗവസ്തുക്കളുടെ വിപണി പിടിച്ചെടുക്കാനുള്ള പരസ്യവും ചിത്രകഥകളും തുടങ്ങി എന്തും ദൃശ്യകാര്യവുമായി തരപ്പെടുത്താനുള്ള ഉപകരണമായി ചിത്രകലയും മാറ്റപ്പെട്ടു. ചിത്രകാരനിന്ന് പടം വരയ്ക്കാൻ ബ്രഷും ക്യാൻവാസും വേണ്ട. പകരം ലാപ്ടോപ്പും ഡസ്ക്ടോപ്പും മതി.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യം മുതൽ സമൂഹത്തിൽ വന്നുപെട്ട മാറ്റങ്ങളുമായി ബന്ധപ്പെട്ട് അതിനു മുമ്പുണ്ടായിരുന്ന നന്മകളുടെ നിലപാടുകളെ തിരുത്താൻ ലോകം ബാധ്യസ്ഥമായി. ആഗോളവത്കരണം, വ്യാവസായികവിപ്ലവം, സാമൂഹ്യ കുടുംബ വ്യക്തിജീവിതത്തിലെ ശരിയുടെ നിലപാടുകൾ എന്നിവ വ്യത്യസ്ത ദിശകളിലേക്ക് മാനവജീവിതത്തെയും ആസ്വാദനത്തേയും അകറ്റാൻ തുടങ്ങി. തൊഴിൽ രംഗത്ത് ചൂഷണം, സാധാരണക്കാരന്റെ സാമ്പത്തിക സന്തുലതയിക്കുള്ള കൈകടത്തൽ തുടങ്ങി നിരവധി പ്രശ്നങ്ങൾ സമൂഹത്തിൽ ഉടലെടുത്തു. എന്തും ഏതും സമ്പത്തിന്റെ അടിസ്ഥാനത്തിൽ കാണാനും പ്രവർത്തിക്കാനും പ്രതികരിക്കാനും ഉള്ള പ്രവണത സാർവ്വത്രികവും സാംസ്കാരിക അടയാളവുമായി. ഈ സാഹചര്യത്തിലാണ് കലകളെയും ആഗോളവത്കരണം പിടികൂടിയത്. സന്മാർഗികതയുടെ മൂല്യങ്ങൾക്കപ്പുറം കലയും സാഹിത്യവും സിനിമയുമെല്ലാം വാണിജ്യ വ്യവസായരംഗത്തെ ഉല്പാദക വിക്രയ വിപണന ചരക്കായി മാറി. ഇതിൽ നിന്ന് ഒരു തിരിച്ചുപോക്ക് ഉണ്ടാവാനിടയില്ല. മൂല്യങ്ങളിലധിഷ്ഠിതമായ ഒരു നൂതന കലാജീവിതം സ്വാഭാവികമായി ഉരുത്തിരിഞ്ഞ് വരാമെന്ന് പ്രത്യാശിക്കാനേ ഈ അവസരത്തിൽ സാധ്യമാകൂ.




മക്കൾക്കായി ഞാനറിയാത്ത എന്തെങ്കിലും സമ്പാദ്യം ഉണ്ടാകുമോ? അനധികൃതമായി ആരുടേയും പത്തുപൈസാ കൈ നീട്ടി വാങ്ങുന്ന ആളുമല്ല.

**മനു:** അച്ഛൻ ആവശ്യത്തിൽ കൂടുതൽ നല്ലവനായതിന്റെ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാ നമ്മള് വളരെ പ്രധാനമായ ചില കാര്യങ്ങൾ അച്ഛനോട് സംസാരിക്കാനിരിക്കുകയാ ഞാൻ വഴക്കായിട്ടല്ല കാര്യമായിട്ടാ.

(ഈ സമയം പുറത്തു നിന്നും രംഗത്തേയ്ക്കു വരുന്ന മുകുന്ദൻ എഴുത്തച്ഛൻ അൻപതിനു മുകളിൽ പ്രായം. കൈയിലൊരു ബാഗ്, കുട. മുഖത്തു കണ്ണട. വെള്ളമുണ്ടും ഷർട്ടും. ജീവിതം അയാൾക്കൊരു പ്രാർത്ഥനയാണെന്നു വിളിച്ചറിയിക്കുന്ന മുഖഭാവം. ഉമ്മറത്തേക്കു കയറുന്നതിനുമുമ്പ് കാലുകഴുകി രംഗത്തേയ്ക്കു കടന്ന അയാൾ കുടയും ബാഗും മാളവികയെ ഏൽപിച്ചു. കൈയ്യിൽ ചുരുട്ടി പിടിച്ചിരുന്ന ഒരു എംപ്ലോയ്മെന്റ് ന്യൂസ് മകനു നേരെ നീട്ടുന്നു.)

**മുകുന്ദൻ :** പുതിയ എംപ്ലോയ്മെന്റ് ന്യൂസാ...

(മനു അതു വാങ്ങി.)

റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡിന്റെ ഒരു വിജ്ഞാപനമുണ്ട്. നിനക്ക് പറ്റുന്നതാ. ഉടനെ ആപ്ലിക്കേഷൻ തയ്യാറാക്കി അയച്ചോളു.

**മനു:** (ചെറിയ പ്രതിഷേധത്തോടെയും ഒരല്പം നിരാശയോടെയും)റെയിൽവേയിലേക്ക് ഇനി ആപ്ലിക്കേഷൻ അയയ്ക്കാൻ പറ്റില്ല. ഏജ് ഓവറായിപ്പോയി.

(അവനകത്തേയ്ക്കു നടന്നു. ആ തിരിച്ചറിവ് അയാളുട മനസ്സിനു ചെറിയ ആഘാതമായി. )

**മാളവിക:** കുടിക്കാനെടുക്കട്ടെ. അതോ കുളികഴിഞ്ഞു മതിയോ?

**മുകുന്ദൻ :** ഫിനാൻഷ്യൽ എന്റർപ്രൈസിൽ നിന്നും ഒരു ചിട്ടി പിടിച്ച തുക ആ ബാഗിലുണ്ട്. എടുത്ത് അലമാരിയിൽ വച്ചോളൂ. വാങ്ങിയിട്ടിരിക്കുന്ന അഞ്ചുസെന്റ് സ്ഥലത്ത് സ്ഥാനം കണ്ട് ഒരു വീട് പണിതുടങ്ങാൻ നാളെമുതൽ പണിക്കാരെ ഏർപ്പാടാക്കിയിട്ടുണ്ട്.

**മാളവിക:** അഭിരാമി വിളിച്ചിരുന്നോ ആഫീസിലേക്ക്.

**മുകുന്ദൻ :**(അത്ര താല്പര്യമില്ലാത്ത മട്ടിൽ) ഉവ്വ്. വിളിച്ചിരുന്നു.

**മാളവിക:** പയ്യൻ ഡോക്ടറാണെന്നു പറയുന്നു.

**മുകുന്ദൻ :** (ഒരല്പം സ്വരമുയർത്തി. ദേഷ്യത്തോടെ.) അവനവന്റെ കൊക്കിനൊതുങ്ങുന്നത് ആഗ്രഹിച്ചാൽ പോരെ. ഡോക്ടറുതന്നെ വേണോ?.

**മാളവിക:** നമ്മളാവശ്യപ്പെട്ടിട്ടല്ല. ഇങ്ങോട്ടു വന്നതാ. ഡോക്ടറെന്നൊക്കെ കേട്ടപ്പോ ഞാനും വല്ലാതെ മോഹിച്ചു പോയി. അഭിരാമി ഇവിടെ വന്ന് അതിനെപ്പറ്റി സംസാരിച്ചപ്പോൾ കേട്ടുനിന്ന മകളുടെ കണ്ണുകളിലും മോഹത്തിന്റെ തിരിതെളിയുന്നത് ഞാൻ കണ്ടതാ.

**മുകുന്ദൻ :** പഠിപ്പിനനുസരിച്ച് എന്തെങ്കിലും ഒരു ജോലി തരപ്പെട്ടിട്ടു ആവാം വിവാഹം എന്നൊക്കെയാ എന്റെ മനസ്സിലെ കണക്ക്.

**മാളവിക:** ജോലിയും കാത്തിരുന്നാലെങ്ങനാ? ഈ ചിങ്ങത്തിലെ അവിട്ടത്തിന് മോൾക്ക് ഇരുപത്തിയഞ്ചു വയസ്സാകും.

(അയാളിതിന് വ്യക്തമായ മറുപടി പറഞ്ഞില്ല.അടുത്ത് ചെന്ന് ആർദ്രമായി).

മനുവിന്റെ അച്ഛനോട് ഒരൂട്ടം ചോദിച്ചോട്ടെ. മകൾക്കു വേണ്ടി അച്ഛന്റെ വക എന്തെങ്കിലും കരുതൽ ഞാനറിയാത്തതായി...

**മുകുന്ദൻ :** മക്കൾക്കു കൊടുക്കാനായി ചങ്കിൽ കരുതി വച്ചിരിക്കുന്ന സ്നേഹത്തിന്റെ നിക്ഷേപ കുടുക്കയല്ലാതെ നീ അറിയാത്തതായി, കാണാത്തതായി എന്റെ ജീവിതത്തിൽ എന്താ ഉള്ളത്?

**മാളവിക:** സ്ത്രീധനമായി അതു സ്വീകരിച്ചുകൊണ്ട് മകളെ വിവാഹം കഴിക്കാൻ ആരെങ്കിലും തയ്യാറാകുമോ?

**മുകുന്ദൻ:** ഒക്കേറ്റിനും ഈശ്വരൻ ഒരു വഴി കാണാതിരിക്കുമോ മാളവികേ?

**മാളവിക:** ഈശ്വരൻ വിവാഹദല്ലാളല്ല, മകൾ വളർന്നാൽ വിവാഹം കഴിച്ചു കൊടുക്കേണ്ട ഉത്തരവാദിത്വം മാതാപിതാക്കളുടേയാ... പഠിപ്പിക്കാൻ വരികയോ ധിക്കാരം പറയുകയോ അല്ല. മക്കളെപ്പറ്റിയെങ്കിലും ഈ അമ്മ ഇത്തിരി മോഹിച്ചോട്ടെ. വീടുപണിയൊക്കെ നമുക്ക് പിന്നത്തേയ്ക്ക് മാറ്റിവയ്ക്കാം. വേണോന്ന് വച്ചാൽ വാങ്ങിയ വസ്തു വിറ്റിട്ടായാലും മഹിമ മോളുടെ വിവാഹം നടത്തണം. പരിഹാരം കാണും വരെ വച്ചുസൂക്ഷിക്കാവുന്ന ഒരു മുതലല്ല വളർന്ന പെൺകുട്ടി.

**മുകുന്ദൻ:** കഴിഞ്ഞ മുപ്പതു വർഷത്തിനിടയ്ക്ക് ഇത് പതിനാറാമത്തെ വാടകവീടാ. സ്വന്തം എന്നു പറയാൻ ഒരുപിടിമണ്ണ്; ഒരു വീട്, ഇതൊക്കെ എന്റെ മോഹങ്ങളാ. മാളവികെ, മരിക്കണെതിനുമുമ്പ് ഒരു ചിതയ്ക്കുള്ള സ്ഥലം പോലും കരുതിവച്ചില്ല. മുകുന്ദൻ എഴുത്തച്ഛൻ എന്ന് നാട്ടുകാര് പഴിക്കില്ലെ?

**മാളവിക:** അതിലും വലിയ പഴിദോഷാ മക്കളെ ഒരുവഴിക്ക് ആക്കിയില്ലെങ്കിൽ മാതാപിതാക്കൾക്ക് കിട്ടുക. മുനിസിപ്പാലിറ്റിക്ക് പൊതുശ്മശാനമുണ്ട്. ഫീസു കെട്ടിയാൽ സബ് രജിസ്റ്റർ മുകുന്ദൻ എഴുത്തച്ഛന്റെ ഡെഡ് ബോഡി ആർക്കും ഒരു ബാധ്യതയാകില്ല. കുളിച്ച് വന്ന് വേഷം മാറിക്കൊള്ളു. ആ പയ്യൻ ഇപ്പോഴെത്തും.

(അകത്തേക്കു പോകുന്നു. ഒരു നിമിഷം അയാൾ ആഘാതമേറ്റതുപോലെ നിന്നുപോയി. നിമിഷങ്ങൾക്കകം അകത്തുനിന്നും മഹിമ. അവൾ അടുത്തെത്തി. ഭയം കലർന്ന ബഹുമാനത്തോടെ ടെലിഗ്രാം കാണിച്ചിട്ട്)

**മഹിമ:** കവിത നേരത്തെ അയച്ചിരുന്ന കാര്യം അച്ഛനോട് പറഞ്ഞില്ല.

**മുകുന്ദൻ:** അതിനെന്താ ഈ കാര്യത്തിലൊന്നും മക്കളെ പ്രോത്സാഹപ്പിച്ചിട്ടില്ല. പഠിക്കുന്ന സമയത്ത് മറ്റ് പലതിലും ശ്രദ്ധ വഴുതിപ്പോയാലോ എന്ന ഭയം ആയിരുന്നു. പങ്ക് വയ്ക്കുമ്പോൾ ഈശ്വരന് കൈപിഴയ്ക്കില്ല എന്ന് ഇപ്പോൾ മനസ്സിലായില്ലെ.

**മഹിമ:** ഞാൻ ഒരുങ്ങി നിൽക്കണമെന്ന് അമ്മ പറഞ്ഞു.

**മുകുന്ദൻ:** ഉം. ഒരുങ്ങി നിന്നോ. പയ്യനെ ശരിക്കും കണ്ടോളൂ. ഒരു ചിട്ടി പിടിച്ച തുകയുണ്ട് അച്ഛന്റെ കൈയില്. പോരാത്തത് പ്രൊവിഡന്റ് ഫണ്ടിൽ നിന്നും ലോണെടുക്കണം. എന്നിട്ടും തികഞ്ഞില്ലെങ്കിൽ കടമാക്കാം. നമ്മുടെ വീട്ടിലും ഒരു ഡോക്ടറൊക്കെ ഉണ്ടാവട്ടെ. മോൾക്ക് അച്ഛന്റെ വക സമ്മാനം.

(പറഞ്ഞിട്ട് അയാൾ അകത്തേയ്ക്ക്. സന്തോഷത്തോടെ നിന്ന മഹിമ അവളുടെ മനസ്സിൽ പ്രതീക്ഷയുടെ ഒരു കവിതാശകലം നാമ്പിട്ടു. ഈ സമയം പുറത്തുനിന്നും രംഗത്തേയ്ക്ക് വരുന്ന കൈലാസനാഥൻ ഒരേ കളർ ഷർട്ടും പാന്റ്സും വേഷം. വിലകൂടിയ കറുത്ത കണ്ണട മുഖത്ത്. കഴുത്തിൽ കനത്ത ചെയിൻ. അത് പുറത്തു കാണത്തക്ക രീതിയിൽ ഷർട്ടിന്റെ കുടുക്ക് തുറന്നിട്ടിരിക്കുന്നു. കൈത്തണ്ടയിൽ കനത്ത സ്വർണ്ണചങ്ങല. അൻപത് വയസ് പ്രായം. ആരേയും മയക്കുന്ന ആകർഷണീയമായ ചിരി. പൊങ്ങച്ചത്തിന്റെ ആൺവേഷം അവന്റെ കൈയ്യിൽ ഒരു ടെക്സ്റ്റയിൽസ് കവർ, വിടർന്നു ചിരിച്ചുകൊണ്ട് മഹിമയോട്.)

**കൈലാസനാഥൻ:** കൺഗ്രാജുലേഷൻസ് മഹിമ. വീട്ടിലേക്ക് വിളിച്ചപ്പോൾ അഭിരാമി പറഞ്ഞു. മോൾക്ക് സമ്മാനം കിട്ടിയ വിവരം.

(അയാൾ കൈയിലിരുന്ന പായ്ക്കറ്റ് നീട്ടിയിട്ട് പറഞ്ഞു)

അങ്കിളിന്റെ വക യുവകവയിത്രിക്ക് ഒരു സമ്മാനം. ചുരിദാറാ മോളെ. ഇതും ഇട്ടുകൊണ്ട് വേണം പെണ്ണുകാണുവാൻ വരുന്ന സതീഷിന്റെ മുന്നിലെത്താൻ.

**മഹിമ:** (അത് വാങ്ങിയിട്ട് ) താങ്ക് യൂ അങ്കിൾ

**കൈലാസനാഥൻ:**അടിപൊളി ചെറുക്കനാ. ക്ലബിൽ വച്ച് പലകുറി ഞാൻ കണ്ടിട്ടുണ്ട്. നല്ല സ്വഭാവം. രണ്ട് ലാർജ് കഴിക്കും. നിർബന്ധിച്ചാൽ ഒരു സ്മോളുകൂടി. പറഞ്ഞിളക്കിയിരിക്കയാ ഞാൻ. അവനോട് നിന്നെപ്പറ്റി. അച്ഛനെവിടെ ?

**മഹിമ:** കുളിക്കാൻ കയറീന്ന് തോന്നുന്നൂ. വിളിക്കണോ.

**കൈലാസനാഥൻ:** വേണ്ടാ. മനു എവിടെ? ജില്ലാ ബാങ്കിലേയ്ക്കുള്ള അവന്റെ ഒരു ജോലിക്കാര്യം ശരിയായിട്ടുണ്ട്. അയലത്ത് താമസിച്ചിട്ട് കൈലാസനാഥൻ സഹായിച്ചില്ലായെന്ന പരാതി വേണ്ടാ. മനുവിനെ വിളിക്ക്

(അകത്ത് നിന്ന് രംഗത്തേക്ക് മനു വരുന്നു.)

**മനു:** ഞാൻ എത്തി. അങ്കിളു വന്നോന്ന് അന്വേഷിക്കുകയായിരുന്നു ഞാൻ.

**കൈലാസനാഥൻ:** നിന്റെ കാര്യവും റെഡി. ജോലി ഇല്ല എന്നുള്ള ബുദ്ധിമുട്ട് ഇനി വേണ്ട. ജില്ലാ ബാങ്കിലെ പ്രസിഡന്റ് രഞ്ജിമാത്യുവുമായി ഞാൻ സംസാരിച്ചു. മൊത്തം പന്ത്രണ്ട് വേക്കൻസിയുണ്ട്. എട്ടു ലക്ഷം അപേക്ഷകളും. അഞ്ചുലക്ഷവും അതിനു മേലോട്ടുമൊക്കെയാ വാങ്ങുന്നത്. പറഞ്ഞ് പറഞ്ഞ് ഞാൻ മൂന്നിലൊതുക്കിയിട്ടുണ്ട്. എന്റെ സ്വന്തം കക്ഷിയാണെന്ന് പറഞ്ഞിട്ട് വീണതാ. നാളെ ക്ലബിന്റെ ഡിന്നർ മീറ്റിംഗിനെത്തും പാർട്ടി. അവിടെവച്ച് കാശ് കൊടുക്കാമെന്ന് പറഞ്ഞേക്കുവാ ഞാൻ. അച്ഛനുമായി ആലോചിച്ച് വേണ്ടത് ചെയ്തോളൂ. നാളെ ഏഴു മണിക്ക് അച്ഛനോ നീയോ കാശുമായി എന്നോടൊപ്പം വരികയോ പണം എന്നെ ഏൽപിക്കുകയോ ചെയ്യണം. എന്നാൽ അങ്കിള് ഇറങ്ങട്ടെ. അപ്പോൾ മഹിമമോളെ അങ്കിൾ പറഞ്ഞതുപോലെ അടിപൊളിയായി ഒരുങ്ങി നിൽക്കണം. നിന്നെ കാണുമ്പോൾ അവന്റെ കണ്ണ് മഞ്ഞളിക്കണം ഉം..

(പുറത്തേയ്ക്ക് നടന്നു.)

**മഹിമ:** മൂന്നു ലക്ഷംരൂപാ നാളെ കൊടുക്കണം എന്നു പറഞ്ഞാൽ എങ്ങനെ സാധിക്കും മനു.

**മനു:** അച്ഛൻ എവിടെയെങ്കിലും മറിച്ചു തരട്ടെ. എന്റെ ജോലിയുടെ പ്രശ്നമല്ലെ. ഒരു പ്രൈമറി സ്കൂൾ അദ്ധ്യാപകന്റെ വേക്കൻസിക്ക് ഇപ്പോൾ അഞ്ചു ലക്ഷം കൊടുക്കണം. അപ്പോൾ ജില്ലാ ബാങ്കിൽ ഒരു വേക്കൻസിക്കു മൂന്നുലക്ഷം മതീന്ന് പറഞ്ഞാൽ ഇതിലും വലിയൊരു ഭാഗ്യം ഉണ്ടോ. അങ്കിളൊക്കെയാ ജീവിക്കുന്നത്. അച്ഛനങ്ങേരെ കണ്ടു പഠിക്കണം.

(അതുകേട്ട് പുറത്തുനിന്നും രംഗത്തേക്കു കടക്കുന്ന ഗോവിന്ദൻ പ്രായം എഴുപത്തിയഞ്ചിനടുത്ത്. കൈലാസനാഥന്റെ അച്ഛനാണയാൾ. ഒരു സഞ്ചി കൈയിലുണ്ട്. അതാണയാളുടെ സമ്പാദ്യം. ഒരു യാത്ര കഴിഞ്ഞുവരുന്ന ഭാവം. വാർദ്ധക്യത്തിന്റേതായ എല്ലാ മുൻശുണ്ഠികളും സ്വഭാവവിശേഷങ്ങളും അങ്ങേർക്കുണ്ട്.)

**ഗോവിന്ദൻ:** കൈലാസനും അവന്റെ ഭാര്യ ആ ശൃംഗാരിയും നയിക്കുന്നതു ജീവിതമല്ല മക്കളേ, അഹമ്മതിയാ.... അഹമ്മതി.

**മനു:** ഗോവിന്ദമുത്തശ്ശൻ പിണങ്ങിപോയിരിക്കയാണെന്ന് ആന്റി പറഞ്ഞു.

**ഗോവിന്ദൻ:** എനിക്കറിയാം. അവളതും അതിനപ്പുറവും പറയും. എന്നേപ്പറ്റി അനാവശ്യം പറഞ്ഞു നടക്കലാ അവളുടെ തൊഴില്. എങ്ങനെ പിണങ്ങി പോകാതിരിക്കും മക്കളെ. എത്രയെന്നും ചൊല്ലിയാ ഇതൊക്കെ കാണ്ടോണ്ടിരിക്കുന്നത്. പരിഷ്കാരം കേറി, പരിഷ്കാരം കേറി, മനുഷ്യനു വായിൽ വെച്ചുതിന്നാൻ കൊള്ളാവുന്നതെന്തെങ്കിലും ഒന്നുണ്ടാക്കി തരണ്ടേ? പലപല നെറങ്ങളും മണവുമാ കറികൾക്കൊക്കെ. പക്ഷെ, ഒന്നും തിന്നാൻ കൊള്ളില്ല. അതു പറഞ്ഞാൽ കുറ്റം. പെണ്ണുമ്പിള്ളയുടെ വാക്കു കേട്ടോണ്ട്, അവനെന്റെ നെഞ്ചത്ത് കൊട്ടിലുവയ്ക്കാൻ വന്നു. തന്തയ്ക്ക് വിളിച്ചവന്റെ കണ്ണു പൊട്ടിച്ചിട്ട് ഞാനിറങ്ങി എന്റെ പാട്ടിന് പോയി, മക്കളെ..

**മനു:** എവിടെ ആയിരുന്നു മുത്തശ്ശൻ?

**ഗോവിന്ദൻ:** ഒരു സഹോദരിയെ കെട്ടിച്ചുവിട്ടത് തിരുമുല്ലവാരത്താ. അവളുടെ ഒരു മോനുണ്ട് ഇപ്പം വീട്ടില്, കുലത്തൊഴിലാ അവന്... തുണി അലക്കെ... പണി കുറവാ മക്കളെ എല്ലാ വീട്ടിലുമിപ്പോൾ. ഈ അലക്ക് എൻഞ്ചിൻ ഒക്കെയുള്ളതുകൊണ്ട് മണ്ണാൻമാർക്ക് തൊഴിലില്ല മക്കളെ.




അവന്റെ കഷ്ടപ്പാടു കണ്ടിട്ട്, അവിടെ നിൽക്കാൻ തോന്നിയില്ല... ഞാനിങ്ങുപോന്നു. പിണങ്ങിപ്പോയിട്ടു വരുമ്പോഴൊക്കെ ഞാൻ പരിയമ്പറുത്തു കേറി അന്വേഷിക്കും. എന്നെപ്പറ്റി അവളെന്താ പറഞ്ഞിരിക്കുന്നതെന്ന്. അപ്പുറത്തെ തോമാസാറിന്റെ വീട്ടിൽ ചെന്നും അവളു പറഞ്ഞു ഞാൻ പിണങ്ങിപ്പോയെന്ന്. ഇവൾക്കിതു പറഞ്ഞു നടക്കാൻ കൊള്ളാവുന്ന കാര്യമാണോ. എന്റെ മകനായതുകൊണ്ട് ഞാനഹങ്കാരം പറയുകയല്ല. അവനാളു ശരിയല്ലാ. അവൻ തന്തയില്ലാത്തവനാ..

**മഹിമ:** മുത്തശ്ശനു കുടിക്കാനെന്തെങ്കിലും വേണോ ?

**ഗോവിന്ദൻ:** വേണ്ടാ മക്കളെ. അപ്പുറത്തെ തോമാ സാറിന്റെ ഭാര്യതന്ന ഒരു ചായയും രാവിലത്തെ ഒരു കഷണം കിണ്ണത്തപ്പവും തിന്ന് ഗ്യാസിളകിയിട്ടിരിക്കുകയാ..

**മനു:** ഈ മാസം ഇപ്പം രണ്ടാമത്തെ പിണങ്ങിപ്പോക്കാ മുത്തശ്ശന്റെ.

**ഗോവിന്ദൻ:** എങ്ങനെ പോകാതിരിക്കും മക്കളെ. കൈലാസനും പെമ്പ്രന്നോരും എത്ര പുരോഗമിച്ചെന്നു പറഞ്ഞാലും അവന്റെ തന്തയായ ഈ ഗോവിന്ദൻ മണ്ണാനല്ലാതാകുമോ...ക്ലബ്ബെന്നോ മറ്റോ പറഞ്ഞൊരു ഏർപ്പാടിന് ഇവനും അവന്റെ പെണ്ണുമ്പിള്ളയും കൂടി എല്ലാ ആഴ്ചയിലും ഒരുങ്ങിക്കെട്ടിപോകും. അവരു പോകുമ്പം ഉമ്മറത്തു ഞാൻ ചുമച്ചും കുരച്ചും ഇരിക്കുന്നതു അവന്റെ കൂട്ടുകാരു പലപ്പോഴും കണ്ടിട്ടുണ്ട്. ഫാദറിനെ കൂടെ കൊണ്ടുവരണെ, ഫാദറിനെ കൂടെ കൊണ്ടുവരണേന്നു അവത്തുങ്ങളു പലപ്പോഴും പറയും. അങ്ങനാ കഴിഞ്ഞതവണ എന്നേക്കൂടെ കൂട്ടിക്കൊണ്ടുപോയത്. ഭയങ്കര അഹമ്മതിയാ മക്കളെ, അവിടെ നടക്കുന്നത്. കള്ളുകുടിയും കൊതീം നുണയും പറച്ചിലുമാ മുഖ്യ പരിപാടി. ഒരുത്തൻ എന്നെ വിളിച്ചോണ്ടുപോയി തുള്ളി ഒഴിച്ചുതന്നു. അതു കുടിച്ചപ്പോൾ സ്നേഹം കൊണ്ട് ഞാൻ ചോദിച്ചു മക്കളെവിടുത്തയാണെന്ന്. മുനിസിപ്പൽ കോടതി ജഡ്ജിയായിരുന്ന പാക്കരൻ നായരുടെ മകനാണെന്നു പറഞ്ഞു. എന്റെ ശുദ്ധഗതിക്കു ഞാൻ പറഞ്ഞു. ചില്ലറ തുണിയാണോ മക്കളെ നിന്റെ അച്ഛനും, അപ്പൂപ്പനുമൊക്കെ ഞാൻ നനച്ചുകൊടുത്തിട്ടുള്ളതെന്ന്. എന്റെ മകനും മരുമോൾക്കും അതൊരു കുറച്ചിലായിപ്പോയി. മണ്ണാൻ തുണി നനച്ചു കൊടുത്തിട്ടുള്ള കാര്യമല്ലാതെ എയ്റോപ്ലെയിൻ ഓടിച്ചോണ്ടു നടന്ന കാര്യം പറയാനൊക്കുമോ....

**മഹിമ:** അങ്കിളിന്റേം ആന്റിയുടേയുമൊക്കെ ഇപ്പോഴത്തെ സ്റ്റാറ്റസിനെപ്പറ്റി മുത്തശ്ശൻ ഓർക്കണ്ടേ...

**ഗോവിന്ദൻ:** എന്തോന്നിന്റെ സ്റ്റാറ്റസാ മക്കളേ. ഒരു കരയിലെ തുണി മൊത്തം നനച്ചു വളർത്തിയതാ ഞാനവനെ. അവന്റെ മൂത്തതും ഇളയതുമായി ആറെണ്ണം കൂടെ ഉണ്ടായിരുന്നു. കോഴിയ്ക്കു വസന്ത വന്നു ചത്തതുപോലെ, കോളറ വന്നു ചത്തുപോയതാ ആറെണ്ണം. ഇവനെങ്ങനെയോ രക്ഷപ്പെട്ടു. പത്താം ക്ലാസു പാസായപ്പോൾ കോളജിൽ പോകണമെന്നു പറഞ്ഞു. അതു കഴിഞ്ഞ് പോളീല് മോട്ടോർ മെക്കാനിസം പഠിക്കാൻ വിട്ടു. അങ്ങനാ വെഹിക്കിൾ ഇൻസ്പെക്ടറായിട്ടു ജോലി കിട്ടുന്നത്. കൂട്ടത്തിന്നൊരുത്തൻ രക്ഷപ്പെട്ടാൽ, ഏതെങ്കിലുമൊരു മണ്ണാത്തിപ്പെണ്ണിനു അതിന്റെ ഗുണമുണ്ടായോ? ഓഹാ... ഇവൻ പോയൊരു മേനോത്തി പെണ്ണിനെ പ്രേമിച്ചു വിളിച്ചോണ്ടുവന്നു. അന്നുതൊട്ടു ജന്മം കൊടുത്ത തന്ത കൊള്ളരുതാത്തവനായി. ദൈവം തമ്പുരാൻ ഓരോരുത്തർക്ക് ഓരോന്നു പറഞ്ഞിട്ടുണ്ട്. അതിൽ കൂടുതലാഗ്രഹിക്കുന്നവനൊന്നും ഗുണം പിടിക്കത്തില്ല. മരുമോളു പെണ്ണിവിടെ വന്ന് വേറൊന്തൊക്കെ പറഞ്ഞു മക്കളെ?

**മനു:** ഏയ്, ആന്റി ഒന്നും പറഞ്ഞില്ല. ഇനി അതു പറഞ്ഞൊരു വഴക്കിനൊന്നും നിൽക്കണ്ടാ.

**ഗോവിന്ദൻ:** ഒരു വഴക്കുണ്ടാക്കി ഇറങ്ങിപ്പോയാൽ കേറിച്ചെല്ലുന്നതും ഒരു വഴക്കുണ്ടാക്കി കൊണ്ടുവേണം. എങ്കിലേ, നമ്മുടെ കേറിച്ചെല്ലലിനു ഒരു വിലയുണ്ടാകത്തൊള്ളു. ഞാനാണെങ്കിലും ഒന്നു ചത്തു കിട്ടാൻ നേർച്ച നേർന്നു നടക്കുക അവള്. നല്ല ഒന്നാന്തരമായിട്ട് അദ്ധ്വാനിച്ച ശരീരമാ. അത്ര പെട്ടെന്നെങ്ങാനും എന്റെ കാറ്റു പോകുമോ. അച്ഛനോടും അമ്മയോടുമൊക്കെ പറഞ്ഞേരേ, ഗോവിന്ദൻ മണ്ണാൻ പിണങ്ങിപ്പോയിട്ടു തിരിച്ചു വന്നിട്ടുണ്ട്, വീട്ടിലോട്ടു പോയെന്ന്.

(പുറത്തേക്കു നടക്കുന്നു.)

**മനു:** ഈ നമ്പൂതിരിയെന്നും മേനോനെന്നുമൊക്കെ പറയുന്നത് പോലാ മണ്ണാനെന്നും പറയുന്നതെന്നാ പുള്ളിയുടെ വിചാരം. എന്തു ചെയ്യാം ചിലർക്ക് പിതൃത്വം എന്നു പറയുന്നത് ഒരു ബാദ്ധ്യതയാണ്.

(കേട്ടുകൊണ്ടകത്തുനിന്നും രംഗത്തേക്കു വരുന്ന മുകുന്ദൻ, അയാളിപ്പോൾ ഒരൊറ്റമുണ്ടും കൈയുള്ള ബനിയനും അണിഞ്ഞിരിക്കുന്നു.)

**മുകുന്ദൻ:** (മഹിമയോട്) ഓഹാ. നിന്നെ കാണാനൊരാളെത്തുമെന്നു പറഞ്ഞിട്ട് നീ ഒരുങ്ങിയില്ലെ? ഡോക്ടറാ വരുന്നത്. അതു മറക്കണ്ടാ.

(മഹിമ അകത്തേക്കു പോകുന്നു.)

**മനു:** കൈലാസനാഥൻ അങ്കിൾ വന്നിരുന്നു...

**മുകുന്ദൻ:** ഉം. എന്തേ....

**മനു:** ജില്ലാ ബാങ്കിലേക്ക് എനിക്കൊരു ജോലി പറഞ്ഞു ശരിയാക്കിയിട്ടുണ്ടെന്ന്.

**മുകുന്ദൻ:** റിട്ടൺ ടെസ്റ്റ് കഴിഞ്ഞതല്ലേയുള്ളു. റാങ്കുലിസ്റ്റ് പ്രസിദ്ധീകരിച്ചശേഷം ഇന്റർവ്യൂവും മറ്റും നടത്തിയല്ലേ അവരാളെ എടുക്കുന്നത്?

**മനു:** അതൊക്കെ വെറും പ്രഹസനം മാത്രമാ. ആവശ്യക്കാരൻ കാണേണ്ടവരെ കണ്ടു കാലു പിടിക്കുകയും ചോദിക്കുന്ന കാശു കൊടുക്കുകയും ചെയ്താൽ ജോലി കിട്ടും.

**മുകുന്ദൻ:** പിടിക്കാൻ പറ്റിയ കാലും കൊടുക്കേണ്ട കാശുമൊക്കെ കണ്ടുവച്ചിട്ടുണ്ടോ, നീ...

**മനു:** ക്ലെറിക്കൽ പോസ്റ്റിനു അഞ്ചു ലക്ഷം തൊട്ടു മേലോട്ടാ അവരു വാങ്ങുന്നത്. പ്രസിഡന്റ് അങ്കിളിന്റെ ഒരു സുഹൃത്തായതുകൊണ്ട് മൂന്നു ലക്ഷം കൊടുത്താൽ മതിയെന്നു പറഞ്ഞു. നാളെത്തന്നെ കൊടുക്കണമത്രെ...

**മുകന്ദൻ:** മകന്റെ സമ്പാദ്യത്തിൽ ഈ പറഞ്ഞ തുക തികയുമോ? ഉണ്ടെങ്കിൽ കൊടുത്തു വാങ്ങിച്ചോ. എനിക്കെതിർപ്പില്ല.

**മനു:** അച്ഛൻ ആക്ഷേപിക്കയാണോ? അതോ തമാശ പറയുന്നോ.. കിട്ടാവുന്ന ഒരു നല്ല ചാൻസാണിത്. എവിടുന്നെങ്കിലും പണമുണ്ടാക്കി തരണം.

**മുകുന്ദൻ:** കെട്ടിയിരിപ്പു ഒന്നുമില്ലാ ഇവിടെ..... പണം കായ്ക്കുന്ന മരവുമില്ല.

**മനു:** പണം ഇതുവരെ ഒരു മരത്തിലും കായ്ച്ചിട്ടില്ല. ബുദ്ധിയും കഴിവുമുള്ളവന്റെ കൈയിലുണ്ടാവും അത്. കാശ് കിട്ടാൻ സാദ്ധ്യതയില്ലാത്ത അവസ്ഥയല്ലല്ലോ അച്ഛന്. ആവശ്യത്തിനുകൈയിൽ കരുതലുള്ളവരാ അതുവേണ്ടെന്നു തീരുമാനിക്കുന്നത്. അനാവശ്യത്തിനൊന്നുമല്ലല്ലോ. മകനൊരു ജോലിക്കു വേണ്ടിയല്ലെ. തന്നു സഹായിക്കുക.

**മുകന്ദൻ:** എന്തിനും പോന്ന രീതിയിൽ വളർത്തി ആവശ്യത്തിൽ കവിഞ്ഞ വിദ്യാഭ്യാസം നേടിത്തന്നു. ഇനി ലക്ഷങ്ങൾ തന്ന് ഉദ്യോഗം കൂടി വാങ്ങിത്തരണോ.

**മനു:** മക്കളുണ്ടായാൽ വളർത്തുകയും പഠിപ്പിക്കുകയും ഒക്കെ ചെയ്യേണ്ടത് മാതാപിതാക്കളുടെ കടമയിൽ പെടുന്നതാ. അവിടെ അവസാനിക്കുന്നതുമല്ല, രക്ഷാകർത്താവിന്റെ കടമ. ഈ മകനുവേണ്ടി അച്ഛനെന്താണുണ്ടാക്കിത്തന്നത്?

(അതു കേട്ടുകൊണ്ടകത്തുനിന്നും മാളവിക വരുന്നു.)

**മാളവിക:** (സ്വരമുയർത്തി) മനു..... എന്തൊക്കെയാ നീ അച്ഛനോടു ചോദിക്കുന്നത്?

**മനു:** അച്ഛനോട് ചോദിക്കണ്ടെങ്കിൽ അമ്മയോട് ചോദിക്കാം. മൂന്നു ലക്ഷംരൂപാ കൊടുത്താൽ ജില്ലാ ബാങ്കിൽ ഒരു ജോലി കിട്ടും.തരാൻ പറ്റുമോ... എനിക്ക്... ?

(അതിനു മറുപടി പറയാനാവാതെ അവർ നിന്നു.)

**മുകുന്ദൻ:** ആർക്കും അഞ്ചു പൈസാ കൈക്കൂലി കൊടുത്തു വാങ്ങിയതല്ല ഞാനെന്റെ ജോലി, ടെസ്റ്റ് എഴുതി കിട്ടിയതാ.

**മനു:** (തുടരാനനുവദിക്കാതെ) വേണ്ടാ, അച്ഛനു ജോലി കിട്ടിയതെങ്ങനെയെന്നോ, ജോലിയിൽ അച്ഛൻ അനുഷ്ഠിക്കുന്ന സത്യസന്ധതയോ ഒന്നും എനിക്കറിയേണ്ടേ... നൂറുകണക്കിന് ടെസ്റ്റ് എഴുതിയനാ ഞാൻ. പക്ഷെ ജോലി തരപ്പെട്ടേണ്ടേ. ആരോടും പത്തുപൈസാ കൈക്കൂലി വാങ്ങാത്ത സത്യസന്ധനായ സബ് രജിസ്റ്റാറുടെ മകനാ ഞാനെന്നു പറഞ്ഞാൽ ആരെങ്കിലും ജോലി തരുമോ?

**മാളവിക:** മനു... എന്താ മക്കളെ ഒന്നും അറിയാൻ മേലാത്തതുപോലെ ഇങ്ങനൊക്കെ സംസാരിക്കുന്നത്.

**മനു:** അറിയാൻ മേലാത്തതു അച്ഛനും അമ്മയ്ക്കുമാ, ജീവിതമെന്തെന്ന് അറിയാൻ മേലാത്തത്. ഒരു നൂറ്റാണ്ടിനു പിന്നിലാ നിങ്ങളൊക്കെ ജീവിക്കുന്നത്. അനുസരണക്കേടോ, ധിക്കാരമോ അല്ല ഇത്. ജീവിതത്തിൽ മക്കൾക്കൊന്നും നേടിത്തരാൻ കഴിയാത്ത മാതാപിതാക്കൾ ഒരു ദുഃഖമാ. അച്ഛന്റെ സമ്പാദ്യത്തിലെന്താ ഉള്ളത്, പരിമിതികളുടെ കണക്കു പുസ്തകമല്ലാതെ.

(മറുപടി ഇല്ലാതെ നിൽക്കുകയാണ് ആ മാതാപിതാക്കൾ.)

മൂന്നു ലക്ഷം രൂപാ മുടക്കി ഈ ജോലി വാങ്ങിത്തരാൻ തയ്യാറാണെങ്കിൽ പൈതൃകത്തിന്റെ ഏതവകാശത്തിനു മുന്നിലും അനുസരണയോടെ ഞാൻ നിൽക്കും. ഇല്ലെങ്കിൽ അച്ഛനും അമ്മയും എന്നെ എന്റെ വഴിക്കു വിടാൻ ദയ കാണിക്കണം. ഞാനെവിടെയെങ്കിലും പോയി എന്തെങ്കിലും ചെയ്തു ജീവിച്ചോളാം....

(അകത്തേക്കു പോകുന്നു.)

**മുകുന്ദൻ:** (ഹൃദയം തകർന്ന മട്ടിൽ) മാളവികേ.... പൈതൃകത്തിന്റെ അവകാശത്തിനു മകൻ മൂന്നു ലക്ഷം രൂപാ വില നിശ്ചയിച്ചിരിക്കുന്നു. എന്റെ ഹൃദയനേരിന്റെ വിശുദ്ധിക്ക്; കർമ്മപുണ്യത്തിന്.....

**മാളവിക:** കാൽകാശിന്റെ വിലയില്ല അതിനൊന്നും. അച്ഛനും അമ്മയും മക്കൾക്കുവേണ്ടി എന്തു സമ്പാദിച്ചു എന്ന മകന്റെ ചോദ്യത്തിനു മുന്നിൽ എന്തെങ്കിലും ഒരു മറുപടി കൊടുക്കാനുണ്ടായിരുന്നോ ഈ അച്ഛന് ?

**മുകുന്ദൻ:** ജീവിതത്തെ ഞാൻ എന്നിലൂടെ മാത്രമാ കണ്ടതും വിലയിരുത്തിയതും. പരമ്പരാഗതമായി കിട്ടിയ കുടുംബസ്വത്തും വീടും രണ്ടായി പങ്കിട്ട് രണ്ടു സഹോദരിമാർക്ക് സ്ത്രീധനമായി കൊടുത്തിട്ട് ഒരു വാടക ചിട്ടിലൊപ്പിട്ടവനാ ഞാൻ. സർക്കാരു നൽകുന്ന ശമ്പളത്തിൽ കവിഞ്ഞു ആരോടും ഒരു പൈസാപോലും വാങ്ങരുതെന്നതു മനസ്സിന്റെ നേരും ശാഠ്യവുമായിരുന്നു. ആർഭാടമില്ലെങ്കിലും ആനന്ദത്തിനു പഞ്ഞമില്ലായിരുന്നു ജീവിതത്തിൽ. അല്ലേ മാളവികേ..

**മാളവിക:** എണ്ണിത്തിട്ടപ്പെടുത്തിതരുന്ന പണം കൊണ്ട് കുടുംബത്തിന്റെ കണക്കു ഒപ്പിക്കാൻ ബുദ്ധിമുട്ടുമ്പോ, മനസ്സിൽ ഞാനും ശപിച്ചിട്ടുണ്ട് ഈ ഭർത്താവിനെ, വാടകവീട്ടിന്റെ മുറ്റമടിക്കുമ്പോൾ സ്വന്തമെന്നവകാശപ്പെടാവുന്ന ഒരു മുറ്റം ഏതൊരു പെണ്ണിനേയും പോലെ എന്റേയും മോഹമായിരുന്നു. മക്കളെപ്പറ്റി ഓർക്കുമ്പോൾ സത്യമായും ഞാനറിയാത്ത ഒരു കരുതൽ അവരുടെ അച്ഛനുണ്ടാകും എന്നു ന്യായമായും ഞാൻ വിശ്വസിച്ചുപോയി. മകൻ ചോദിച്ച ചോദ്യങ്ങൾക്ക് അച്ഛൻ കണ്ടെത്തുന്ന ഉത്തരം എന്റെ മനസ്സിനും ഒരാശ്വാസമാകും... എന്താ... എന്താ അതിനുള്ള മറുപടി... മക്കൾക്കും ജീവിതത്തിനുമായി എന്താ അച്ഛന്റെ സമ്പാദ്യം.....?

(ആ ചോദ്യത്തിനു വ്യക്തമായൊരുത്തരമില്ലാതെ അയാൾ നിന്നു. അവിടേക്കു പുറത്തുനിന്നും കൈലാസനാഥനും ഭാര്യ അഭിരാമിയും ചിരിച്ചുല്ലസിച്ചെത്തുന്നു.)

**കൈലാസനാഥൻ:** ഡോക്ടർ സതീഷ് ചന്ദ്രൻ എട്ടുമണിക്കെത്തും എന്നു വിളിച്ചു പറഞ്ഞിട്ടുണ്ട്. പെണ്ണുകാണൽ ചടങ്ങിനെപ്പറ്റിപ്പറഞ്ഞപ്പോൾ സതീഷിന്റെ അമ്മ കൂടി വരുന്നെന്നു കേട്ടു. വരട്ടെ, അല്ലേ...

**മാളവിക:** അവർക്കു പ്രത്യേകിച്ചു ഇവിടെയെന്തെങ്കിലും കരുതണോ.....

**അഭിരാമി:** ഇന്നേതായാലും അവർ ഞങ്ങളുടെ അതിഥികളാ. വീട്ടിൽ നിന്നും മടങ്ങുംവഴി ഇവിടെ കയറുന്നു. മകളെ കാണുന്നു. സോഫ്റ്റ് ഡ്രിങ്ക്സ് എന്തെങ്കിലും മതി.

**കൈലാസനാഥൻ:** പിന്നെ ഇന്നു അഭിരാമിയുടെ ജീവിതത്തിൽ പ്രതീക്ഷിക്കാത്ത ഒരു ദുരന്തം സംഭവിച്ചിരിക്കയാ, പിണങ്ങിപ്പോയ എന്റെ അച്ഛൻ ജീവനോടെ മടങ്ങിവന്നു.

(ഫലിതം പറഞ്ഞസുഖത്തോടെ അവരിരുവരും പൊട്ടി ചിരിച്ചു.)

**മുകുന്ദൻ:** മനുവിന്റെ ജോലിക്കാര്യം എന്തോ സംസാരിച്ചെന്നു കേട്ടു!

**കൈലാസനാഥൻ:** ജില്ലാ ബാങ്കിന്റെ പ്രസിഡന്റ് രഞ്ജിമാത്യു എന്റെ സുഹൃത്താ. അഞ്ചെന്നു പറഞ്ഞു വാശിപിടിച്ചു. മൂന്നിലിട്ടു പൂട്ടി. സബ് രജിസ്റ്റാറുടെ മകനാണെന്നു പറഞ്ഞപ്പോൾ അവൻ പറഞ്ഞതു പൂത്ത പണം കാണും. നീ എന്തിനാ ഇടയിൽ നിന്നു പ്രശ്നമുണ്ടാക്കുന്നതെന്നാ. ഞാൻ പറഞ്ഞൊതുക്കി. പിന്നെ ഡോക്ടർ സതീഷ് ചന്ദ്രനും അമ്മയുമൊക്കെ വരുമ്പോൾ ഒരല്പം ജാഡയും പൊങ്ങച്ചവും ഒക്കെ ആവാം.

**അഭിരാമി:** ഈ പ്രൊപ്പോസൽ നടന്നു കിട്ടിയാൽ മഹിമമോളുടെ ഭാഗ്യം.

**കൈലാസനാഥൻ:** നടക്കണം, നടക്കും. ജീവിതമെന്നു പറഞ്ഞാൽ എന്റെ അഭിപ്രായത്തിൽ പൂരപ്പറമ്പിലെ വെടിക്കെട്ടുപോലെയായിരിക്കണം. കാണുന്നവനും കേൾക്കുന്നവനുമൊക്കെ അത്ഭുതവും അസൂയയും തോന്നണം. അതാ എന്റെ പോളിസി.

**അഭിരാമി:** പിന്നെ ഞങ്ങളിപ്പോൾ വന്നതു - നാളെ ഞങ്ങളുടെ വിവാഹവാർഷികമാ.

**കൈലാസനാഥൻ:** അതേ, അതേ. അഭിരാമിയെ ഞാൻ തട്ടിയെടുത്തതിന്റെ സിൽവർ ജൂബിലി വർഷം. ആഘോഷം മുഴുവൻ വൈകിട്ടു ക്ലബ്ബിൽ മതി എന്നു വിചാരിച്ചതാ. പക്ഷെ, അഭിരാമിക്കൊരാഗ്രഹം അയലോക്കക്കാരെയൊക്കെ ക്ഷണിച്ച് വീട്ടിലൊരു ചെറിയ ചടങ്ങുവേണം എന്ന്. നാളെ കള്ളിനുമാത്രം പത്തൻപതിനായിരം പൊട്ടും എനിക്ക്.

**അഭിരാമി:** ഈ കാര്യത്തിനുവേണ്ടി പ്രത്യേകമെത്തി ഞങ്ങളു ക്ഷണിക്കുകയാ. നാളെ ഉച്ചയ്ക്കു വീട്ടിൽ കൂടണം. മുകുന്ദൻ സാറു തീർച്ചയായും വരണം. എന്തു ചടങ്ങിനു ക്ഷണിച്ചാലും ഒഴിഞ്ഞു മാറാറാണു പതിവ്. ഇക്കുറി അങ്ങനെ പറ്റില്ല. നിങ്ങളും മക്കളും തീർച്ചയായും ഉണ്ടാകണം.

**കൈലാസനാഥൻ:** അയൽക്കാരുടെ കാര്യങ്ങളിലിടപെടുകയും അവരുമായി ഒരു വീടുപോലെ സഹകരിക്കുകയും ചെയ്യുന്നതു എന്റെയൊരു സ്വഭാവദൂഷ്യമാ. പെണ്ണു കാണാനെത്തുന്ന പയ്യനോടൊപ്പം വന്നു ക്ഷണിച്ചു എന്നൊരു പരാതിയ്ക്കു ഇടവരാതിരിക്കാനാ അതിനുമുൻപ് ഞങ്ങളു രണ്ടും കൂടിവന്ന് ക്ഷണിച്ചത്.

**മാളവിക:** ഞങ്ങൾ തീർച്ചയായും വരും. ഞങ്ങളുടെ മക്കളുടെ കാര്യത്തിൽ ഇത്രയും താല്പര്യവും സ്നേഹവും കാണിക്കുന്ന നിങ്ങൾ ക്ഷണിച്ചാൽ ഞങ്ങൾ വരാതിരിക്കുമോ.

**കൈലാസനാഥൻ:** നിങ്ങളെക്കൊണ്ടു നമ്മൾക്കും ചില ആവശ്യങ്ങളൊക്കെ വരും.

**അഭിരാമി:** വാ പോകാം. ആരെങ്കിലും വന്നാൽ നിങ്ങളുടെ അച്ഛൻ കത്തി വെച്ച് കൊല്ലും. ദൈവമേ, ഇത്രയും കൾച്ചറില്ലാത്ത ഒരു ജന്തു.

**കൈലാസനാഥൻ:** (ചിരിച്ചിട്ട്) എനിക്കു ജന്മം തന്ന പിതാവിനെ പറ്റിയാ. ഉം... വാ. നിനക്കു ഞാൻ വെച്ചിട്ടുണ്ട്.

(രണ്ടുപേരും പുറത്തേക്കു പോകുന്നു.)

**മാളവിക:** അവരുടേയും നമ്മുടേയും ജീവിതങ്ങളെ ഞാൻ പലപ്പോഴും താരതമ്യം ചെയ്യാറുണ്ട്.

**മുകുന്ദൻ:** അയലോക്കക്കാരന്റെ ജീവിതത്തിലേക്ക്, എത്തി നോക്കി അസൂയപ്പെട്ടിട്ടു കാര്യമുണ്ടോ?

(ഈ സമയം അകത്തുനിന്നും ഒരു ബാഗും തൂക്കി യാത്ര പോകാനുള്ള പുറപ്പാടിലെത്തുന്ന മനു.)

**മാളവിക:** (ഉത്കണ്ഠയോടെ) മനു.... എന്താ ഇത്... നീ എങ്ങോട്ടു പോകുന്നു.

**മനു:** ഡൽഹിയിൽ ഒന്നുരണ്ടു സുഹൃത്തുക്കളുണ്ട്. പലതവണ അവരു ക്ഷണിച്ചതാ. പൊയ്ക്കോട്ടെ എന്നു ചോദിച്ചപ്പോഴൊക്കെ വേണ്ടാ വേണ്ടാ എന്നു വിലക്കി. ഇവിടെ നിന്നാൽ വാണ്ടട് കോളം പരതിയും ടെസ്റ്റ് എഴുതിയും എന്റെ ജീവിതം തീരും. ഈ പോക്കിൽ രക്ഷപ്പെട്ടാൽ ഞാൻ നിങ്ങളെ മറക്കില്ല. മടങ്ങിവരും. ഇല്ലെങ്കിൽ ഇങ്ങനൊരു മകനെ അച്ഛനും അമ്മയും മറന്നേക്കുക.

**മാളവിക:** മക്കളേ....

(ആ മാതാപിതാക്കൾ ചങ്കുപൊള്ളി നിൽക്കുകയാണ്.)

**മനു:** (അച്ഛനെ സമീപിച്ച്) അച്ഛനോടു പിണങ്ങിപ്പോവുകയല്ല ഞാൻ. പ്രതീക്ഷയുടെ ഒരു വഴി അടയുമ്പോൾ മറ്റൊരു വഴി തേടുന്നതല്ലേ ബുദ്ധി? സ്നേഹം ജപിച്ചു ജീവിതം മധുരമാക്കാൻ നേർച്ച നേർന്നിട്ടില്ല ഞാൻ. അച്ഛനെന്നെ അനുഗ്രഹിച്ചു യാത്രയാക്കണം.

**മുകുന്ദൻ:** വണ്ടിക്കൂലിയ്ക്കും വഴിച്ചെലവിനുമൊക്കെയുള്ള പണം.

**മനു:** അപേക്ഷ അയയ്ക്കാനും പോക്കറ്റുമണിയ്ക്കും ഒക്കെയായി തന്ന കാശു മിച്ചം പിടിച്ചത് പത്തഞ്ഞൂറു രൂപായുണ്ട്. തത്കാലം അതു മതി.

**മുകുന്ദൻ:** മാളവികെ... അലമാരിയിൽ നിന്നും ആ കാശിങ്ങെടുത്തോളൂ..

**മനു:** വേണ്ട, ഈ യാത്രയ്ക്കിനി എനിക്കച്ഛന്റെ സഹായം ആവശ്യമില്ല. നമ്മളു തമ്മിലുള്ള കടബാദ്ധ്യത അത്രയും കുറഞ്ഞിരിക്കുമല്ലോ.

**മുകുന്ദൻ:** (മാളവികയെ നോക്കി ദേഷ്യത്തോടെ.) മാളവികേ.....

(മാളവിക അകത്തേക്കു നടക്കുന്നു.)

ഈശ്വരന്റെ കണക്കുപുസ്തകത്തിൽ എനിക്കും മക്കൾക്കുമൊക്കെയുള്ള ഓഹരിയെപ്പറ്റി വ്യക്തമായി ചിലതൊക്കെ കുറിച്ചിരിക്കും എന്ന വിശ്വാസാ എനിക്കേ... ഹൃദയത്തിനുള്ളിൽ സ്നേഹത്തിനു തീ പിടിക്കുമ്പോ മരണം വരെ മക്കളെന്നോടൊപ്പം വേണം എന്നു ശഠിച്ചു. പ്രത്യേകിച്ചു നീ, ഫിനാൻഷ്യൽ എന്റർപ്രൈസിൽ നിന്നും ചിട്ടി പിടിച്ച പണം കൈയ്യിലുണ്ട്. സമ്പത്തിന്റെ പേരാ മോഹം എന്ന്. അച്ഛന്റെ മോഹം നമുക്കൊരു സ്വന്തം പാർപ്പിടം ഉണ്ടാക്കണമെന്നതായിരുന്നു. ഇവിടെയെത്തിയപ്പോൾ മാളവിക പറഞ്ഞു. മഹിമമോളുടെ വിവാഹം നടത്തണം എന്ന്. കാണാൻ വരുന്ന ചെറുക്കനു മുന്നിലെത്താൻ വേഷം കെട്ടുകാ, എന്റെ മോള്. ഉടനെ കെട്ടിച്ചുവിട്ടില്ലെങ്കിൽ അവൾ പെട്ടി എടുത്തിറങ്ങില്ലാ എന്ന വിശ്വാസമുള്ളതുകൊണ്ട്.

(പണവുമായി രംഗത്തെത്തിയ മാളവികയുടെ കൈയിൽ നിന്നും പൊതി വാങ്ങി നീട്ടിക്കൊണ്ട്)

ഈ പണം ജില്ലാ ബാങ്കിലെ നിന്റെ ജോലിക്കു ഉപകരിക്കട്ടെ. ചോദിച്ചതത്രയും തികയില്ല. ബാക്കി ഇവിടുള്ള പണ്ടം പണയം വെച്ചോ കടം വാങ്ങിയോ ഒക്കെ ഒപ്പിക്കാം. അച്ച
ന്റേയും അമ്മയുടേയും നെഞ്ചിൽ ചവുട്ടി മകൻ യാത്ര പറഞ്ഞിറങ്ങിപ്പോയാൽ മരണം വരെ മനസ്സു പിടയുമെടാ. ഉം..

(അവൻ പണം വാങ്ങി.)

ബാഗ് അമ്മയെ ഏല്പിച്ചിട്ട് ഈ പണം അപ്പുറത്തു കൈലാസനാഥന്റെ കൈവശം കൊടുക്കുക. (മനു മുന്നോട്ടു നീങ്ങുന്നു.) നിൽക്ക് , സതീഷ് ചന്ദ്രൻ എന്ന പയ്യൻ നിന്റെ പെങ്ങളെ കാണാൻ വരണ്ടായെന്നും പറഞ്ഞേക്ക്.

(മനു ബാഗു മാളവികയെ ഏൽപിച്ചിട്ടു സന്തോഷത്തോടെ പണവും കൊണ്ടു പുറത്തേക്കു പോകുന്നു.)

(ചങ്കു പൊട്ടിയ മട്ടിൽ) പെങ്ങളുടെ വിവാഹം നടക്കട്ടെ. എനിക്കു ജോലി പിന്നെ മതി എന്നവൻ പറയും എന്നു ഞാൻ വെറുതെ മോഹിച്ചുപോയടൊ.

(അകത്തുനിന്നും പുതിയ ചുരിദാറുമൊക്കെയിട്ടു രംഗത്തേക്കു വന്ന മഹിമ വരുന്നു.)

**മഹിമ:** അച്ഛാ..... കൈലാസനാഥൻ അങ്കിൾ കൊണ്ടുവന്ന ചുരിദാറാ. പെണ്ണുകാണാൻ വരുന്നവർക്കു മുന്നിൽ ഇത്രയും ആർഭാടം മതിയോ.

(മകളുടെ ആ ചോദ്യത്തിനുമുന്നിൽ മാതാപിതാക്കൾ ആകെ വിഷമിച്ചു. എന്തു മറുപടി പറയണമെന്നറിയാതെ നിന്നു. മാളവിക തേങ്ങിപോയി.)

**മഹിമ:** എന്താ അമ്മെ... എന്തു പറ്റി.... അമ്മേ.....

**മാളവിക:** കാലം ഏതു കരിങ്കല്ലുകൊണ്ടാണ് എന്റെ തലയിൽ വരച്ചിരിക്കുന്നത് എന്നോർത്തപ്പോൾ. ഹൃദയത്തിലെ സങ്കടങ്ങളുടെ കടൽ കണ്ണിലൂടെ പെയ്തിറങ്ങുകയാ.

(അവരു തിരിഞ്ഞ്)

മഹിമയുടെ അച്ഛാ.... ഈ മകളെ വേഷം കെട്ടിച്ചതിന്.. മോഹിപ്പിച്ചതിന്... എന്തു സമാധാനം, എന്തു മറുപടി നിങ്ങൾ പറയും.

(മുകുന്ദൻ മിണ്ടുന്നില്ല, മഹിമ അയാളുടെ അടുത്തു ചെല്ലുന്നു.)

**മഹിമ:** അച്ഛാ, എന്താണ്ടായെ.....

**മുകുന്ദൻ:** മകൾക്കു സമ്മാനമായി ഒരു ഡോക്ടറെ വാങ്ങിത്തരാൻവേണ്ടി അച്ഛൻ കരുതി വെച്ചിരുന്ന പണം മനുവിന് ഒരു ജോലി തരപ്പെടുത്താൻ എടുത്തുകൊടുക്കേണ്ടിവന്നു. അതുകൊണ്ട് പയ്യനോട് പെണ്ണുകാണാൻ ഇങ്ങോട്ടു വരേണ്ടാ എന്നറിയിച്ചിരിക്കുകാ.

(വേഷം കെട്ടി ഇറങ്ങിയ പെൺകുട്ടിക്ക് ആ തിരിച്ചറിവ് ദുഃഖമുണ്ടാക്കുന്നതാണ്. കരയാതിരിക്കാൻ അവൾ വല്ലാതെ പാടുപെട്ടു. അയാൾ അവളുടെ കൈ കവർന്നു. ആ കണ്ണുകളിലേക്ക് നോക്കി)

ഭാവശൂന്യമായ നിന്റെ കണ്ണുകളിൽ ഒരു മഹാദുഃഖത്തിന്റെ പെരുങ്കടൽ അനക്കമറ്റുകിടക്കുന്നതായി അച്ഛനു കാണാം. മൂന്നുവർഷംകൂടി കഴിഞ്ഞാൽ അച്ഛൻ പെൻഷനാകും. അപ്പോളൊരു നല്ല തുക കിട്ടും. മോടെ കാര്യം ഭംഗിയായി അച്ഛൻ നടത്തും.

**മാളവിക:** ഇരുപത്തിയഞ്ചുവയസിനുമുമ്പ് വിവാഹം നടന്നില്ലെങ്കിൽ പിന്നെ മുപ്പത്തിമൂന്നുവയസുവരെ നടക്കില്ലെന്നാ അവളുടെ ജാതകത്തിൽ എഴുതിയിരിക്കുന്നത്.

**മുകുന്ദൻ:** (സ്വരമുയർത്തി ദേഷ്യത്തോടെ) ദുരന്തത്തിന്റെ തലക്കുറി കാണാതെ പഠിച്ച് എഴുന്നെള്ളിക്കണ്ടാ.

**മഹിമ:** അച്ഛാ എന്നെപ്രതി വഴക്കു വേണ്ടാ. വ്യാമോഹങ്ങളുടെ ഒരു സാമ്രാജ്യം മനസ്സിലൊളിപ്പിച്ചുകൊണ്ടു നടക്കുകയല്ല ഈ മകൾ. വേഷം കെട്ടാനച്ഛൻ പറഞ്ഞു. അതനുസരിച്ചു. കരയാൻ വിതുമ്പി നിൽക്കുന്ന കണ്ണുകളേയും കതിർമണ്ഡപം സ്വപ്നം കണ്ട മനസ്സിനെയും എനിക്കു.... എനിക്കു നിയന്ത്രിക്കാൻ കഴിയും....

(മുകുന്ദൻ ദുഃഖത്തോടെ മകളെ പിടിച്ചുചേർത്തു. ആ നെറുകയിൽ മുകർന്നു)

**മുകുന്ദൻ:** അച്ഛനോട് പൊറുക്കണം. ഈ വേഷം കെട്ടിച്ചതിന്, നിന്റെ മനസ്സിനെ സാന്ത്വനപ്പെടുത്തുന്ന ഒരു വാക്കും... എന്റെ ബുദ്ധിയിലുദിക്കുന്നില്ല. ഒന്നുമാത്രമേ പറയാനുള്ളു. ക്ഷമിക്കണം.

(അയാൾ പതുക്കെ നടന്നു. നിശ്ചലം നിൽക്കുന്ന മകളുടെ അടുത്തു ചെന്നു മാളവിക ആ തോളിൽ തൊട്ടു.)

**മാളവിക:** മഹിമമോളെ.....

**മഹിമ:** അമ്മ കൂടി ചോദിച്ചാൽ എനിക്കു സങ്കടം പൊതിഞ്ഞുവയ്ക്കാൻ പറ്റാതെ വരും. പ്ലീസ് നിങ്ങളെ ആരേയും അറിയിക്കാതെ... ആരും കാണാതെ ഞാൻ... ഞാനൊന്നു മനസ്സടക്കിക്കോട്ടെ... അമ്മേ.. ഞാനിത്തിരി കരഞ്ഞോട്ടെ.

(അവൾ പിന്നിലേക്ക് പശ്ചാത്തലത്തിലേക്കു നടന്നു. അവളുടെ മനസ്സിന്റെ വേദനയിൽ നിന്നും ഒരു കവിത അവിടെ പ്രകാശം ഒതുങ്ങിപൊലിഞ്ഞു)

**ലൈറ്റ് അണയുന്നു.**

# ഭഗവദ്ഗീത



സി. പ്രസാദ്

ഭഗവദ്ഗീതയ്ക്ക് ഉള്ളതുപോലെ വ്യാഖ്യാനങ്ങളും പരിഭാഷകളും പഠനങ്ങളും ഭാരതീയമായ മറ്റൊരു ദാർശനികഗ്രന്ഥത്തിനുമില്ല. പല കാഴ്ചപ്പാടുകളിൽ ഗീത വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും അതിന്റെ പൊതുതത്വം തത്വവേദികളെ ആകർഷിച്ചുകൊണ്ട് അനേകായിരമാണ്ടുകളായി പരിലസിക്കുന്നു. ഇകഴ്ത്തിയും പുകഴ്ത്തിയും പഠനങ്ങൾ ഉണ്ടാകുമ്പോഴെല്ലാം ഗീതയുടെ അവഗണിക്കാനാകാത്ത മഹത്വംതന്നെയാണു വെളിവാകുന്നത്. മറ്റേതൊരു മതഗ്രന്ഥത്തെയുംകാൾ വിമർശിക്കപ്പെട്ടിട്ടുള്ളതു ഗീതയാണ്. അതിന്റെ പേരിൽ ഒരു ഗീതാപഠിതാവും കലഹിച്ചിട്ടില്ല; കലഹിക്കാൻ പാടില്ലാത്തതുമാണ്. ഗീത വിമർശിക്കപ്പെടേണ്ടതല്ലെന്നു ഗീതാകാരനുപോലും അഭിപ്രായമില്ല. "വിമൃശ്യൈതദശേഷേണ യഥേച്ഛസി തഥാ കുരു" (ഇതെല്ലാം യുക്തിഭദ്രമായി നിരൂപണം ചെയ്തിട്ട് ഇഷ്ടംപോലെ നീ പ്രവർത്തിക്കുക) എന്നാണല്ലോ ഗീതാകാരൻ പറഞ്ഞത് (18.63). തന്റെ ഉപദേശങ്ങളെ വിമർശിച്ചുകൊള്ളുക എന്നു പറഞ്ഞതിനെ വരെ ചിലർ വിമർശിച്ചു. ആരെങ്കിലും, അയാൾ എത്ര പ്രശസ്തനാണെന്നിരിക്കിലും, വിമർശിച്ചു എന്നതിന്റെ പേരിൽ ഇല്ലാതാകുന്നതാണു തന്റെ കാഴ്ചപ്പാടുകൾ എന്നു ഭയന്ന് വിമർശകരെ വകവരുത്തണമെന്ന് അനുയായികളെ ആഹ്വാനം ചെയ്തില്ല ഗീതാകർത്താവ്. കൊള്ളേണ്ടതു കൊള്ളാനും തള്ളേണ്ടതു തള്ളാനും ആർക്കും സ്വാതന്ത്ര്യം പരിധിയില്ലാതെ നല്കിയ ഭാരതസംസ്കാരത്തിന്റെ കെടാവിളക്കായി ഗീത നിലകൊള്ളുന്നതും അതുകൊണ്ടാണ്. കക്ഷിരാഷ്ട്രീയത്തിന്റെ ദാസന്മാരായ ചില പണ്ഡിതമാനികൾ അവർക്ക് വേണ്ടത്ര യോഗ്യത ഇല്ലെങ്കിലും (സംസ്കൃതം വേണ്ടപോലെ അറിയുന്നവരോ ഗീതയിലെ ഒരു ശ്ലോകമെങ്കിലും സ്വന്തം നിലയിൽ വ്യാഖ്യാനിക്കാൻ കഴിവുള്ളവരോ അല്ല അവരിൽ മിക്കവരും) ഗീതയെ വിമർശിക്കുകയും വിമർശനം പരിധിവിട്ട് പുലഭ്യം പറച്ചിലിലേക്കുവരെ ചെന്നെത്തുകയും ചെയ്തിട്ടുള്ളതു കാണാം. "പണ്ടേയുണ്ടു മനുഷ്യനീ ഗുണപുരോഭാഗിത്വം" എന്നാണല്ലോ കവിവാക്യം. സ്വഗുണത്തെ അടിസ്ഥാനമാക്കിയേ ആർക്കും പ്രവർത്തിക്കാൻ കഴിയൂ എന്നു ഗീതതന്നെ പറഞ്ഞിട്ടുണ്ട്. എല്ലാ വിമർശനങ്ങളെയും മറികടന്ന് അനേകം നൂറ്റാണ്ടുകളായി ഓരോ ഭാരതീയനെയും, അല്ല ലോകത്തെത്തന്നെയും ഉദ്ബോധിപ്പിച്ചുകൊണ്ടു ഗീത നിലകൊള്ളുന്നു. "ഗീത പാശ്ചാത്യലോകം കണ്ടുതുടങ്ങിയതിനു ശേഷം അവരുടെ ആരാധനയ്ക്കു പാത്രമായി. ഷോപ്പൻഹൗവർ ആ ഗീതാരാധകന്മാരിൽ ഒരാളാണ്. എമേഴ്സൺ കുറെ അമേരിക്കക്കാരെ ഗീത പഠിപ്പിച്ചുവന്നിരുന്നു. ടി. എസ്. എലിയട്ട് പറയുന്നത് ഡാന്റേയുടെ 'ഡിവൈൻ കോമഡി' കഴിഞ്ഞാൽ പിന്നെ സാഹിത്യഗുണത്തിൽ ലോകത്തിൽ മികച്ചു നിൽക്കുന്നതു ഗീതയാണെന്നാണ്. പക്ഷേ, ഡിവൈൻ കോമഡിപോലെ സാഹിത്യഗുണത്തെ ലാക്കാക്കിയല്ല ഗീത എഴുതപ്പെട്ടതെന്നുകൂടി പറയേണ്ടതുണ്ട്. ഇതൊക്കെയായാലും ഇവിടത്തെ ചില അത്യാധുനികന്മാർക്ക് ഗീത വെറും ശഷ്പസമാനമാണ്. ഇന്നത്തെ വിദ്യാഭ്യാസവും സംസ്കാരബോധവും ഇതിലധികം അധഃപതിപ്പിക്കുന്നതെങ്ങനെ?" മലയാളത്തിലെ ഒരു പ്രമുഖ നിരൂപകനായ പി. ദാമോദരൻപിള്ളയുടെ അഭിപ്രായമാണു മേലുദ്ധരിച്ചത്. ഗീതയുടെ ഖണ്ഡനവിമർശകരിൽ അധികംപേരുടെയും വിമർശനത്തിന്റെ സ്വഭാവം തെരുവിൽ എതിർകക്ഷികൾക്കുനേരെ വിളിക്കുന്ന തരംതാണ രാഷ്ട്രീയമുദ്രാവാക്യത്തിന്റെ നിലവാരം മാത്രമുള്ളതാണ്. അക്കൂട്ടത്തിൽ ഒരു വിമർശകൻ ഗീതാകർത്താവിനെ കപടപണ്ഡിതൻ എന്നുവരെ വിളിക്കുകയും അതിന്റെ കൂടി ഗ്രെയ്സ് മാർക്കിൽ ഔദ്യോഗികസ്ഥാനങ്ങൾ നേടിയെടുക്കുകയും ചെയ്തു. ഭാരതത്തിന്റെ ആധ്യാത്മികവിഹായസ്സിലെ 'ജ്യോതിഷ്പതി'യായ ഭഗവദ്ഗീതയുടെ യശോഭൂമാവിനെ നോക്കി പുച്ഛം നടിക്കുന്ന കൗശികവ്രജങ്ങളുടെ ജല്പനങ്ങൾ ചരിത്രത്തിന്റെ ചവറ്റുകുട്ടയിൽ തള്ളപ്പെടുകയേ ഉള്ളൂ.

ശങ്കരാചാര്യസ്വാമികളുടേതുൾപ്പെടെ അനേകം സംസ്കൃതവ്യാഖ്യാനങ്ങളും ബാലഗംഗാധര തിലകന്റെ 'ഗീതാരഹസ്യം', മഹാത്മാഗാന്ധിയുടെ 'അനാസക്തിയോഗം' എന്ന വ്യാഖ്യാനം, 'ജ്ഞാനേശ്വരീ', ബിനോബ ഭാവെയുടെ 'ഗീതാപ്രവചനങ്ങൾ' തുടങ്ങിയവയും മലയാളത്തിലെ ഒട്ടനേകം വ്യാഖ്യാനങ്ങളും പഠനങ്ങളും പരിശോധിച്ചാണ് ഈ വ്യാഖ്യാനം തയ്യാറാക്കിയിട്ടുള്ളത്. വ്യാഖ്യാനങ്ങൾ പലതും ദാർശനികഭേദമനുസരിച്ചു ഭേദപ്പെട്ടിരിക്കുന്നു. ശങ്കരാചാര്യരുടെ വ്യാഖ്യാനമാർഗത്തെയാണ് ഈ വ്യാഖ്യാതാവു പ്രായേണ പിന്തുടർന്നിട്ടുള്ളത്. ഗീത പഠിക്കാൻ നടത്തിയ ശ്രമം മാത്രമാണ് ഈ വ്യാഖ്യാനം; സാധാരണ വായനക്കാർക്ക് ഉപയോഗപ്പെടണം എന്ന വിചാരവുമുണ്ടായി രുന്നു. എന്തെങ്കിലും സവിശേഷ മേന്മ ഈ വ്യാഖ്യാനത്തിനുണ്ടെന്ന് അവകാശപ്പെടുന്നില്ല. അക്കാര്യങ്ങളെല്ലാം വായനക്കാരുടെ തീരുമാനത്തിനായി സമർപ്പിച്ചുകൊള്ളുന്നു.



## ഭഗവദ്ഗീത

### അർജുനവിഷാദയോഗം

വ്യാഖ്യാനം സി. പ്രസാദ്

ഭാഗം ഒന്ന്

കൗരവരും പാണ്ഡവരും യുദ്ധസന്നദ്ധരായി കുരുക്ഷേത്രത്തിൽ അണിനിരന്നു നില്ക്കുന്നതും ഇരുപക്ഷത്തുമുള്ള മഹാരഥന്മാരെപ്പറ്റി ദുര്യോധനൻ ദ്രോണാചാര്യരെ അറിയിക്കുന്നതും എതിർപക്ഷത്തുള്ള ബന്ധുമിത്രാദികളെ കണ്ട് അർജ്ജുനൻ വ്യാകുലപ്പെട്ടു തേർത്തട്ടിൽ ഇരിക്കുന്നതുമായ രംഗങ്ങളാണ് ഒന്നാം അധ്യായത്തിൽ വിവരിക്കുന്നത്.

**ധൃതരാഷ്ട്ര ഉവാച** (ധൃതരാഷ്ട്രൻ പറഞ്ഞു):

**ധർമക്ഷേത്രേ കുരുക്ഷേത്രേ സമവേതാ യുയുത്സവഃ**
**മാമകാഃ പാണ്ഡവാശ്ചൈവ കിമകുർവത സഞ്ജയ?** 1

| | |
|---|---|
| സഞ്ജയ, | സഞ്ജയാ, |
| ധർമക്ഷേത്രേ | ധർമക്ഷേത്രമായ (ധർമഭൂമിയായ) |
| കുരുക്ഷേത്രേ | കുരുക്ഷേത്രത്തിൽ |
| സമവേതാഃ | ഒന്നിച്ചുചേർന്നവരും (അണിനിരന്നവരും) |
| യുയുത്സവഃ | യുദ്ധോത്സുകരുമായ |
| മാമകാഃ | എന്റെ പുത്രന്മാരും (ദുര്യോധനാദികളും) |
| പാണ്ഡവാഃ ച ഏവ | പാണ്ഡവന്മാരും (യുധിഷ്ഠിരാദികളും) |
| കിം അകുർവത? | എന്തു ചെയ്തു? |

സഞ്ജയാ, ധർമഭൂമിയായ കുരുക്ഷേത്രത്തിൽ യുദ്ധോത്സുകരായി അണിനിരന്ന എന്റെ പുത്രന്മാരും പാണ്ഡവന്മാരും എന്തു ചെയ്തു?

'യോഗം' എന്ന പദം ഭിന്നാർഥങ്ങളിൽ ഗീതയിൽ പ്രയോഗിച്ചിരിക്കുന്നു. ജ്ഞാനയോഗം, ഭക്തിയോഗം, കർമയോഗം തുടങ്ങിയവയിൽ 'ചേർച്ച' എന്നർഥം. എന്നാൽ അർജ്ജുനവിഷാദയോഗം എന്നതിൽ യോഗശബ്ദം അർഥചിന്തകൂടാതെ, ഐകരൂപ്യം വരുത്തുവാൻ ആരോ ചേർത്തതാണെന്നു ചില വ്യാഖ്യാതാക്കൾ കരുതുന്നു. താത്വികമാകുമ്പോൾ വിഷാദവും 'യോഗം' ആകും എന്നും ആ നിലയ്ക്ക് അർജ്ജുനന്റെ വിഷാദം വിഷാദയോഗംതന്നെ എന്നും മറ്റു ചിലർ പറയുന്നു. ശോകത്തിൽനിന്നു ശ്ലോകം ഉണ്ടായി എന്നു പറയുന്നതുപോലെ തത്വചിന്തയും വിഷാദം ഹേതുവായി ഉണ്ടാകുന്നുവെന്നു പറയാം. സുഖാനുഭവങ്ങളെക്കാൾ ദുഃഖാനുഭവങ്ങളാണു മഹാന്മാരെ സൃഷ്ടിക്കുന്നത് എന്നു വിവേകാന്ദസ്വാമികൾ പറഞ്ഞിട്ടുണ്ട്. "വ്യഥപോലറിവോതിടുന്ന സദ്ഗുരുവും മർത്യനു വേറെയില്ലതാൻ" എന്നാണല്ലോ നമ്മുടെ ഒരു പ്രമുഖകവി പാടിയത്. വിഷാദയോഗത്തിൽനിന്നു പ്രസാദയോഗത്തിലേക്കാണു ഗീത നമ്മെ നയിക്കുന്നത് (18.56; 18.62). ശാശ്വതമായ സുഖം എങ്ങനെ നേടാം എന്ന ഉപദേശമാണു ഭഗവദ്ഗീതയുടെ മഹത്തായ ലക്ഷ്യം. ആ നിലയ്ക്കു വിഷാദയോഗം എന്ന പേര് അന്വർഥമാകുന്നു.

ധൃതരാഷ്ട്രൻ – രാഷ്ട്രത്തെ ധരിച്ചതിനാൽ ('ധൃതം രാഷ്ട്രം യേന') ധൃതരാഷ്ട്രൻ എന്ന പേരുണ്ടായി. 'രാഷ്ട്ര'ശബ്ദത്തിന് ഉപദ്രവം എന്നും അർഥമുണ്ട് ("രാഷ്ട്രോ സ്ത്രീ വിഷയേ സ്യാദുപദ്രവേ" – *അമരകോശം*). രാഷ്ട്രം രാജാവിനെയാണു ധരിക്കേണ്ടത്, രാജാവു രാഷ്ട്രത്തെയാകരുത്. രാജാവു രാഷ്ട്രഹിതത്തിനൊത്തു നില്ക്കണം. രാഷ്ട്രത്തെ തന്റെ കാല്ക്കീഴിലാക്കരുത്. 'ഞാനാണു രാഷ്ട്രം' എന്നു ധരിച്ച ഭരണാധികാരികളെല്ലാം ജനങ്ങൾക്ക് ഉപദ്രവകാരികളായിത്തീരും എന്ന ലക്ഷ്യാർഥംകൂടി ധൃതരാഷ്ട്രസംജ്ഞയിൽ ഉൾച്ചേർന്നിട്ടുണ്ടാകാം. സ്വജനപക്ഷപാതികളായ ഭരണാധികാരികൾ ഉപദ്രവത്തെ ധരിക്കുന്നതായി ഇന്നും കാണുന്നുണ്ടല്ലോ.

ധർമം – 'ധൃ' ധാതുവിൽനിന്നു 'ധർമ'ശബ്ദം ഉണ്ടായി. താങ്ങിനിർത്തുന്നത്, ധരിക്കുന്നത് എന്നിങ്ങനെയാണു ധർമത്തിന്റെ അർഥം. മനുഷ്യസമുദായത്തെ വീഴാതെ താങ്ങിനിർത്തുന്നതു ധർമം. ലോകനന്മ ഏതിൽനിന്ന് ഉണ്ടാകുന്നുവോ അതാണു ധർമം. "ധാരണാദ് ധർമമിത്യാഹുർധർമോ ധാരയതി പ്രജാഃ" (പ്രജകളെ ധരിക്കുന്നതെന്തോ അതാണു ധർമം) എന്നു മഹാഭാരതം (കർണപർവം 69.58) നിർവചനം നല്കുന്നു.

"ധൃതിഃ ക്ഷമാ ദമോƒസ്തേയം ശൗചമിന്ദ്രിയനിഗ്രഹഃ
ധീർ വിദ്യാസത്യമക്രോധോ ദശകം ധർമലക്ഷണം."

(ധൈര്യം, ക്ഷമ, മനസ്സടക്കം, മോഷ്ടിക്കാതിരിക്കൽ, ശുചിത്വം, ഇന്ദ്രിയനിഗ്രഹം, ബുദ്ധി, വിദ്യ, സത്യം, അക്രോധം എന്നിവ പത്തുമാണു ധർമലക്ഷണം) എന്നു *മനുസ്മൃതി* (6.92) പറയുന്നു.

ധർമനിഷ്ഠമായ ജീവിതമാണ് ആശാസ്യം. ധർമം നശിച്ച് അധർമം പ്രവൃദ്ധമാകുമ്പോൾ ധർമസംസ്ഥാപനത്തിനായി ഞാൻ അവതരിക്കുന്നുവെന്നാണല്ലോ ഭഗവാൻ പറയുന്നത്.

"സുഖാർഥാഃ സർവഭൂതാനാം മതാഃ സർവാഃ പ്രവൃത്തയഃ
സുഖം ച ന വിനാ ധർമാസ്തസ്മാദ് ധർമപരോ ഭവ."

(ആളുകളുടെ സർവ പ്രവൃത്തികളുടെയും ലക്ഷ്യം സുഖലാഭമാണ്. സുഖമാകട്ടെ ധർമത്തിലൂടെ ലഭിക്കുന്നു. അതുകൊണ്ട് ഏവരും ധർമപരരാകുക) എന്നു മഹാഭാരതം ഉപദേശിക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ നിഷ്കാമവും ലോകോപകാരപ്രദവുമായ കർത്തവ്യകർമങ്ങളാണ് ഓരോരുത്തന്റെയും ധർമം.

കുരുക്ഷേത്രം – വടക്കു സരസ്വതീനദിക്കും തെക്കു ദൃഷദ്വതീനദിക്കും ഇടയ്ക്കുള്ള ദേശം. പൂരുവംശജനായ 'കുരു' എന്ന രാജാവു തപസ്സു ചെയ്തതിനാൽ കുരുക്ഷേത്രം എന്ന പേരുണ്ടായി (മഹാഭാരതം ആദിപർവം 94). 'ക്ഷേത്ര'ത്തിനു വയൽ എന്നർഥം. കുരു ഭൂമി ഉഴുതു കൃഷിക്ക് ഉപയുക്തമാക്കിത്തീർത്തതായി പ്രസ്താവമുണ്ട്.

കുരു നടത്തിയ യാഗത്തിൽ പ്രസാദിച്ച് സരസ്വതീനദി ഇവിടെ നിത്യവും ജലം നനച്ചുകൊടുക്കുന്നുവെന്നു മഹാഭാരതത്തിൽ പരാമർശം കാണാം (ശല്യപർവം 26, 27, 28 അധ്യായങ്ങൾ). കുരുക്ഷേത്രം എന്ന പേരു വരും മുൻപ് ഇതിനു സമന്തപഞ്ചകം എന്നായിരുന്നു പേര്. പരശുരാമൻ ക്ഷത്രിയവധം നടത്തി അവരുടെ രക്തം നിറഞ്ഞ് അഞ്ചു തടാകങ്ങൾ ഉണ്ടായതി

# ഭഗവദ്ഗീത

നാൽ സമന്തപഞ്ചകം എന്ന പേരു വന്നു (മഹാഭാരതം 1.2). കുരു കൃഷിഭൂമിയാക്കിയ ദേശം വീണ്ടും യുദ്ധക്കളമായി മാറി. പരീക്ഷിത്തിന്റെ പുത്രൻ ജനമേജയൻ സർപസത്രം നടത്തി നാഗങ്ങളെ കൂട്ടക്കൊല ചെയ്തപ്പോൾ വീണ്ടും കൊലക്കളമായി.

“കുരൂണാം കരണാനാം ക്ഷേത്രം കുരുക്ഷേത്രം” (കരണങ്ങളുടെ–ഇന്ദ്രിയങ്ങളുടെ–ക്ഷേത്രം കുരുക്ഷേത്രം) എന്നൊരു വ്യുത്പത്തി ‘ഗീതാർഥസംഗ്രഹ’ത്തിൽ (പ്രഥമശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ) അഭിനവഗുപ്താചാര്യൻ നല്കിയിരിക്കുന്നു. ശരീരംതന്നെയാണു ക്ഷേത്രം (“ഇദം ശരീരം കൗന്തേയ, ക്ഷേത്രമിത്യഭിധീയതേ”) എന്നു ഗീതയിൽ (13.1) പറയുന്നുണ്ടല്ലോ. “ശരീരരൂപത്തിലുള്ള ഈ ക്ഷേത്രം ധർമക്ഷേത്രമാണ്. കാരണം, ഇതു മുഖേന മോക്ഷം ലഭിക്കുക സാധ്യമാണ്. ഇതു പാപത്തിൽനിന്നുണ്ടായതാണ്. പാപത്തിന്റെ ഭാജനമായി വർത്തിക്കുകയും ചെയ്യുന്നു. അതിനാൽ ഇതു കുരുക്ഷേത്രമാണ്.” എന്നാണു മഹാത്മജി നല്കുന്ന വിവരണം. “കൗരവർ എന്നുവച്ചാൽ ആസുരവൃത്തികളും പാണ്ഡുപുത്രന്മാർ എന്നാൽ ദൈവവൃത്തികളുമാണ്. ഓരോ ശരീരത്തിലും സദ്‌വൃത്തികളും ദുർവൃത്തികളും തമ്മിൽ യുദ്ധം നടക്കുന്നു. അതാർക്കാണ് അനുഭവമില്ലാത്തത്?” എന്നാണു കുരുപാണ്ഡവയുദ്ധത്തിനു മഹാത്മജി നല്കുന്ന വ്യാഖ്യാനം.

‘കുരു’ കർമശക്തിയും കുരുക്ഷേത്രം കർമശക്തിക്ക് ഇരിപ്പിടമായ ശരീരവുമാണ്. ക്ഷേത്രത്തിനു ശരീരം എന്നർഥമുണ്ടെന്നു മേൽപ്പറഞ്ഞത് ഓർക്കുക. കർമനിരതന്റെ ശരീരംതന്നെ കുരുക്ഷേത്രം. യുദ്ധസജ്ജമാക്കി നിരത്തിനിർത്തിയിരിക്കുന്ന രഥങ്ങൾ ശരീരങ്ങൾതന്നെ. ശരീരത്തെ രഥമെന്ന് ഉപനിഷത്കല്പനയുണ്ട് (“ആത്മാനം രഥിനം വിദ്ധി, ശരീരം രഥമേവ ച” – *കഠോപനിഷത്ത്* 3.3). തേരാളിയായ ശ്രീകൃഷ്ണൻ യോഗബുദ്ധിതന്നെ (സമത്വം യോഗമുച്യതേ). വകതിരിവോടെ കാര്യങ്ങൾ ഗ്രഹിക്കുന്നവനാണു കൃഷ്ണൻ. മനസ്സ് അഥവാ യോഗബുദ്ധി ആണു കടിഞ്ഞാൺ പിടിക്കുന്നത്. ഇന്ദ്രിയങ്ങൾ കുതിരകളാണ്. ഇന്ദ്രിയങ്ങളാലാണ് ഏതൊരാളും കർമനിരതനാകുന്നത്. ഇന്ദ്രിയങ്ങളെ നിയന്ത്രിച്ചു നേർവഴിക്കു നയിക്കാൻ ഒരു സമബുദ്ധിയായ (യോഗിയായ) തേരാളി വേണം. അശ്വത്തിനു കർമം എന്നും അർഥമുണ്ട് (“അശ്വ കർമനാമസു” – *വൈദികനിഘണ്ടു*). രഥത്തിൽ ഇരിക്കുന്ന വില്ലാളിയായ അർജുനൻ ആ പേരു സൂചിപ്പിക്കുന്നതുപോലെ ശുഭ്രമായ കർമം (തെളിഞ്ഞ പ്രവൃത്തി) ചെയ്യുന്നവനാണ്. തെളിഞ്ഞ കർമങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്ന അർജുനന്മാരുടെ മനസ്സിൽ നടക്കുന്ന അന്തഃസംഘർഷങ്ങളാണു യുദ്ധം. സംഘർഷത്തിനു കാരണം ബന്ധുക്കൾ തുടങ്ങിയ മമതാബന്ധങ്ങൾ ആണ്. ധർമക്ഷേത്രത്തിലാണു യുദ്ധം നടക്കുന്നത്. കർത്തവ്യംതന്നെ ധർമം. അപ്പോൾ, കർത്തവ്യകർമങ്ങൾ അനുഷ്ഠിക്കുന്നതിൽ മമതാബന്ധങ്ങളെ മറികടന്നു തെളിഞ്ഞ കർമം ചെയ്യുന്നവൻ സമബുദ്ധിയുടെ സഹായത്തോടെ ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് കർമമാർഗത്തിൽ വിജയം നേടുന്നു (ഗീതോപദേശം ലഭിച്ച അർജുനനു വിജയൻ എന്ന പേരുള്ളത് ഓർക്കുക). താൻതന്നെ ഉൾപ്പെടുന്ന പ്രപഞ്ചസമഷ്ടിയെക്കുറിച്ചുള്ള ജ്ഞാനവും ആ പ്രപഞ്ചസമഷ്ടിയോടുള്ള ഭക്തിയും കർമമാർഗം സുഗമമാക്കുന്നു. ഇതുതന്നെ ഗീതയുടെ സന്ദേശവും.

മാമകാഃ – ധൃതരാഷ്ട്രർ ആദ്യം തന്റെ മക്കളെക്കുറിച്ചാണു ചോദിച്ചത്. ധൃതരാഷ്ട്രന്റെ പക്ഷപാതം മനസ്സിലാക്കിയ സഞ്ജയൻ ദുര്യോധനാദികളെക്കുറിച്ചുതന്നെ തുടർന്നു പറയുന്നു.

പാണ്ഡവാഃ – യുധിഷ്ഠിരാദികളോടു ധൃതരാഷ്ട്രനുള്ള മമതയില്ലായ്മ സൂചിപ്പിക്കാനാണു ‘പാണ്ഡവാഃ’ എന്നു പ്രയോഗിച്ചതെന്നു വ്യാഖ്യാതാക്കൾ.

കിം അകുർവത? – (എന്തു ചെയ്തു?) എന്നു ധൃതരാഷ്ട്രൻ ചോദിക്കുന്നത് അനുചിതമല്ലേ എന്നു തോന്നാം; യുദ്ധത്തിനു തയ്യാറായി നില്ക്കുന്നവർ യുദ്ധം ചെയ്യാതെ എന്തു ചെയ്യാൻ? ദുര്യോധനന്റെ വൻപിച്ച സേനയെ കണ്ടു പാണ്ഡവസേന പിൻതിരിഞ്ഞു എന്ന വാർത്ത കേൾക്കാനുള്ള ആഗ്രഹം ആ ചോദ്യത്തിൽ പ്രതിഫലിക്കുന്നുണ്ട്.

സഞ്ജയൻ – സൂതനായ ഗവല്ഗണന്റെ പുത്രനായി ജനിച്ച് ഹസ്തിനപുരിയിലെ അന്ധന്റെ (ധൃതരാഷ്ട്രന്റെ) തോഴനും മന്ത്രിയുമായി, അയാളുടെ മക്കളുടെയും ജ്ഞാതികളുടെയും അന്ത്യം വിവരിച്ചു കേൾപ്പിക്കുകയും ഒടുവിൽ കാടുപൂകുകയും ചെയ്ത സഞ്ജയൻ രാഗദ്വേഷാദികളെ ജയിച്ചവൻ എന്ന സാർഥകമായ പേരിന്റെ ഉടമയായി.

വ്യാസദത്തമായ ദിവ്യചക്ഷുസ്സിനാൽ കുരുക്ഷേത്രയുദ്ധം അന്ധനായ ധൃതരാഷ്ട്രനു പറഞ്ഞുകൊടുക്കുന്ന സഞ്ജയന്റെ ചിത്രമാണ് അധികം പേരും മനസ്സിൽ കോറിയിട്ടിരിക്കുന്നത്. അതിനപ്പുറം അദ്ദേഹത്തെ കാണാൻ പലരും കൂട്ടാക്കിയില്ല.

ഭാരതയുദ്ധം തരിമ്പും വിട്ടുപോകാതെ ധൃതരാഷ്ട്രനു വർണിച്ചുകൊടുക്കുന്ന സഞ്ജയനെ അതിനു പ്രാപ്തനാക്കിയതു വ്യാസനാണല്ലോ. വ്യാസന്റെ അതേ അനുഗ്രഹവചസ്സിൽ കുടുങ്ങിപ്പോയ അനുവാചകർ സഞ്ജയനെ കൂടുതലറിയുന്നതിൽനിന്നു തടയപ്പെട്ടു. വ്യാസൻ നല്കിയ വരവും തുടർന്നുള്ള രംഗങ്ങളും നോക്കുക:

“നൃപതേ സഞ്ജയൻ ദിവ്യചക്ഷുസ്സു കലരുന്നവൻ
യുദ്ധം നിന്നോടു ചൊല്ലീടും പരം സർവജ്ഞനായ് വരും
വെളിവായൊളിവായിട്ടും പകലും രാവുമങ്ങനെ
മനസ്സിലോർത്താലൊക്കെയുമിസ്സഞ്ജയനറിഞ്ഞിടും
മുറിക്കില്ലിവനെശ്ശസ്ത്രം ബാധിക്കില്ല തളർച്ചയും
ഗാവല്ഗണിയിവൻ പോരിൽനിന്നു ജീവിച്ചുപോന്നിടും.”

(കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പരിഭാഷ.)

‘ദിവ്യചക്ഷുസ്സു കലരുന്നവൻ’, ‘സർവജ്ഞൻ’ എന്നീ വിശേഷണങ്ങൾ സഞ്ജയന്റെ ബുദ്ധിപരവും മാനസികവുമായ കഴിവിനേയും ‘മുറിക്കില്ലിവനെശ്ശസ്ത്രം ബാധിക്കില്ല തളർച്ചയും’ എന്നത് കായികശക്തിയെയും ഊന്നിപ്പറയുന്നതാണ്. ഇവ സഞ്ജയനു ലഭിക്കട്ടെയെന്നാണ് വ്യാസൻ ആശംസിക്കുന്നത്.

പതിനെട്ടു ദിവസം യുദ്ധത്തിൽ പങ്കെടുത്തിട്ടും യുദ്ധത്തിൽനിന്നു ജീവിച്ചുപോന്ന സഞ്ജയൻ ദുര്യോധനന് എന്നപോലെ നമുക്കും കൗതുകമേകുന്നു. പലരും കരുതുന്നതുപോലെ ഹസ്തിനപുരിയിൽ ധൃതരാഷ്ട്ര സമീപം പട്ടുമെത്തയിലിരുന്ന്, വ്യാസദത്തമായ ദിവ്യചക്ഷുസ്സിനാൽ യുദ്ധം കണ്ടിട്ട് അപ്പപ്പോൾ വർണിക്കുകയല്ല സഞ്ജയൻ ചെയ്തത്. അങ്ങനെയെങ്കിൽ ‘പോരിൽ നിന്നു ജീവിച്ചുപോരും’ എന്ന് വ്യാസൻ ഒരു അനുഗ്രഹം നല്കിയതിനെന്തു പ്രസക്തി. ഓരോ മഹാരഥന്റെയും പതനത്തിനു ശേഷം തത്കാലത്തേക്കു യുദ്ധം സമാപിക്കുമ്പോൾ ഹസ്തിനപുരിയിലെത്തി ധൃതരാഷ്ട്രനെയും മറ്റുള്ളവരേയും (ധൃതരാഷ്ട്രനോടൊപ്പം യുദ്ധവർണന കേൾക്കാൻ പൗരജനങ്ങളും അന്തഃപുരാംഗനമാരുമുണ്ടായിരുന്നു) സംഭവങ്ങൾ ഓരോന്നായി വർണിച്ചു കേൾപ്പിക്കുകയാണദ്ദേഹം ചെയ്തത്. “ധാർത്തരാഷ്ട്രന്മാർ കാൺകെ കർണൻ അർജുനനാൽ വീഴ്ത്തപ്പെട്ട ഉടൻ സഞ്ജയൻ ദീനനായ് വായുവേഗമുള്ള കുതിരകളെ കെട്ടിയ തേരോടിച്ചു ഹസ്തിനപുരിയിലെത്തി ധൃതരാഷ്ട്രനോട് വിവരങ്ങൾ ധരിപ്പിക്കുന്നുണ്ട് (കർണപർവം 1.20). ഒരിക്കൽ നാനൂറ് ധനുർദ്ധരന്മാരോടു ചേർന്ന് ചേകിതാനനെതിരെ സഞ്ജയൻ യുദ്ധം ചെയ്തു (ദ്രോണപർവം 95.431). മറ്റൊരിക്കൽ സാത്യകിയുമായി ഗംഭീരമായൊരു യുദ്ധം നടത്തിയ സഞ്ജയൻ തടവിലാക്കപ്പെട്ടു. അദ്ദേഹത്തെ വധിക്കാനൊരുങ്ങിയപ്പോൾ വ്യാസനെത്തി മോചിപ്പിച്ചു (ശല്യപർവം 29.381). മോചിപ്പിക്കപ്പെട്ട സഞ്ജയൻ പടച്ചട്ടയൂരിവെച്ച് നഗരത്തിലേക്ക് നിരായുധനായി ചോരപുരണ്ട ദേഹത്തോടെ പോന്നു (ശല്യപർവം 29.381). സഞ്ജയൻ യുദ്ധത്തിൽ പങ്കെടുത്തിരുന്നുവെന്നതിനു വേറെയും സൂചനകളുണ്ട്.

യുദ്ധത്തടവുകാരിൽ വ്യാസനാൽ മോചിപ്പിക്കപ്പെട്ട ഒരേ ഒരാൾ സഞ്ജയനാണ്. താൻ കൊടുത്ത വാക്കു പാലിക്കേണ്ടതു സത്യവാക്കായ ഒരുവന്റെ കടമയാണല്ലോ. വ്യാസന്റെ അനുഗ്രഹത്തിലെ ‘പോരിൽനിന്നു ജീവിച്ചുപോന്നിടും’ എന്ന വാക്കുകൾ അങ്ങനെ സത്യമായിത്തീർന്നു.

സഞ്ജയൻ മന്ത്രി എന്ന നിലയിൽ മികവു കാട്ടിയതു കൂടാതെ രാജാവിനെ വിമർശിക്കുന്നതിലും ധൈര്യം കാട്ടി. കൗരവപാണ്ഡവചേരികളിലെ മഹാരഥന്മാരുടെ പതനം നേരിൽ കണ്ട സഞ്ജയൻ ഇതിനെല്ലാം കാരണക്കാരൻ ധൃതരാഷ്ട്രരാണെന്ന് അയാളോടു നേരിട്ടുതന്നെ പറഞ്ഞു. അന്ധനായ രാജാവിന്റെ സചിവന് അയാൾ കർത്തവ്യനിഷ്ഠൻകൂടി ആണെങ്കിൽ വന്നുചേരാവുന്ന ദുര്യോഗങ്ങൾ സഞ്ജയനിലൂടെ വരച്ചുകാണിക്കുന്നു മഹാഭാരതകർത്താവ്. അന്ധന്റെ മന്ത്രിക്ക് സാധാരണ ചക്ഷുസ്സ് പോരാ; ദിവ്യചക്ഷുസ്സുതന്നെ വേണം. ആ വിശേഷചക്ഷുസ്സുണ്ടായിരുന്നിട്ടോ? അത് രാജാവിന്റെ അന്ധതയ്ക്ക് പരിഹാരമായില്ലെന്നു മാത്രമല്ല; അയാളുടെയും ജ്ഞാതികളുടെയും പുത്രന്മാരുടെയും വമ്പിച്ച പ്രജകളുടെയും കലഹവും അന്തവും വർണിക്കാനാണ് ഏറെ പ്രയോജനപ്പെട്ടത് എന്ന വിധിവൈപരീത്യവുമുണ്ട്.

യുദ്ധാനന്തരം അധികാരോപവിഷ്ടനായ യുധിഷ്ഠിരൻ രാജ്യകാര്യച്ചുമതലകൾ സചിവന്മാരെ ഏല്പിക്കുമ്പോൾ ധനകാര്യവിചാരിപ്പുകാരനായി നിശ്ചയിച്ചതു സഞ്ജയനെയാണ് (ശാന്തിപർവം 41). വളരെ പ്രഗല്ഭമതികൾ പാണ്ഡവപക്ഷത്തുണ്ടായിരുന്നിട്ടും വയോവൃദ്ധനും സൂതനുമായ ഒരാളെ–അതും എതിർചേരിയിൽ ധൃതരാഷ്ട്രരുടെ സഖാവും പ്രധാനമന്ത്രിയുമായിരുന്ന ഒരുവനെ–ധനകാര്യമന്ത്രിയായി നിശ്ചയിച്ച ധർമപുത്രർ സഞ്ജയനിലെ മനീഷിയെയും സത്യസന്ധനെയും കണ്ടിരിക്കണം. ധനമോഹമില്ലാത്തവനെ വേണമെല്ലോ ധനകാര്യം ഏല്പിക്കാൻ.

പരവിദ്യാനിധിയായ വ്യാസനാൽപോലും ‘സർവജ്ഞൻ’ എന്നു വാഴ്ത്തപ്പെട്ട സഞ്ജയൻ എല്ലാ രാജവംശങ്ങളുടെയും ചരിത്രം നന്നായി അറിയുന്ന പണ്ഡിതാഗ്രേസരനാണെന്നു മഹാഭാരതത്തിൽ പറഞ്ഞിരിക്കുന്നു (ദ്രോണപർവം 144). ധൃതരാഷ്ട്രനു വിദുരൻ കൊടുക്കുന്ന ഉപദേശത്തെക്കാൾ ഒട്ടും താഴെയല്ല സഞ്ജയൻ ധൃതരാഷ്ട്രനു നല്കുന്ന ഉപദേശം. ധൃതരാഷ്ട്രൻ പലപ്പോഴും ‘വാഗ്മി’ എന്നും ‘സർവജ്ഞൻ’ എന്നും സഞ്ജയനെ സംബോധന ചെയ്യുന്നതു കാണാം. പക്ഷേ ആ സർവജ്ഞത്വവും വാഗ്മിത്വവും അകംപുറം ആന്ധ്യം ബാധിച്ച ഒരുവന്റെ നേർക്കാണു കവിഞ്ഞൊഴുകിയതെന്നുള്ളതു വിചിത്രംതന്നെ.

തന്റെ പുരുഷായുസ്സിലേറെയും ഒരു രാജകുടുംബത്തിന്റെ അകത്തളങ്ങളിലും പുറത്തളങ്ങളിലും ചുറ്റിനടന്ന് അവിടെയുള്ളവരുടെ അന്തസ്സംഘർഷങ്ങളും വെല്ലുവിളികളും എല്ലാം കണ്ടും കേട്ടും സമചിത്തതയോടെ നിലകൊള്ളുന്ന സഞ്ജയനെ നമുക്കു മഹാഭാരതത്തിൽ കാണാം. സഞ്ജയൻ ധൃതരാഷ്ട്രോപാലംഭം നടത്തുമ്പോഴെല്ലാം രാജ്യത്തിന്റെ അധഃപതനത്തിൽ വേദനിക്കുന്ന ഒരു നിഷ്കല്മഷനായ രാജ്യസ്നേഹിയെയാണു വ്യാസൻ വരച്ചുകാണിക്കുന്നത്.

സ്വന്തം സ്വപ്നങ്ങളും സുഖങ്ങളും ആർക്കുവേണ്ടി ത്യജിച്ചോ, ആ യജമാനന്റെ ഊന്നുവടിയായി അയാളോടൊപ്പം കാട്ടിലേക്കു പുറപ്പെട്ട സഞ്ജയൻ ഒടുവിൽ തന്റെ പൂർവപിതാക്കന്മാരെ അനുഗമിച്ച് ഹിമാലയസാനുവിലലിയുംവരെ തന്റെ ലാഭനഷ്ടങ്ങളുടെയോ വൈയക്തികവ്യഥകളുടെയോ കൂട്ടിക്കിഴിക്കലുകൾക്ക് മനസ്സിൽ ഇടം കൊടുത്തില്ല; സ്വധർമാനുഷ്ഠാനനിഷ്ഠനായ യോഗിക്ക് അതിനു കഴിയുകയുമില്ലല്ലോ.

അന്ധനായ രാജാവിനെ ആവോളം ഉപദേശിച്ച് നേർവഴി നയിക്കാൻ ശ്രമിച്ചെങ്കിലും ആ ഉപദേശങ്ങൾക്കു ചെവി കൊടുക്കാതെ കുണ്ടിൽത്തന്നെ ചാടിയ അയാളെ ഉപേക്ഷിക്കാതെ കൈപിടിച്ചു നടത്തിയ സഞ്ജയനെ, തന്റെ മാനസപുത്രനെ, ഭാരതസംസ്കാരത്തിന്റെ പ്രതീകമായി കണ്ടുകൊണ്ടാകാം വ്യാസൻ സഞ്ജയന്റെ മരണരംഗം കുറിക്കാതെ വിട്ടുകളഞ്ഞത്.

(തുടരും)

## World Famous Stories

# A Dark Brown Dog

**STEPHEN CRANE**



**STEPHEN CRANE**

Stephen Crane (November 1, 1871 – June 5, 1900) was an American poet, novelist, and short story writer. Prolific throughout his short life, he wrote notable works in the Realist tradition as well as early examples of American Naturalism and Impressionism. He is recognized by modern critics as one of the most innovative writers of his generation.

The ninth surviving child of Methodist parents, Crane began writing at the age of four and had published several articles by the age of 16. Having little interest in university studies though he was active in a fraternity, he left Syracuse University in 1891 to work as a reporter and writer. Crane's first novel was the 1893 Bowery tale Maggie: A Girl of the Streets, generally considered by critics to be the first work of American literary Naturalism. He won international acclaim in 1895 for his Civil War novel The Red Badge of Courage, which he wrote without having any battle experience.

In 1896, Crane endured a highly publicized scandal after appearing as a witness in the trial of a suspected prostitute, an acquaintance named Dora Clark. Late that year he accepted an offer to travel to Cuba as a war correspondent. As he waited in Jacksonville, Florida for passage, he met Cora Taylor, with whom he began a lasting relationship. En route to Cuba, Crane's vessel the SS Commodore sank off the coast of Florida, leaving him and others adrift for 30 hours in a dinghy.Crane described the ordeal in "The Open Boat". During the final years of his life, he covered conflicts in Greece (accompanied by Cora, recognized as the first woman war correspondent) and later lived in England with her. He was befriended by writers such as Joseph Conrad and H. G. Wells. Plagued by financial difficulties and ill health, Crane died of tuberculosis in a Black Forest sanatorium in Germany at the age of 28.

At the time of his death, Crane was considered an important figure in American literature. After he was nearly forgotten for two decades, critics revived interest in his life and work. Crane's writing is characterized by vivid intensity, distinctive dialects, and irony. Common themes involve fear, spiritual crises and social isolation. Although recognized primarily for The Red Badge of Courage, which has become an American classic, Crane is also known for his poetry, journalism, and short stories such as "The Open Boat", "The Blue Hotel", "The Bride Comes to Yellow Sky", and The Monster. His writing made a deep impression on 20th-century writers, most prominent among them Ernest Hemingway, and is thought to have inspired the Modernists and the Imagists.

---

A Child was standing on a street-corner. He leaned with one shoulder against a high board-fence and swayed the other to and fro, the while kicking carelessly at the gravel.

Sunshine beat upon the cobbles, and a lazy summer wind raised yellow dust which trailed in clouds down the avenue. Clattering trucks moved with indistinctness through it. The child stood dreamily gazing.

After a time, a little dark-brown dog came trotting with an intent air down the sidewalk. A short rope was dragging from his neck. Occasionally he trod upon the end of it and stumbled.

He stopped opposite the child, and the two regarded each other. The dog hesitated for a moment, but presently he made some little advances with his tail. The child put out his hand and called him. In an apologetic manner the dog came close, and the two had an interchange of friendly pattings and waggles. The dog became more enthusiastic with each moment of the interview, until with his gleeful caperings he threatened to overturn the child. Whereupon the child lifted his hand and struck the dog a blow upon the head.

This thing seemed to overpower and astonish the little dark-brown dog, and wounded him to the heart. He sank down in despair at the child's feet. When the blow was repeated, together with an admonition in childish sentences, he turned over upon his back, and held his paws in a peculiar manner. At the same time with his ears and his eyes he offered a small prayer to the child.

Presently he struggled to his feet and started after the child.

He looked so comical on his back, and holding his paws peculiarly, that the child was greatly amused and gave him little taps repeatedly, to keep him so. But the little dark-brown dog took this chastisement in the most serious way, and no doubt considered that he had committed some grave crime, for he wriggled contritely and showed his repentance in every way that was in his power. He pleaded with the child and petitioned him, and offered more prayers.

At last the child grew weary of this amusement and turned toward home. The dog was praying at the time. He lay on his back and turned his eyes upon the retreating form.

Presently he struggled to his feet and started after the child. The latter wandered in a perfunctory way toward his home, stopping at times to investigate various matters. During one of these pauses he discovered the little dark-brown dog who was following him with the air of a footpad.

The child beat his pursuer with a small stick he had found. The dog lay down and prayed until the child had finished, and resumed his journey. Then he scrambled erect and took up the pursuit again.

On the way to his home the child turned many times and beat the dog, proclaiming with childish gestures that he held him in contempt as an unimportant dog, with no value save for a moment. For being this quality of animal the dog apologized and eloquently expressed regret, but he continued stealthily to follow the child. His manner grew so very guilty that he slunk like an assassin.

When the child reached his door-step, the dog was industriously ambling a few yards in the rear. He became so agitated with shame when he again confronted the child that he forgot the dragging rope. He tripped upon it and fell forward.

The child attempts to drag the dark brown dog

The child sat down on the step and the two had another interview. During it the dog greatly exerted himself to please the child. He performed a few gambols with such abandon that the child suddenly saw him to be a valuable thing. He made a swift, avaricious charge and seized the rope.

He dragged his captive into a hall and up many long stairways in a dark tenement. The dog made willing efforts, but he could not hobble very skillfully up the stairs because he was very small and soft, and at last the pace of the engrossed child grew so energetic that the dog became panic-stricken. In his mind he was being dragged toward a grim unknown. His eyes grew wild with the terror of it. He began to wiggle his head frantically and to brace his legs.

The child redoubled his exertions. They had a battle on the stairs. The child was victorious because he was completely absorbed in his purpose, and because the dog was very small. He dragged his acquirement to the door of his home, and finally with triumph across the threshold.

Presently he struggled to his feet and started after the child.

No one was in. The child sat down on the floor and made overtures to the dog. These the dog instantly accepted. He beamed with affection upon his new friend. In a short time they were firm and abiding comrades.

When the child's family appeared, they made a great row. The dog was examined and commented upon and called names. Scorn was leveled at him from all eyes, so that he became much embarrassed and drooped like a scorched plant. But the child went sturdily to the center of the floor, and, at the top of his voice, championed the dog. It happened that he was roaring protestations, with his arms clasped about the dog's neck, when the father of the family came in from work.

The parent demanded to know what the blazes they were making the kid howl for. It was explained in many words that the infernal kid wanted to introduce a disreputable dog into the family.

A family council was held. On this depended the dog's fate, but he in no way heeded, being busily engaged in chewing the end of the child's dress.

The affair was quickly ended. The father of the family, it appears, was in a particularly savage temper that evening, and when he perceived that it would amaze and anger everybody if such a dog were allowed to remain, he decided that it should be so. The child, crying softly, took his friend off to a retired part of the room to hobnob with him, while the father quelled a fierce rebellion of his wife. So it came to pass that the dog was a member of the household.

He and the child were associated together at all times save when the child slept. The child became a guardian and a friend. If the large folk kicked the dog and threw things at him, the child made loud and violent objections. Once when the child had run, protesting loudly, with tears raining down his face and his arms outstretched, to protect his friend, he had been struck in the head with a very large saucepan from the hand of his father, enraged at some seeming lack of courtesy in the dog. Ever after, the family were careful how they threw things at the dog. Moreover, the latter grew very skilful in avoiding missiles and feet. In a small room containing a stove, a table, a bureau and some chairs, he would display strategic ability of a high order, dodging, feinting and scuttling about among the furniture. He could force three or four people armed with brooms, sticks and handfuls of coal, to use all their ingenuity to get in a blow. And even when they did, it was seldom that they could do him a serious injury or leave any imprint.

But when the child was present, these scenes did not occur. It came to be recognized that if the dog was molested, the child would burst into sobs, and as the child, when started, was very riotous and practically unquenchable, the dog had therein a safeguard.

However, the child could not always be near. At night, when he was asleep, his dark-brown friend would raise from some black corner a wild, wailful cry, a song of infinite lowliness and despair, that would go shuddering and sobbing among the buildings of the block and cause people to swear. At these times the singer would often be chased all over the kitchen and hit with a great variety of articles.

Sometimes, too, the child himself used to beat the dog, although it is not known that he ever had what could be truly called a just cause. The dog always accepted these thrashings with an air of admitted guilt. He was too much of a dog to try to look to be a martyr or to plot revenge. He received the blows with deep humility, and furthermore he forgave his friend the moment the child had finished, and was ready to caress the child's hand with his little red tongue.

When misfortune came upon the child, and his troubles overwhelmed him, he would often crawl under the table and lay his small distressed head on the dog's back. The dog was ever sympathetic. It is not to be supposed that at such times he took occasion to refer to the unjust beatings his friend, when provoked, had administered to him.

He did not achieve any notable degree of intimacy with the other members of the family. He had no confidence in them, and the fear that he would express at their casual approach often exasperated them exceedingly. They used to gain a certain satisfaction in underfeeding him, but finally his friend the child grew to watch the matter with some care, and when he forgot it, the dog was often successful in secret for himself.

So the dog prospered. He developed a large bark, which came wondrously from such a small rug of a dog. He ceased to howl persistently at night. Sometimes, indeed, in his sleep, he would utter little yells, as from pain, but that occurred, no doubt, when in his dreams he encountered huge flaming dogs who threatened him direfully.

His devotion to the child grew until it was a sublime thing. He wagged at his

പ്രഭാഷണം



# ഗുരുദേവ ദർശനവും ലോകസമാധാനവും

മതവും സ്വീകരിക്കാം എന്ന കാഴ്ചപ്പാടുണ്ട്. മനുഷ്യത്വമാണ് മതത്തിന് അടിസ്ഥാനമെന്ന് ഗുരു ഓർമിപ്പിക്കുന്നതും ശ്രദ്ധിക്കണം. 'വിദ്യകൊണ്ട് പ്രബുദ്ധരാവുക, സംഘടനകൊണ്ട് ശക്തരാവുക' എന്നു പറയുമ്പോൾ, അതു ലോകത്തോടാണു പറയുന്നത്. അറിവും ഐക്യവും അതുവഴി രൂപപ്പെടുന്ന മതബോധവും ലോകത്തെ സമാധാനത്തിലേക്ക് നയിക്കും എന്ന കാഴ്ചപ്പാട് സർവർക്കും ആദരണീയമാണല്ലോ. 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന ദർശനത്തിൽ ഗുരു ശ്രദ്ധ വെയ്ക്കുന്നത് 'മനുഷ്യന്' എന്ന പ്രയോഗത്തിലാണെന്നും ഓർക്കണം. മനുഷ്യനാവുക എന്നതാണ് ഏറ്റവും വലിയ കാര്യം. അറിവിലും പരസ്പര സ്നേഹത്തിലുമാണ് മനുഷ്യത്വം കുടികൊള്ളുന്നത്. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിറഞ്ഞ ഒരു കാലഘട്ടത്തിൽനിന്ന് ഇരുപതാം നൂറ്റാണ്ടിലേക്ക് കേരളം ചുവടു വെച്ചപ്പോള്, കൈപിടിച്ചു കൂടെ നടക്കാൻ, വീഴാതെ നോക്കാൻ ഒരു ഗുരു ഉണ്ടായി എന്നത് മലയാളിയുടെ ഭാഗ്യമാണ്. പാരമ്പര്യബോധവും ആധുനിക ചിന്തയും ശ്രീനാരായണഗുരു ഉൾക്കൊണ്ടതിന്റെ ഫലമാണ് മലയാളികൾക്ക് ലോകത്തിനുമുമ്പിൽ ലഭിച്ച അന്തസ്സ്.

ഗുരുവിനെ കണ്ടു സംസാരിക്കാൻ ഗാന്ധിജിയും ടാഗോറും സി.എഫ്. ആൻഡ്രൂസും എത്തിയിട്ടുണ്ട്. വിപ്ലവകാരികളും യുക്തിവാദികളും നിരീശ്വരവാദികളും മതവാദികളും ശ്രീനാരായണഗുരുവിന്റെ വാക്കുകൾ ശ്രദ്ധിച്ചിട്ടുണ്ട്. ഒരു മതത്തേയും ഗുരു അനാദരിച്ചില്ല എന്നത് ഗുരുമഹത്വമായി കണ്ടറിയണം. ലോകത്തിന്റെ മാറ്റം വിശാലമായ ഉൾക്കാഴ്ചയോടെ അദ്ദേഹം മനസ്സിലാക്കിയിരുന്നു. ആധുനിക വിദ്യാഭ്യാസം നേടുന്നതിനായി കുമാരനാശാനെ കൊൽക്കത്തയിൽ അയച്ചു പഠിപ്പിച്ചു. നടരാജഗുരുവിനെ വിദേശത്തേക്ക് അയച്ചു പഠിപ്പിച്ചു. ലോകത്തിന്റെ കാഴ്ചപ്പാടിൽ കേരളം എന്താണെന്ന് പുതിയ തലമുറ അറിയണമെന്ന് ഗുരു ചിന്തിച്ചിരുന്നു. ഗുരുവിന്റെ ലോകദർശനം തിരിച്ചറിഞ്ഞ ജോൺ സ്പിയേഴ്സിനെപ്പോലെയുള്ള വിദേശികൾ പില്ക്കാലത്ത് ഉണ്ടായി. കാലത്തിനനുസരിച്ച് മാറാൻ ശ്രീനാരായണഗുരുവിനു കഴിഞ്ഞു എന്ന് ജോൺ സ്പിയേഴ്സ് ചൂണ്ടിക്കാണിക്കുന്നു– 'എന്റെ മനസ്സിൽ പതിഞ്ഞ നാരായണഗുരുവിന്റെ സ്വരൂപം സദാ മാറിക്കൊണ്ടിരുന്നു എന്ന വിശേഷമുണ്ട്.' വർഷങ്ങൾ കടന്നുപോകുന്തോറും അതിന് പുതിയ പുതിയ അർത്ഥങ്ങൾ കിട്ടാൻ തുടങ്ങി എന്നും ജോൺ സ്പിയേഴ്സ് എഴുതി. ലോകം മാറുന്നതിന് അനുസരിച്ച് ഗുരുവും മാറുന്നു എന്നർത്ഥം. ഏതു മാറ്റത്തിനും നന്മയും സമാധാനവും പ്രസരിപ്പിക്കുന്ന കാഴ്ചപ്പാട് ഗുരുദർശനത്തിലുണ്ട് എന്നത് അനിവാര്യമാണെന്ന ചിന്ത അംബേദ്കർ അടക്കമുള്ളവർ മുന്നോട്ടുവെച്ചിട്ടുള്ളത് ഗുരുവിനോട് ബന്ധപ്പെടുത്തി നോക്കിയാൽ, യാഥാർത്ഥ്യമായിത്തീരുന്നതു കാണാം.

ആധുനിക വിദ്യാഭ്യാസവും ജീവിതരീതികളും പരിചയപ്പെട്ടു തുടങ്ങിയ പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തെ പഠിച്ചുകൊണ്ടാണ് ശ്രീനാരായണഗുരു പുതിയ കേരളത്തെക്കുറിച്ച് ആലോചിച്ചത്. ലോകത്തിന്റെ കാഴ്ചപ്പാടിലുള്ള കേരളമായിരുന്നു ഗുരുവിന്റെ മനസ്സിൽ. ആശയപ്രചാരണത്തിനായി പ്രസിദ്ധീകരണങ്ങൾക്കും അച്ചടിശാലകൾക്കും അദ്ദേഹം വലിയ പിന്തുണ നൽകി. ഗുരുവിന്റെ കാലത്ത് വിവേകോദയം, പ്രബുദ്ധസിംഹളൻ, ധർമം തുടങ്ങിയ നിരവധി ആനുകാലികങ്ങൾ ഗുരുവിന്റെ സഞ്ചാരങ്ങൾക്കും വാക്കുകൾക്കും പുറകേ തന്നെയുണ്ടായിരുന്നു. ഗുരുവിന്റെ യാത്രകളുടെ വിശദമായ റിപ്പോർട്ടുകളും മറ്റും മനോരമ കൃത്യമായി പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്നത് ചാരിതാർത്ഥ്യമാണ്.

1910ൽ, ചെറായിയിൽ നടത്തിയ പ്രസംഗത്തിൽ സാഹിത്യസംഘടനകളും വായനശാലകളും ഓരോരോ പ്രദേശങ്ങളിലും പ്രത്യേകം പ്രത്യേകം ഉണ്ടായിരിക്കേണ്ടതും അതുകൾമൂലം വിദ്യാഭ്യാസവിഷയത്തിൽ സമുദായത്തിനു വളരെ അഭിവൃദ്ധി ഉണ്ടാക്കുവാൻ ഇടയുള്ളതുമാകുന്നു' എന്ന് ഗുരു എടുത്തു പറയുന്നത് ശ്രദ്ധിക്കണം. അറിവിനെ ജനകീയമാക്കുന്നതിൽ പത്രമാധ്യമങ്ങൾക്കുള്ള പങ്ക് തിരിച്ചറിഞ്ഞ ഗുരു, ലോകത്തിന്റെ കണ്ണാടിയായി വായനശീലത്തെ കണ്ടിരുന്നു. അറിവാണ് അഭിപ്രായമുണ്ടാക്കുന്നത്. എല്ലാ അഭിപ്രായങ്ങളും വിലയിരുത്തി എല്ലാവർക്കും സമ്മതമായ അഭിപ്രായത്തിലെത്തുന്നതാണ് ശരി എന്ന നിലപാട് ഏതു സന്ദർഭത്തിലും ഗുരു സ്വീകരിച്ചിട്ടുണ്ടല്ലോ. ലോകനന്മയ്ക്കും സമാധാനത്തിനും ഗുരുവിന്റെ ഈ പ്രായോഗിക യുക്തി തന്നെയാണ് ശരി. ഗുരുവിനെ പിൻതുടർന്നാൽ ശരിയിലെത്താം എന്നാണല്ലോ ഇവിടെ വ്യക്തമാകുന്നത്. ക്രിസ്തുമതം സ്വീകരിച്ച ജോൺ ധർമതീർത്ഥർ എന്ന ഗുരുശിഷ്യൻ അരമനയിൽ ഗുരുവിന്റെ ചിത്രം വച്ചു. അതിനെ എതിർത്തവരോട് ധർമതീർത്ഥർ പറഞ്ഞതിങ്ങനെയാണ്: 'ഞാൻ മതം മാത്രമേ മാറിയിട്ടുള്ളു. ഗുരുവിനെ മാറിയിട്ടില്ല.'

'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന ഗുരുവിന്റെ ലോകദർശനമാണ് ഇവിടെ പ്രസക്തമാകുന്നത്.

കവിത

രാജീവ് ആലുങ്കൽ



## ഉറക്കം

ഉറക്കമോരോന്നുമുണരുവാനുള്ള
കിട്ടക്കലാണെന്നു തിരിച്ചിഞ്ഞു ഞാൻ
കിടക്കലോരോന്നും ഇരുട്ടിൽ നിന്നുള്ള
വിടുതൽ തേടുന്ന തപസ്സുമാക്കി ഞാൻ.

ഉടഞ്ഞകണ്ണട, ഉരഞ്ഞ തൂലിക
ഉടലിനോടൊത്തുമുഷിഞ്ഞ പൊന്നാട
പുളച്ച സ്നേഹത്തെ വിളമ്പിവെച്ചൊരീ
കളഞ്ഞുകിട്ടിയ ഹൃദയപാത്രങ്ങൾ.

കുളിച്ചുകേറിയിട്ടടുക്കലെത്തുമ്പോൾ
വളിച്ചുനാറുന്ന കൊഴുത്ത ചിന്തകൾ
വെളുത്ത പാണ്ടുമായ് അലഞ്ഞ സ്വപ്നങ്ങൾ
വിലക്കുമാറ്റാതെ കയർത്ത കാലങ്ങൾ

വാക്കുമർത്ഥവും ക്ഷയിച്ചയാത്മാവിൽ
വിളക്കുകത്താത്ത വികൃതസന്ധ്യകൾ
പിനിയിലും സ്നേഹപ്പരുക്കിലും വല്ലാ-
തുലഞ്ഞുപോയൊരു പ്രണയകാന്തികൾ

വിശന്നപകലിനു വിലങ്ങുചാർത്തുവാൻ
വിളിച്ചുചൊല്ലുമീ നരച്ചബന്ധങ്ങൾ
കടുത്തവേനലിൽ ദുഷിച്ച രക്തത്തെ
വിയർത്തുവേവുന്ന കദനരൂപങ്ങൾ

പുതിയകാലത്തിൻ സൂര്യനാകുവാൻ
പുളകതീവ്രത തിളച്ചുതുള്ളണം
പരുത്ത ജാതകം മിനുത്തതാക്കുവാൻ
പതുക്കെയെങ്കിലും ഉണർന്നെണീയ്ക്കണം.

## IMPORTANTS OF FEBRUARAY

| | |
|---|---|
| 1 | - Indian Coast Guard Day |
| 2 | - World Wetlands Day |
| | - Kala Ghoda Arts Festival |
| 4 | - World Cancer Day |
| | - National Day of Sri Lanka |
| 7 | - Internat2ional Development Week |
| 12 | - Darwin Day |
| | - Abraham Lincoln's Birthday |
| 13 | -Sarojini Naidu's Birth Anniversary |
| 14 | - Saint Valentine's Day |
| 18 | - Taj Mahotsav |
| 20 | - World Day of Social Justice |
| 21 | - International Mother Language Day |
| 22 | - World Scout Day |
| 24 | - Central Excise Day |
| 27 | - World Sustainable Energy Day |
| 28 | - National Science Day |

# A DARK BROWN DOG

approach; he sank down in despair at his departure. He could detect the sound of the child's step among all the noises of the neighborhood. It was like a calling voice to him.

The scene of their companionship was a kingdom governed by this terrible potentate, the child; but neither criticism nor rebellion ever lived for an instant in the heart of the one subject. Down in the mystic, hidden fields of his little dog-soul bloomed flowers of love and fidelity and perfect faith.

The child was in the habit of going on many expeditions to observe strange things in the vicinity. On these occasions his friend usually jogged aimfully along behind. Perhaps, though, he went ahead. This necessitated his turning around every quarter-minute to make sure the child was coming. He was filled with a large idea of the importance of these journeys. He would carry himself with such an air! He was proud to be the retainer of so great a monarch.

One day, however, the father of the family got quite exceptionally drunk. He came home and held carnival with the cooking utensils, the furniture and his wife. He was in the midst of this recreation when the child, followed by the dark-brown dog, entered the room. They were returning from their voyages.

He was the picture of a little dark-brown dog en route to a friend.

The child's practised eye instantly noted his father's state. He dived under the table, where experience had taught him was a rather safe place. The dog, lacking skill in such matters, was, of course, unaware of the true condition of affairs. He looked with interested eyes at his friend's sudden dive. He interpreted it to mean: Joyous gambol. He started to patter across the floor to join him. He was the picture of a little dark-brown dog en route to a friend.

The head of the family saw him at this moment. He gave a huge howl of joy, and knocked the dog down with a heavy coffee-pot. The dog, yelling in supreme astonishment and fear, writhed to his feet and ran for cover. The man kicked out with a ponderous foot. It caused the dog to swerve as if caught in a tide. A second blow of the coffee-pot laid him upon the floor.

Here the child, uttering loud cries, came valiantly forth like a knight. The father of the family paid no attention to these calls of the child, but advanced with glee upon the dog. Upon being knocked down twice in swift succession, the latter apparently gave up all hope of escape. He rolled over on his back and held his paws in a peculiar manner. At the same time with his eyes and his ears he offered up a small prayer.

But the father was in a mood for having fun, and it occurred to him that it would be a fine thing to throw the dog out of the window. So he reached down and grabbing the animal by a leg, lifted him, squirming, up. He swung him two or three times hilariously about his head, and then flung him with great accuracy through the window.

The soaring dog created a surprise in the block. A woman watering plants in an opposite window gave an involuntary shout and dropped a flower-pot. A man in another window leaned perilously out to watch the flight of the dog. A woman, who had been hanging out clothes in a yard, began to caper wildly. Her mouth was filled with clothes-pins, but her arms gave vent to a sort of exclamation. In appearance she was like a gagged prisoner. Children ran whooping.

The dark-brown body crashed in a heap on the roof of a shed five stories below. From thence it rolled to the pavement of an alleyway.

The child in the room far above burst into a long, dirgelike cry, and toddled hastily out of the room. It took him a long time to reach the alley, because his size compelled him to go downstairs backward, one step at a time, and holding with both hands to the step above....they found him seated by the body of his dark-brown friend.

When they came for him later, they found him seated by the body of his dark-brown friend.




# അർബുദത്തിന്റെ ആദ്യലിഖിതങ്ങൾ

**സുരേന്ദ്രൻ ചുനക്കര**
പി.ആർ.ഒ. ആർസിസി, തിരുവനന്തപുരം

**മ**നുഷ്യകുലത്തോളം തന്നെ പഴക്കമുണ്ട് രോഗങ്ങൾക്കും. ആദിമകാലം മുതൽക്കുതന്നെ മനുഷ്യവംശത്തിന് ദുരിതകാണ്ഡങ്ങൾ സമ്മാനിച്ചു കൊണ്ട് രോഗങ്ങൾ കൂടെയുണ്ട്. ഒരുപക്ഷേ രോഗങ്ങൾക്കെതിരെയുള്ള മനുഷ്യന്റെ നിരന്തരമായ പോരാട്ടത്തിന്റെയും വിജയത്തിന്റെയും കഥയാണ് മനുഷ്യവംശചരിത്രമെന്നുതന്നെ പറഞ്ഞാലും തെറ്റില്ല.

മനുഷ്യന് സ്വന്തം ശരീരം എന്നും ഒരു നിഗൂഢതയായിരുന്നു. മനുഷ്യ ജിജ്ഞാസയെ വളർത്തിക്കൊണ്ട്, ശരീരം അതിന്റെ ആന്തരരഹസ്യങ്ങളുമായി മുന്നോട്ടുപോവുകയാണ്. വിജ്ഞാനത്തിന്റെ പവിത്രസംസ്കൃതിയ്ക്കുടമകളായിരുന്ന ഭാരതത്തിലും ഗ്രീസിലുമൊക്കെ മനുഷ്യശരീരവിജ്ഞാനീയം ഏറെ വളർച്ച പ്രാപിച്ചിരുന്നു.

ആയുർവേദമെന്ന സനാതന ആരോഗ്യശാസ്ത്രത്തിന്റെ പ്രയോക്താക്കളായിരുന്നു ചരകനും സുശ്രുതനും, ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഹിപ്പോക്രാറ്റ്സുമൊക്കെ ശരീരത്തിന്റെ രഹസ്യങ്ങൾ അനാവരണം ചെയ്യാനും രോഗസമസ്യകൾക്ക് ഉത്തരം കാണാനും ഒട്ടേറെ സംഭാവനകൾ ചെയ്തു.

**ആർ.സി.സിയിൽ മൂന്നു തവണയാണ് രാഘവൻപിള്ള ശസ്ത്രക്രിയയ്ക്ക് വിധേയനായത്. കൂടാതെ 40 ദിവസത്തോളം റേഡിയേഷനും. രോഗം മറ്റുഭാഗത്തേക്ക് വ്യാപിച്ചതിനാൽ കീമോ തെറാപ്പിയും വേണ്ടിവന്നു. കഴിഞ്ഞ ഒന്നര വർഷമായി ആർ.സി.സിയിലെ രോഗിയാണ് ഈ നാടൻ തൊഴിലാളി. ഇപ്പോൾ രാഘവൻപിള്ളയ്ക്ക് എല്ലാം മനസ്സിലാകുന്നുണ്ട്. നേരിയ നിറവ്യത്യാസം കണ്ടപ്പോൾ ഒരു ഡോക്ടറെ കണ്ടിരുന്നെങ്കിൽ അത് ചുരണ്ടിക്കളയുന്ന കാര്യമേയുള്ളായിരുന്നു എന്ന് രാഘവൻപിള്ള ഇപ്പോൾ പറയുന്നു. പക്ഷേ താമസിച്ചുപോയി.**

സ്റ്റെതസ്കോപ്പിന്റെ പ്രാഗ്രൂപമായ കുഴലുകൾ പ്രചാരത്തിലായതോടെ




രോഗനിർണ്ണയ സമ്പ്രദായത്തിൽ വൻവിപ്ലവമുണ്ടായി. ഗ്രന്ഥികൾ പരിശോധിച്ചറിയാനും ശസ്ത്രക്രിയ നടത്താനുമൊക്കെ തനതു സങ്കേതങ്ങൾ ആവിഷ്കരിക്കാൻ ഈ ചരിത്രപുരുഷന്മാർക്കു കഴിഞ്ഞു. രോഗങ്ങൾക്കെതിരെ പടനയിക്കാനും വിജയധ്വജം നാട്ടാനും അവർക്കു കഴിഞ്ഞു. പക്ഷേ അവർ തുടങ്ങിവച്ച ചില അന്വേഷണങ്ങളും നിരീക്ഷണങ്ങളും അവർ ഉന്നയിച്ച ചോദ്യങ്ങളും ഇന്നും പ്രസക്തമായിത്തുടരുന്നു. അതിലൊന്നാണ് അർബുദത്തെക്കുറിച്ചുള്ള ചോദ്യം.

അതിപുരാതനമായ രോഗമാണ് അർബുദം. മനുഷ്യരിൽ ഭീതിവളർത്തിയിരുന്ന ഈ രോഗത്തെക്കുറിച്ച് വൈദ്യശാസ്ത്രത്തിന്റെ ആദ്യലിഖിതങ്ങളിൽ തന്നെ പരാമർശമുണ്ട്. അസ്ഥികളുടെ ഫോസിലുകളിലും പുരാതന ഈജിപ്തിലെ മമ്മികളിലും ബോൺ കാൻസർ തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. ക്രിസ്തുവിനു മുമ്പ് 1600 ൽത്തന്നെ അർബുദത്തെക്കുറിച്ചുള്ള അറിവുകൾ രേഖപ്പെടുത്തിയിരുന്നു.

ഹിപ്പോക്രാറ്റസാണ് ഈ രോഗത്തെ കാർസിനോമ എന്ന് പേരിട്ടു വിളിച്ചത്. ഞണ്ടിന്റെ നഖരങ്ങൾപോലെ ചുറ്റിലും പടരുന്ന സവിശേഷതയായിരിക്കണം ഈ രോഗത്തിന് ഇങ്ങനെയൊരു പേരു നൽകാൻ കാരണം.

ആദികാലം മുതൽക്കുതന്നെ അർബുദത്തിന്റെ കാരണം കണ്ടെത്താൻ ശ്രമമുണ്ടായിരുന്നു. ഇതിന്റെ ഫലമായി അശാസ്ത്രീയവും അർദ്ധശാസ്ത്രീയവുമായ ഒട്ടനവധി സിദ്ധാന്തങ്ങൾ ഉണ്ടായി. ഈജിപ്തുകാർ കാൻസറിനു കാരണക്കാരനായി കുറ്റപ്പെടുത്തിയത് ദൈവത്തെയായിരുന്നു!

ആധുനിക വൈദ്യശാസ്ത്രം കാൻസർ ചികിത്സയിൽ ഏറെ മുന്നോട്ടുപോയെങ്കിലും കാൻസറിനെക്കുറിച്ചുള്ള അന്ധവിശ്വാസങ്ങളും ഭീതിയും സമൂഹത്തിൽ നിന്ന് പൂർണ്ണമായും മാറിയിട്ടില്ല. ഇപ്പോഴും കാൻസർ നമുക്കു മരണത്തിന്റെ വില്പനക്കാരനാണ്!

അയൽപക്കത്ത് ഒരു കാൻസർ രോഗി മരിക്കുമ്പോൾ ഈ രോഗത്തെ കഠിനപദങ്ങൾ കൊണ്ട് ശകാരിക്കുന്നവർ, കാൻസറിനെ തോല്പിച്ച് ജീവിതത്തിലേക്കു തിരിച്ചുവന്നവരെക്കുറിച്ച് അറിയുന്നില്ല. ഹൃദ്രോഗം, അപകടങ്ങൾ എന്നിവ മൂലം മരിക്കുന്നവരെക്കാൾ കുറവാണ് കാൻസർ മൂലം മരിക്കുന്നവർ.

കാൻസർ വന്നാൽ രക്ഷപ്പെടുകയില്ലെന്ന് കരുതുന്നവരുണ്ട്. എന്നാൽ, തക്കസമയത്തുള്ള രോഗനിർണ്ണയവും ചികിത്സയും കൊണ്ട് നമുക്കീ രോഗത്തെ അതിജീവിക്കാം. പക്ഷേ, അതിനു കഴിയണമെങ്കിൽ ശരീരത്തിന്റെ സ്വഭാവങ്ങളെക്കുറിച്ചും അസ്വഭാവികതകളെക്കുറിച്ചും ജാഗ്രത പുലർത്തണം. ഇവിടെയാണ് അർബുദവിജ്ഞാനത്തിന്റെ പ്രസക്തി. കാൻസർ ഇന്ന് ആഗോളപൊതുജനാരോഗ്യപ്രശ്നമാണ്. വികസിത രാജ്യങ്ങളായ അമേരിക്ക, ബ്രിട്ടൻ, യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ ഒരു ലക്ഷത്തിൽ 450ൽപ്പരം പേർക്ക് കാൻസർ ബാധിക്കുമ്പോൾ ഇന്ത്യയിൽ അത് 150ൽ താഴെയാണ്. കേരളത്തിൽ പ്രതിവർഷം 50,000 ത്തിൽ പരം പേർക്ക് കാൻസർ പിടിപെടുന്നതായാണ് കണക്ക്.

പകർച്ചവ്യാധി നിയന്ത്രിച്ചതുമൂലം ആയുർദൈർഘ്യത്തിനുണ്ടായ വർദ്ധനവ്, യാന്ത്രികമായ ജീവിതശൈലി, രാസികങ്ങൾ അടങ്ങിയ ഭക്ഷണപദാർത്ഥങ്ങൾ, പരിസ്ഥിതി മലിനീകരണം തുടങ്ങി നിരവധി പ്രശ്നങ്ങൾ മൂലം കാൻസർ ഇവിടെയും വർദ്ധിക്കുമെന്നാണ് സൂചന. പ്രാരംഭദശയിൽ തന്നെ രോഗം കണ്ടെത്തുക എന്നതാണ് കാൻസർ ചികിത്സയിലെ മർമ്മപ്രധാനമായ കാര്യം. പക്ഷേ, ആധുനിക വൈദ്യശാസ്ത്രം ഏറെ പുരോഗമിച്ചിട്ടും അതിന്റെ സദ്ഫലങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയാത്തവർ നമുക്കിടയിലുണ്ട്. തക്കസമയത്ത് ആരോഗ്യവിജ്ഞാനീയം ലഭിച്ചിരുന്നെങ്കിൽ ഒഴിവാക്കാമായിരുന്ന ദുരന്തങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുന്നവരുമുണ്ട്.

നന്നായി പുകവലിക്കുകയും അതിലും നന്നായി മദ്യപിക്കുകയും ചെയ്തിരുന്ന രാഘവൻപിള്ള തന്റെ ജീവിതരീതിയേയും അലസതയേയും കുറിച്ച് ഇന്ന് പശ്ചാത്താപ വിവശനാണ്. ഒരുപക്ഷേ, അതീവ ലളിതമായ ഒരു ശസ്ത്രക്രിയകൊണ്ട് പരിഹരിക്കാൻ കഴിയുമായിരുന്ന കാൻസറായിരുന്നു രാഘവൻപിള്ളക്ക് പിടിപെട്ടത്. കവിളിന്റെ അകവശത്ത് കാൻസർ. പക്ഷേ, കാര്യമായ വേദനയൊന്നുമില്ലാത്തതുകൊണ്ട് കവിളിൽ കണ്ട വെളുത്ത പാട് അയാൾ അവഗണിച്ചു. നാലഞ്ചുമാസത്തോളം ഒരു കുഴപ്പവുമില്ലായിരുന്നു. പിന്നീട് ചെറിയ വേദന. തുടർന്ന് വലിയ വേദനയും വ്രണവുമൊക്കെയായപ്പോൾ അയാൾ ചാരായത്തിന്റെ അളവു കൂട്ടി. ഒട്ടും വയ്യ എന്ന ഘട്ടത്തിൽ നാട്ടുവൈദ്യന്റെ ചില പ്രയോഗങ്ങൾക്ക് നിന്നുകൊടുത്തു. ചുരുക്കത്തിൽ ഒരു വർഷം കഴിഞ്ഞ് ആർ.സി.സിയിൽ എത്തുമ്പോൾ കഴുത്തിലേക്ക് രോഗം വ്യാപിച്ചിരുന്നു എന്നു മാത്രമല്ല, കവിളിൽ ഒരു തുളയും വീണിരുന്നു. ആർ.സി.സിയിൽ മൂന്നു തവണയാണ് രാഘവൻപിള്ള ശസ്ത്രക്രിയയ്ക്ക് വിധേയനായത്. കൂടാതെ 40 ദിവസത്തോളം റേഡിയേഷനും. രോഗം മറ്റുഭാഗത്തേക്ക് വ്യാപിച്ചതിനാൽ കീമോ തെറാപ്പിയും വേണ്ടിവന്നു. കഴിഞ്ഞ ഒന്നരവർഷമായി ആർ.സി.സിയിലെ രോഗിയാണ് ഈ നാടൻ തൊഴിലാളി. ഇപ്പോൾ രാഘവൻപിള്ളയ്ക്ക് എല്ലാം മനസ്സിലാകുന്നുണ്ട്. നേരിയ നിറവ്യത്യാസം കണ്ടപ്പോൾ ഒരു ഡോക്ടറെ കണ്ടിരുന്നെങ്കിൽ അത് ചുരണ്ടിക്കളയുന്ന കാര്യമേയുള്ളായിരുന്നു എന്ന് രാഘവൻപിള്ള ഇപ്പോൾ പറയുന്നു. പക്ഷേ താമസിച്ചുപോയി.

രോഗം ഒരധികാരിയെപ്പോലെ തങ്ങളെ ഭരിക്കാൻ തുടങ്ങുമ്പോഴാണ് പലരും ആശുപത്രിയിൽ എത്തുക. ഈ ഘട്ടത്തിൽ ലഭിക്കുന്ന ചികിത്സ ഒരുപക്ഷേ ഉദ്ദേശിച്ച ഫലം നൽകിയില്ലെന്നുവരും. ഇവിടെയാണ് വിജ്ഞാനവ്യാപനത്തിന്റെ പ്രസക്തി. കാൻസറിനെക്കുറിച്ചറിയേണ്ട കാര്യങ്ങൾ വേണ്ടസമയത്ത് അറിഞ്ഞിരുന്നാൽ ആരോഗ്യവും സമ്പത്തും സംരക്ഷിക്കുവാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. അനാരോഗ്യം ശാപമാണെന്ന തിരിച്ചറിവിലൂടെ മാത്രമെ ആരോഗ്യത്തെക്കുറിച്ചുള്ള സാർത്ഥക ചിന്തകൾ മനസ്സിലേക്കു വരൂ.

കൃത്യസമയത്ത് ചികിത്സിച്ചിരുന്നെങ്കിൽ, ലഘുചികിത്സകൾകൊണ്ട് പരിഹരിക്കാമായിരുന്ന രോഗങ്ങൾ സങ്കീർണ്ണമായ ചികിത്സാമുറകൾ കൊണ്ടുപോലും പരിഹരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ഒഴിവാക്കപ്പെടേണ്ടതുതന്നെയാണെന്ന് രാഘവൻപിള്ള നമ്മോടു പറഞ്ഞുകൊണ്ടേയിരിക്കുന്നു. രാഘവൻപിള്ളമാരുടെ വാക്കുകൾക്ക് നാം കാതുകൊടുത്തേ തീരൂ...